പഞ്ചായത്ത് രാജ്

പുസ്തകം 54 ◆ ലക്കം 1

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2014

അങ്കണോദ്യാനങ്ങളും ആരോഗ്യവും

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

20
ഗ്രാമ പഞ്ചായത്തുകളിലൂടെ

22
ഹരിതോത്സവം – ജനകീയോത്സവം

5
എഡിറ്ററുടെ പേജ്

6-7
അങ്കണോദ്യാനങ്ങളും ആരോഗ്യവും
ഡോ. എം.കെ. മുനീർ

8
ഇന്ത്യയിലെ തെരഞ്ഞെടുപ്പ് നിയമങ്ങൾ
എസ്.കെ. മെന്ദിരെത്ത

11
ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പഞ്ചായത്തിൽ സാധ്യമോ?
ഡോ. ജെ.ബി. രാജൻ & ബിജു.എസ്.കെ.

20
പരമാധികാരം ജനങ്ങൾക്ക് തന്നെ
നിയമദൃഷ്ടി
ജോൺ എസ്. ജെയിംസ്

17
അങ്ങാടിക്കുരുവി; ഒരു ദിനവും കുറെ ചിന്തകളും
സാബു കുരിയൻ ജോൺ

25
പഞ്ചായത്തിലെ മറ്റ് നിർവ്വഹണോദ്യോഗസ്ഥരും ബാധ്യത/ബാധ്യത രഹിത സർട്ടിഫിക്കറ്റും

26
ജലസഹകരണ വർഷത്തിന് തിരശ്ശീല വീഴുമ്പോൾ
വി.കെ. ശ്രീധരൻ

28
പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

32
റിപ്പോർട്ട്
മരം ഒരു വരം
വി.എസ് ബിജുകുമാർ

35
സുസ്ഥിര വിനോദ സഞ്ചാരം കോവളം
ഡോ. കെ. പരമേശ്വരൻ



38
ചൈനയിലെ പുര
ഡോ. പി.പി. ബാലൻ

കിലയിലെ ചൈൽഡ് റിസോഴ്സ് സെന്ററിന് യൂണിസെഫ് സഹായം തുടരും

കിലയിൽ ചേർന്ന യൂണിസെഫ്-സി.ആർ.സി അവലോകനയോഗം

കിലയിൽ പ്രവർത്തിച്ചു വരുന്ന ചൈൽഡ് റിസോഴ്സ് സെന്ററിനു അടുത്ത മൂന്നു വർഷത്തേക്കുകൂടി സാമ്പത്തിക സഹായം നൽകാൻ യൂണിസെഫ് തീരുമാനിച്ചു. കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കിലയിൽ ചേർന്ന അവലോകനയോഗത്തിനു ശേഷമാണ് തീരുമാനം. ചൈൽഡ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി നിർണ്ണയിക്കുന്നതിന് യൂണിസെഫ് സംഘം മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് സന്ദർശിക്കുകയുണ്ടായി. കുട്ടികൾക്കുവേണ്ടി പഞ്ചായത്ത് ഏർപ്പെടുത്തിയ മെന്റൽ ഹെൽത്ത് പരിപാടി, അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഇടപെടൽ, സ്കൂൾ കുട്ടികൾക്കായുള്ള കോഴികുഞ്ഞു വിതരണം, കാർഷിക വിത്തുവിതരണം, അങ്കണവാടി കുട്ടികളുടെ സംയോജിത ശിശുദിനാഘോഷം തുടങ്ങിയവയെക്കുറിച്ച് പഞ്ചായത്ത് അധികൃതരുമായി ചർച്ച നടത്തുകയും പരിണിത ഫലങ്ങൾ വിലയിരുത്തുകയും ചെയ്തു.

കിലയിൽ നിർമ്മാണത്തിലിരിക്കുന്ന ഗാന്ധി ഗ്രാമസ്വരാജ് ആർട്ട് ഗലറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്താൻ എത്തിയ മന്ത്രി ഡോ. എം.കെ. മുനീർ ഗലറിയിലെ ചിത്രങ്ങൾ നോക്കി കാണുന്നു.

യുണിസെഫ് ചെന്നൈ യൂണിറ്റ് മേധാവി ഡോ. സതീഷ് കുമാർ, ഡോ. അകില, ഡോ. നാഗരാജ് (ഏഷ്യൻ സ്കൂൾ ഓഫ് ജേർണലിസം), ഡോ. കെ.ആർ.ആന്റണി തുടങ്ങിയവർ അവലോകനയോഗത്തിൽ പങ്കെടുത്തു. കില ഡയറക്ടർ ഡോ. പി.പി ബാലൻ ആമുഖ പ്രഭാഷണം നടത്തി. സി.ആർ.സി ചീഫ് ഡോ. പീറ്റർ എം. രാജ്, കൺസൽട്ടന്റ് കെ.എൽ.സുധാമണി, എം.ജി. കാളിദാസൻ എന്നിവർ സംസാരിച്ചു. കില ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, അക്കൗണ്ട്സ് ഓഫീസർ ആർ. ഗിരിജാദേവി എന്നിവർ സന്നിഹിതരായിരുന്നു.

കിലയിൽ ചേർന്ന കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിൽ പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ സംസാരിക്കുന്നു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2014
പുസ്തകം 54
ലക്കം 1
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ
എ. സെയിദ്
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

2014-15 പുതിയ സാമ്പത്തിക വർഷത്തിലേക്കു കടന്നിരിക്കുകയാണ് നാം. ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ചടത്തോളം ഓരോ സാമ്പത്തിക വർഷവും പൂർത്തീകരിക്കേണ്ട ധാരാളം പ്രവൃത്തികൾ ഉണ്ടായിരിക്കും. പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണം, നികുതി പിരിവ്, ലേല നടപടികൾ, ലൈസൻസുകൾ പുതുക്കി നൽകൽ, വരുംവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങൽ, വർഷാന്ത്യകണക്കുകൾ ആഡിറ്റിന് സമർപ്പിക്കൽ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ അതാതു സാമ്പത്തിക വർഷം തന്നെ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതിനാൽ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ചു മാസത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തിരക്കുപിടിച്ച സമയമായിരിക്കും. ഇത്തവണ ലോക്സഭാ തെരഞ്ഞെടുപ്പുകൂടി വന്നതോടെ തിരക്കുകുറച്ചുകൂടി വർദ്ധിക്കുകയാണ് ഉണ്ടായത്. എന്നിരുന്നാലും ലഭ്യമായ കണക്കുകൾ പ്രകാരം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പദ്ധതി പ്രവർത്തനങ്ങളും മറ്റും കാര്യക്ഷമമായി പൂർത്തീകരിച്ചതായി കാണുന്നു. പദ്ധതി പൂർത്തീകരണം 100% ലക്ഷ്യമിട്ടിരുന്നെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പല പദ്ധതികളും നമുക്കു പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. എങ്കിൽ പോലും കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 84% പദ്ധതി തുക ചെലവഴിച്ചു. കഴിഞ്ഞ എട്ട് വർഷത്തെ ചെലവിനേക്കാളും കൂടുതൽ പദ്ധതി തുകയാണ് ഈ വർഷം നമുക്ക് വിനിയോഗിക്കാൻ സാധിച്ചത്. ഈ നേട്ടത്തിന് സഹകരിച്ച എല്ലാ ഗ്രാമപഞ്ചായത്തുകളേയും അനുമോദിക്കുന്നു. അതോടൊപ്പം ISO അംഗീകാരം നേടിയ പത്ത് ഗ്രാമപഞ്ചായത്തുകളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

പ്രാദേശീക സർക്കാരുകളായി മാറിക്കഴിഞ്ഞ ഗ്രാമപഞ്ചായത്തുകൾ സാമ്പത്തിക വർഷാവസാനത്തെ തിരക്കു കഴിഞ്ഞു പുതിയവ തുടങ്ങുന്നതിനു കുറച്ചു സാവകാശത്തിലാകാം എന്ന ചിന്ത ഉണ്ടാകരുത്. അങ്ങനെയുണ്ടായാൽ പ്രാദേശിക സർക്കാർ എന്ന സങ്കല്പം തന്നെ അസ്ഥാനത്താകും. അങ്ങനെ ഒരിക്കലും ഉണ്ടാകാൻ പാടില്ല. നടപ്പ് സാമ്പത്തിക വർഷം 100% പദ്ധതി വിനിയോഗം പ്രാവർത്തികമാക്കും എന്ന ദൃഢനിശ്ചയത്തോടെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

2014-15 സാമ്പത്തിക വർഷം 92 ഗ്രാ:പ: പദ്ധതി അംഗീകാരം വാങ്ങി ഏപ്രിൽ 1 മുതൽ പദ്ധതി നടത്തിപ്പ് ആരംഭിക്കാൻ യോഗ്യത നേടിക്കഴിഞ്ഞു. ഇത് ചരിത്ര നേട്ടമാണ്. എന്നാൽ നാളിതുവരെയും പദ്ധതികൾക്ക് അംഗീകാരം നേടാത്ത ഗ്രാ:പ: അതു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കാൻ കഴിയാത്തവർ കുടിശ്ശിക രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കി കുടിശ്ശിക നികുതി പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്. അതുപോലെ വർഷാന്ത്യ കണക്കുകൾ കൃത്യതയോടെ യഥാസമയം തന്നെ ആഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ അക്കൗണ്ടന്റുമാർ പ്രത്യേകം ശ്രദ്ധിക്കണം.

തെരഞ്ഞെടുപ്പു ജോലികൾക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ ഉത്തരവാദിത്വത്തോടെ ആ ജോലികൾ നിർവ്വഹിക്കുന്നതോടൊപ്പം സമയം കണ്ടെത്തി ഗ്രാമപഞ്ചായത്തു കാര്യാലയത്തിലെ ജോലികളും നിർവ്വഹിക്കാൻ ശ്രമിക്കേണ്ടതാണ്. വേനൽക്കാലം വരും നാളുകളിൽ ശക്തിപ്പെടാനാണ് സാധ്യത. ജലക്ഷാമം രൂക്ഷമാകുന്ന അവസ്ഥ മുൻ വർഷങ്ങളിലെപ്പോലെ ഇപ്പോഴും അനുഭവപ്പെടാൻ സാധ്യതയേറെയാണ്. പ്രാദേശിക സർക്കാർ എന്ന നിലയിൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ നമുക്ക് ബാധ്യതയുണ്ട്. കുടിവെള്ള വിതരണത്തിനുവേണ്ടി നൽകിയ സർക്കുലർ പ്രകാരം കാലേക്കൂട്ടി നടപടികൾ സ്വീകരിച്ച് ജനപ്രതിനിധികളുമായി സഹകരിച്ച് പരാതിക്ക് ഇടം നൽകാതെ കുടിവെള്ള വിതരണം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതേപോലെ വരൾച്ച കഴിഞ്ഞു വർഷകാലം വരുമ്പോൾ കേരളത്തിൽ പകർച്ച പനിയും സാംക്രമിക രോഗങ്ങളും പടർന്നു പിടിക്കുന്നതാണ് മുൻ അനുഭവം, ഇത്തവണ അത്തരം രോഗങ്ങൾക്ക് തന്റെ ഗ്രാമപഞ്ചായത്തിൽ പ്രവേശനം ഇല്ലായെന്ന് ദൃഢനിശ്ചയം ചെയ്തു ജനപ്രതിനിധികളുടെ സഹകരണത്തോടെ അതു സംബന്ധിച്ച് നൽകപ്പെട്ട സർക്കുലർ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണം ഭംഗിയായി നടത്താൻ ഓരോരുത്തരും ശ്രമിക്കണം. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ കൂടുതൽ ഉത്തരവാദിത്വത്തോടെ മഴക്കാലപൂർവ്വ ശുചീകരണം നടപ്പിലാക്കേണ്ടതാണ്.

എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

അങ്കണോദ്യാനങ്ങളും ആരോഗ്യവും

പോയ കാലങ്ങളിൽ നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും എല്ലാം ഉള്ള നമ്മുടെ പാർപ്പിട മുറ്റങ്ങളിൽ സസ്യലതാദികൾ വച്ചുപിടിപ്പിച്ചിരുന്നു. നമുക്ക് കൈമാറിക്കിട്ടിയ ഒരു പാരമ്പര്യമായിരുന്നു അത്. ഇത്തരം ഉദ്യാനങ്ങളിൽ കുളിർമ്മയും സുഗന്ധവും പരത്തുന്ന പൂക്കൾ നിറഞ്ഞ ചെടികൾക്കൊപ്പം തന്നെ ഔഷധച്ചെടികളും ഉണ്ടായിരുന്നു. ഒരു തുളസി ച്ചെടിയോ, ശതാവരിയോ, തെച്ചിയോ, കൂർക്കയോ, കയ്യൂന്നിയോ, ചങ്ങലംപരണ്ടയോ, ചെമ്പരത്തിയോ, കറ്റാർവാഴയോ, നെല്ലിയോ, മുരിങ്ങയോ ഇല്ലാത്ത ഗൃഹാങ്കണങ്ങൾ ഇല്ലായിരുന്നു എന്ന് തന്നെ പറയാം. സാധാരണ രോഗങ്ങൾക്കും മുറിവുകൾക്കും ഈ ഔഷധച്ചെടികൾ നമ്മൾ പ്രയോജനപ്പെടുത്തുകയും ചെയ്തു വന്നിരുന്നു. എന്നാൽ നമ്മുടെ സാമൂഹ്യവ്യവസ്ഥയിൽ വന്ന മാറ്റവും നഗരവൽക്കരണവും ഫ്ളാറ്റ് സംസ്കാരവും മറ്റും ഈ പാരമ്പര്യത്തിൽ നിന്ന് അകന്ന് സഞ്ചരിക്കാൻ കേരളീയൻ നിർബന്ധിതനായോ എന്ന് ശങ്കിക്കേണ്ട അവസ്ഥയിലാണ് നാം ഇന്ന്.

ആധുനിക കാലത്തും ആധുനിക ജീവിതക്രമത്തിലും കുറഞ്ഞപക്ഷം ഭക്ഷണത്തിന്റെ പരിശുദ്ധി ഉറപ്പാക്കുന്നതിലും പ്രാഥമിക രോഗങ്ങളുടെ ശമനത്തിനുമായി ഗൃഹാങ്കണങ്ങളിൽ ഔഷധസസ്യം ഉൾപ്പെടെ സസ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയും. ഗ്രാമത്തിലെ ഓരോ പൗരനുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്ന സംവിധാനം എന്ന നിലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് ഈ രംഗത്ത് ശ്രദ്ധേയമായ പങ്ക് വഹിക്കാൻ കഴിയും. നമ്മുടെ എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ ജൈവവൈവിധ്യ പരിപാലന സമിതികൾ (Bio diversity Management Committees) നിലവിലുണ്ട്. അതത് പഞ്ചായത്തുകളിൽ ജൈവ വൈവിധ്യ രജിസ്റ്ററുകൾ തയാറാക്കാനുള്ള ചുമതല ഈ സമിതികളിൽ നിക്ഷിപ്തമാണ്. പ്രാദേശികമായ ജൈവ വൈവിധ്യം, ജൈവ വിഭവങ്ങൾ, നാട്ടറിവുകളും അവയുടെ പ്രയോഗവും, പരിസ്ഥിതി എന്നിവയെപ്പറ്റിയുള്ള സമഗ്രവിവരം ഈ രജിസ്റ്ററുകളിൽ രേഖപ്പെടുത്തണം എന്ന് നിഷ്കർഷിച്ചിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളും ഈ രജിസ്റ്ററുകൾ തയാറാക്കിക്കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനർത്ഥം ഔഷധസസ്യങ്ങൾ ഉൾപ്പെടെ നമ്മുടെ ജൈവവൈവിധ്യം സംബന്ധിച്ച വിപുലമായ ഒരു ശേഖരം നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ പക്കൽ ഉണ്ടെന്നാണ്.

നമ്മുടെ നാട്ടറിവുകളും ചികിത്സാരീതികളും ഔഷധ സസ്യങ്ങളുടെ ഉപയോഗവും അവയുടെ നട്ടുവളർത്തലും പ്രചരിപ്പിക്കാൻ ഈ രജിസ്റ്ററുകളിലെ വിവരങ്ങളെ ആധാര മാക്കി മുൻകൈ എടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയും. നമ്മുടെ നാട്ടറിവുകൾ സമാഹരിച്ച് രേഖപ്പെടുത്തി അനന്തര തലമുറകൾക്ക് കൈമാറുക എന്ന പ്രക്രിയ കൂടി ഇതിലൂടെ സഫലീകരിക്കപ്പെടുകയാണ്. ഹോർത്തുസ് മലബാറിക്കസ് ഇന്നും കേരളത്തിലെ ഔഷധച്ചെടികളെപ്പറ്റി യുള്ള വിവരണത്തിന്റെയും അവയുടെ ഔഷധമൂല്യത്തിന്റെ വെളിപ്പെടുത്തലിന്റെയും ആധികാരിക രേഖയായി കാലത്തെ അതിജീവിച്ച് നിലകൊള്ളുന്നു എന്നത് നമുക്ക് പ്രചോദന മാകണം.

കേരളീയ ഗ്രാമങ്ങളിൽ ഇന്നും വിശുദ്ധമായി കാത്ത് സൂക്ഷിക്കപ്പെടുന്ന കാവുകൾ സ്വാഭാവികമായ അന്തരീക്ഷ വായു ശുചീകരണവും ജലസംരക്ഷണവും നിർവഹിക്കുന്നതി ലൂടെ നമ്മുടെ പ്രാണനും ജീവജലത്തിനും നൽകുന്ന സംശുദ്ധി പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്.

പ്രാഥമികമായ ആരോഗ്യം ഉറപ്പാക്കുന്നതിലും പോഷകാ ഹാരക്കുറവ് ഒഴിവാക്കുന്നതിലും പാരമ്പര്യ അറിവുകളും ഔഷധങ്ങളും പ്രയോജനപ്പെടുത്താൻ കഴിയും. ഓരോ ഭാഗവും ഉപയോഗപ്രദമായതും ഔഷധഗുണമുള്ളതും കൽപ്പവൃക്ഷം എന്ന് നമ്മൾ വിളിക്കുന്നതുമായ തെങ്ങിന്റെ മൂല്യങ്ങൾ പോലും നാം വേണ്ടത്ര ഉപയോഗിക്കുന്നില്ല എന്നത് ഖേദകരമാണ്. നാളികേര ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിതമാക്കി അതിന്റെ ഔഷധ - വിപണന മേഖലകളിൽ ശ്രീലങ്ക ഏറെ മുന്നേറിക്കഴിഞ്ഞു.

ഭൂമി, ഔഷധസസ്യം, ഭക്ഷണം, ശരീരം, സംശുദ്ധി, സമ്പൂർണ്ണത എന്നിവയെപ്പറ്റി ആയുർവേദത്തിന്റെ ഉറവിടമായ യജുർവേദത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഭൂമിയിൽ നിന്ന് സസ്യ ലതാദികളും അവയിൽ നിന്ന് ഭക്ഷണ പദാർത്ഥങ്ങളും ആഹാരത്തിൽ നിന്ന് ശരീരവും സൃഷ്ടിക്കപ്പെടുന്നു. ഭൂമി യിലെ സർവജീവജാലങ്ങളുടെയും ആരോഗ്യത്തിനും ജീവ നും ആധാരം ഭക്ഷണത്തിന്റെ സമ്പു ഷ്ടിയും സംശുദ്ധിയും ആണ്. ഈ യാഥാർത്ഥ്യം അങ്കണോദ്യാനങ്ങളി ലേക്കുള്ള തിരിച്ചുപോക്കിന് കേരളീ യർക്ക് പ്രേരണയാകണം. ■

ആധുനിക കാലത്തും ആധുനിക ജീവിതക്രമത്തിലും കുറഞ്ഞപക്ഷം ഭക്ഷണത്തിന്റെ പരിശുദ്ധി ഉറപ്പാക്കുന്നതിലും പ്രാഥമിക രോഗങ്ങളുടെ ശമനത്തിനുമായി ഗൃഹാങ്കണങ്ങളിൽ ഔഷധസസ്യം ഉൾപ്പെടെ സസ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയും. ഗ്രാമത്തിലെ ഓരോ പൗരനുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്ന സംവിധാനം എന്ന നിലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് ഈ രംഗത്ത് ശ്രദ്ധേയമായ പങ്ക് വഹിക്കാൻ കഴിയും.

എസ്.കെ. മെന്ദിരെത്ത*

ഇന്ത്യയിലെ തെരഞ്ഞെടുപ്പ് നിയമങ്ങൾ

ഇന്ത്യ ഒരു സ്വതന്ത്ര, പരമാധികാര, മതേതര, ജനാധിപത്യ, റിപ്പബ്ലിക്കാകുന്നു. ഇന്ത്യൻ ഭരണഘടനയുടെ വേർപെടുത്താനാവാത്ത അടിസ്ഥാന ഘടനകളിൽ ഒന്നാണ് ജനാധിപത്യം. ഭരണഘടന വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ജനാധിപത്യ സങ്കല്പത്തിൽ പാർലമെന്റിലും, സംസ്ഥാന നിയമസഭകളിലും തെരഞ്ഞെടുപ്പിലൂടെയുള്ള ജനപ്രാതിനിധ്യം മുൻകൂട്ടി പ്രതീക്ഷിക്കുന്നു. ജനാധിപത്യത്തിന്റെ നിലനില്പിന് നിയമവാഴ്ച്ച കൂടിയേ തീരൂ രാജ്യഭരണം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നതിന് ഏറ്റവും നല്ല ആളുകളെ തന്നെ ജനപ്രതിനിധികളായി തിരഞ്ഞെടുക്കേണ്ടത് അത്യാവശ്യമാണ്. ഏറ്റവും നല്ല ആളുകളെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കുന്നതിന്, സ്വതന്ത്രവും നിഷ്പക്ഷവുമായി വോട്ടെടുപ്പ് നടത്തണം. മാത്രവുമല്ല, ഓരോ വോട്ടർക്കും തന്റെ സമ്മതിദാന അവകാശം സ്വതന്ത്രമായി മനസാക്ഷിക്കനുസരിച്ച് വിനിയോഗിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങളും ഒരുക്കേണ്ടതുണ്ട്. അതിനാൽ ജനാധിപത്യത്തിന്റെ അടിസ്ഥാനശില തന്നെ സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പാണ്. ഇന്ത്യയിൽ നടപ്പിലാക്കിയിരിക്കുന്നത്, ബ്രിട്ടീഷ് വെസ്റ്റ്മിൻസ്റ്റർ സമ്പ്രദായത്തിലുള്ള പാർലമെന്ററി ഭരണ രീതിയാണ്. നമുക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പാർലമെന്റും, ഓരോ സംസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട നിയമസഭകളും ഉണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും പ്രാദേശിക ഭരണകൂടങ്ങളും ഉണ്ട്. ഈ ഭരണസംവിധാനത്തിലേയ്ക്കും അധികാര സ്ഥാനങ്ങളിലേയ്ക്കും സ്വതന്ത്രവും നീതിപൂർണവുമായ തെരഞ്ഞെടുപ്പുകൾ ഉറപ്പാക്കുന്നതിന് മൂന്നു മുൻ ഉപാധികൾ ആവശ്യമാണ്.

1. ഈ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് ഒരു അധികാരി ഉണ്ടായിരിക്കണം. രാഷ്ട്രീയ-ഭരണ ഇടപെടലുകളിൽ നിന്ന് അദ്ദേഹത്തിന് പരിരക്ഷയുണ്ടായിരിക്കണം.
2. തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന് അടിസ്ഥാന നിയമങ്ങൾ ഉണ്ടായിരിക്കണം. തെരഞ്ഞെടുപ്പ് അധികാരിയായിരിക്കണം ആ നിയമങ്ങളുടെ സൂക്ഷിപ്പുകാരനും പരിപാലകനും.
3. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ആക്ഷേപങ്ങളും തർക്കങ്ങളും സംശയങ്ങളും പരിഹരിക്കാനുള്ള കുറ്റമറ്റ ഒരു സംവിധാനവും വേണം.

ഇന്ത്യൻ ഭരണഘടന ഈ ആവശ്യങ്ങളെല്ലാം കൃത്യമായി ശ്രദ്ധിക്കുകയും ഈ മൂന്നു കാര്യങ്ങളും നടപ്പാക്കുകയും ചെയ്തു.

അങ്ങനെ ഭരണഘടനയുടെ 324-ാം വകുപ്പു പ്രകാരം ഇന്ത്യൻ രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലേയ്ക്കും പാർലമെന്റ്, സംസ്ഥാന നിയമസഭകൾ എന്നീ ജനപ്രതിനിധിസഭകളിലേയ്ക്കും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള വോട്ടർ പട്ടിക തയാറാക്കുന്നതിന് നിർദ്ദേശം നല്കുന്നതിനും അതു നിയന്ത്രിക്കുന്നതിനുമുള്ള സ്വാതന്ത്ര്യത്തോടും ഉന്നതാധികാരത്തോടും കൂടിയ ഇന്ത്യൻ ഇലക്ഷൻ കമ്മിഷൻ നിയമിക്കപ്പെട്ടു. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനും സമാനമായ ഭരണ ഘടനാ (വകുപ്പ് 243 കെ, 243 സെഡ്എ) സംവിധാനവും വൈകാതെ നിലവിൽ വന്നു.

രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലേയ്ക്കും പാർലമെന്റ് സംസ്ഥാന നിയമ സഭകൾ എന്നിവയിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പു നിയമങ്ങൾ നിർമിക്കാനുള്ള അധികാരം ഭരണഘടന (വകുപ്പ് 71, 327) പ്രകാരം ഇന്ത്യൻ പാർലമെന്റിൽ നിക്ഷിപ്തമാണ്.

മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, ഇതര പ്രാദേശിക ഭരണസംവിധാനങ്ങൾ എന്നിവയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ നിർമ്മിക്കുന്നത് അതത് സംസ്ഥാന നിയമസഭകളാണ്. രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ആക്ഷേപങ്ങളും തർക്കങ്ങളും കൈകാര്യം ചെയ്യുന്നത് സുപ്രീം കോടതിയാണ് (വകുപ്പ് 71), എന്നാൽ പാർലമെന്റ് സംസ്ഥാന നിയമസഭകൾ എന്നിവയിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങളും ആക്ഷേപങ്ങളും ആദ്യം കേൾക്കുന്നത്

സംസ്ഥനത്തെ ഹൈക്കോടതിയാണ്. ഇതിനു പിന്നീട് സുപ്രീം കോടതിയിൽ അപ്പീൽ പോകാം (വകുപ്പ് 329).

മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തുടങ്ങിയ ഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങളിന്മേൽ ഓരോ സംസ്ഥാനത്തെയും ഗവൺമെന്റ് പാസാക്കിയിരിക്കുന്ന നിയമങ്ങളനുസരിച്ച് കീഴ്ക്കോടതികളാണ് തീരുമാനങ്ങൾ സ്വീകരിക്കുന്നത്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പു നിയമം 1952 എന്ന പേരിൽ ഇന്ത്യയുടെ രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ പാസാക്കിയിട്ടുള്ളത് പാർലമെന്റാണ്. ഈ നിയമത്തിന് അനുബന്ധമായി രാഷ്ട്രപതി, ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പു നിയമം 1974-ൽ നടപ്പിൽ വന്നു. ഇതും കൂടാതെ തെരഞ്ഞെടുപ്പു കമ്മിഷൻ എല്ലാ കാര്യങ്ങളിലും ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും നല്കുന്നുമുണ്ട്.

ജനപ്രാതിനിധ്യ നിയമം 1950, ജനപ്രാതിനിധ്യനിയമം 1951 എന്നീ രണ്ടു നിയമങ്ങൾ അനുസരിച്ചാണ് പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമ സഭകളിലേയ്ക്കും തെരഞ്ഞെടുപ്പു നടത്തുന്നത്.

വോട്ടർ പട്ടിക തയാറാക്കുക, പുതുക്കുക തുടങ്ങിയ കാര്യങ്ങളാണ് ജനപ്രാതിനിധ്യ നിയമം 1950. രാജ്യത്തിന്റെ ചെലവിൽ ഓരോ വോട്ടർക്കും തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നല്കണമെന്നും ഈ നിയമം നിർദ്ദേശിക്കുന്നു. വോട്ടർമാരുടെ ഫോട്ടോ മറ്റു വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ വോട്ടർ പട്ടിക തയാറാക്കുന്നതിനുള്ള അധികാരവും ഈ നിയമം തെരഞ്ഞെടുപ്പു കമ്മിഷന് നല്കിയിരിക്കുന്നു.

തെരഞ്ഞെടുപ്പിന്റെ യഥാർത്ഥ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും വകുപ്പുകളുമാണ് ജനപ്രതിനിധ്യ നിയമം 1951. ഇതോടൊപ്പം തെരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങൾ 1961 കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ഓരോ ഘട്ടങ്ങളിലും ചെയ്യേണ്ട കാര്യങ്ങൾ ഈ നിയമത്തിലുണ്ട്. തെരഞ്ഞെടുപ്പ് വിജ്ഞാപനം, നാമനിർദ്ദേശപത്രികകൾ സ്വീകരിക്കൽ, അവയുടെ സൂക്ഷ്മ പരിശോധന, പത്രിക പിൻവലിക്കൽ, വോട്ടെടുപ്പ്, എണ്ണൽ, ഫലപ്രഖ്യാപനം, സഭാരൂപീകരണം ഇത്രയും നടപടികൾ ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്.

ഭരണഘടന പ്രകാരം തെരഞ്ഞെടുപ്പുകളുടെ നിയന്ത്രണം തെരഞ്ഞെടുപ്പു കമ്മിഷനിൽ നിക്ഷിപ്തമാണ്. നിർണായക സാഹചര്യങ്ങളിൽ ആവശ്യമെന്നു തോന്നിയാൽ പ്രത്യേക ഉത്തരവുകൾ നല്കുന്നതിനും തെരഞ്ഞെടുപ്പ് കമ്മിഷന് അധികാരമുണ്ട്. ഇതിന് ഉദാഹരണമാണ് തെരഞ്ഞെടുപ്പ് ചിഹ്നങ്ങളുടെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട 1968-ലെ കമ്മിഷന്റെ ഉത്തരവ്. ഇത് രാഷ്ട്രിയ പാർട്ടികളുടെ സംസ്ഥാന ദേശീയ തലത്തിലുള്ള അംഗീകാരത്തെ ബാധിക്കുന്ന വിഷയമായിരുന്നു. വിവിധ പാർട്ടികൾ തമ്മിൽ ഉണ്ടായ തർക്കങ്ങൾ പരിഹരിക്കേണ്ടി വന്നു. വിവിധ സ്ഥാനാർത്ഥികളുടെ ചിഹ്നങ്ങളുമായി ബന്ധപ്പെട്ടു പ്രശ്നങ്ങൾ ഉണ്ടായി.

തെരഞ്ഞെടുപ്പു കമ്മിഷന്റെ സേവനം ആവശ്യമായ മറ്റൊരു മേഖല രാഷ്ട്രിയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും മാതൃകാ പെരുമാറ്റച്ചട്ടം നിർദ്ദേശിക്കുന്നതിലാണ്. ഇതിന്റെ അടിസ്ഥാന മാതൃക രാഷ്ട്രിയ പാർട്ടികൾ തെരഞ്ഞെടുപ്പ് വേളകളിൽ അവരെ തന്നെ നിയന്ത്രിക്കാൻ സ്വയം ക്രോഡീകരിച്ച രേഖ തന്നെയാണ്. ഭരണകക്ഷി അധികാരവും ഔദ്യോഗിക പദവികളും സ്വന്തം സ്ഥാനാർത്ഥികളുടെ വിജയത്തിനു വേണ്ടി ദുരുപയോഗപ്പെടുത്തുന്നില്ല എന്നുറപ്പാക്കാനുള്ള ഒരു സംവിധാനം.

തെരഞ്ഞെടുപ്പിനു ശേഷം ഉണ്ടാകുന്ന തർക്കങ്ങളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിനുള്ള വകുപ്പുകൾ ജനപ്രാതിനിധ്യ നിയമം 1951 ലാണ്. ഈ നിയമപ്രകാരം ഇത്തരം പരാതികളുമായി തെരഞ്ഞെടുപ്പിനുശേഷം സംസ്ഥാനത്തെ ഹൈക്കോടതിയെ സമീപിക്കാവുന്നതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കിടയിൽ ഇത് പറ്റില്ല.

ഈ നിയമങ്ങളെല്ലാം പാർലമെന്റിന്റെ ഇരുസഭകളിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച സമഗ്ര ചട്ടങ്ങളാണ്.

തെരഞ്ഞെടുപ്പ് കമ്മിഷന്റെയോ അതിനു കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ തീരുമാനങ്ങളിൽ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ അവയ്ക്കും ഈ നിയമങ്ങളനുസരിച്ച് പരിഹാരം തേടാവുന്നതാണ്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ നിർദ്ദേശങ്ങളും ഉത്തരവുകളും നല്കാൻ ഈ നിയമങ്ങളും ചട്ടങ്ങളുമാണ് തെരഞ്ഞെടുപ്പ് കമ്മിഷന് വിപുലമായ അധികാരങ്ങൾ നല്കിയിരിക്കുന്നത്. തദനുസരണം ഇത്തരം നിർദ്ദേശങ്ങളും ഉത്തരവുകളും സംഗ്രഹിച്ച നിരവധി കൈപ്പുസ്തകങ്ങളും സഹായക ലഘുലേഖകളും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, സ്ഥാനാർത്ഥികൾ, പോളിംഗ് ഏജന്റ്മാർ തുടങ്ങിയവരെ ഉദ്ദേശിച്ച് കമ്മിഷൻ അച്ചടിച്ച് പുറത്തിറക്കിയിട്ടുണ്ട്.

പാർലമെന്റ് പാസാക്കിയ നിയമങ്ങളും തെരഞ്ഞെടുപ്പ് കമ്മിഷൻ നല്കിയിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ സുപ്രീം കോടതിയുടെ പരിശോധനയക്കു വിധേയമാകാറുണ്ട്. പലപ്പോഴും സുപ്രീം കോടതിയുടെ ഇത്തരം ഇടപെടലുകൾ തെരഞ്ഞെടുപ്പു സംവിധാനത്തിന്റെ കാലോചിതമായ നവീകരണത്തിനു കാരണമായിട്ടുമുണ്ട്.

ഉദാഹരണമായി സുപ്രീം കോടതിയൽ മൊഹിന്ദർ സിംഗ് ഗിൽ, മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ എന്നിവർ കക്ഷികളായി നടന്ന കേസ്. അടിയന്തിര ഘട്ടങ്ങളിൽ പാർലമെന്റ് പാസാക്കിയ നിയമങ്ങൾക്കൊപ്പം തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് ഭരണഘടനയനുസരിച്ച് നിയമിക്കപ്പെട്ട തെരഞ്ഞെടുപ്പ് കമ്മീഷന് യുക്തമായ നിർദ്ദേശങ്ങൾ നല്കാം എന്ന തീരുമാനം ഇതേ തുടർന്ന് ഉണ്ടായതാണ്. പെരുമാറ്റച്ചട്ടങ്ങളും മറ്റും ഇതിന്റെ തുടർച്ചയാണ്.

പൗരാവകാശ ജനകീയ സംഘടന (പിയുസിഎൽ) ഇതുപോലെ ഒരു കേസ് സുപ്രീം കോടതിയിൽ സമർപ്പിച്ചു. ഇതേ തുടർന്നാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളും അയാളുടെ കുറ്റകൃത്യ പശ്ചാത്തലം, ആസ്തി ബാധ്യതകൾ, ഭാര്യ, കുട്ടികൾ, വിദ്യാഭ്യാസയോഗ്യത തുടങ്ങിയവ സംബന്ധിച്ച സത്യവാങ് മൂലം നല്കണം എന്ന് കോടതി വിധിച്ചത്. ആരാണ് സ്ഥാനാർത്ഥി എന്താണ് യോഗ്യത എന്ന് ജനാധിപത്യത്തിലെ അന്തിമ വിധിയാളന്മാരായ വോട്ടർമാർക്ക് ഇതുവഴി ഒരു ധാരണ ലഭിക്കുമല്ലോ. ഈ സത്യവാങ് മൂലം നല്കുന്നതിൽ വീഴ്ച്ച വരുത്തുന്ന സ്ഥാനാർത്ഥികളടെ നാമനിർദ്ദേശ പത്രിക തള്ളാനാണ് സുപ്രീം കോടതി മറ്റൊരു വിധിയിലൂടെ നിർദ്ദേശിച്ചത്. സുപ്രീം കോടതിയുടെ മറ്റൊരു നിർണായക വിധി വന്നതും പിയുസിഎൽ സമർപ്പിച്ച ഹർജിയിലാണ്. പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിന് അനുകൂല വോട്ട് ചെയ്യുന്നതുപോലെ തന്നെ നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ എതിർ വോട്ട് രേഖപ്പെടുത്താനുള്ള അവകാശവും പൗരന് ഉണ്ട് എന്ന വിധി വളരെ ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി. ഇതിനായി വോട്ടിംങ് യന്ത്രത്തിൽ പ്രത്യേക ബട്ടൺ ഘടിപ്പിക്കാനും കോടതി നിർദ്ദേശിച്ചു. മത്സരിക്കുന്ന ഒരു സ്ഥാനാർത്ഥിക്കും താൻ വോട്ടു ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല എന്ന് രഹസ്യമായി രേഖപ്പെടുത്താൻ പൗരന് അവകാശം ഉണ്ടെന്നാണ് കോടതി ഇതിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. എന്നാൽ ഏറ്റവും കൂടുതൽ അനുകൂല വോട്ടുകൾ ലഭിച്ചിരിക്കുന്ന സ്ഥാനാർത്ഥിയുടെ മൊത്തം വോട്ടുകളെക്കാൾ കൂടുതലാണ് ആ മണ്ഡലത്തിലെ ന്യൂനവോട്ടുകൾ എങ്കിൽ അത് അയാളുടെ തെരഞ്ഞെടുപ്പിനെ പ്രതികൂലമായി ബാധിക്കുമോ എന്ന് നിയമം ഒന്നും പറയുന്നില്ല. തെരഞ്ഞെടുപ്പു നിയമത്തിലെ നാഴികകല്ലായി മാറിയ മറ്റൊരു സുപ്രീം കോടതി വിധി, ഡോ.സുബ്രഹ്മണ്യം സ്വാമി സമർപ്പിച്ച കേസിലാണ്. വോട്ടർ തന്റെ വോട്ടു ചെയ്യുമ്പോൾ, അതിന്റെ വിശദാംശങ്ങൾ ഒരു പേപ്പർ സ്ലിപ്പിൽ രേഖപ്പെടുത്താൻ വോട്ടിംഗ് യന്ത്രത്തിൽ സംവിധാനം ചെയ്യണം എന്നതായിരുന്നു സ്വാമിയുടെ ആവശ്യം. ഇതുവഴി തന്റെ സമ്മതിദാന അവകാശം ശരിയായി തന്നെയാണ് താൻ വിനിയോഗിച്ചതെന്നും തനിക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിക്കാണ് താൻ വോട്ടു ചെയ്തതെന്നും വോട്ടർക്ക് രേഖാമൂലം ഉറപ്പുവരുത്താനാവും. ■

ലേഖകൻ: ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മിഷന്റെ നിയമ ഉപദേഷ്ടാവാണ്

ഡോ. ജെ.ബി. രാജൻ
(അസി: പ്രൊഫസർ, കില)
&
ബിജു. എസ്.കെ.
(അസി. പ്രൊഫസർ, ഗവ: കോളേജ്, കാഞ്ഞിരംകുളം)

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പഞ്ചായത്തിൽ സാധ്യമോ?

ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കേരളത്തിലെ പഞ്ചായത്തുകൾ 2009-ൽ നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ് സംവിധാനം വളരെയധികം പ്രശംസ നേടി. എന്നാൽ ഫ്രണ്ട് ഓഫീസിനെക്കുറിച്ച് കില 2013-ൽ നടത്തിയ പഠനത്തിൽ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്ന പരിമിതമായ ഒരു ലക്ഷ്യത്തിലേക്ക് മാത്രമായി ഫ്രണ്ട് ഓഫീസ് ചുരുങ്ങിയതായി കണ്ടെത്തി.

ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ വിജയപാഠം ഉൾക്കൊണ്ട് അത് മറ്റു പഞ്ചായത്തുകളിലും ഏർപ്പെടുത്തുന്നതിനുള്ള ഉദ്യമങ്ങൾ കില നടത്തുകയുണ്ടായി. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ഭാഗമായി സജ്ജീകരിച്ച ഭൗതിക സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് എന്ന പേരിൽ വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ കില പരീക്ഷണാർത്ഥം നടപ്പിലാക്കി. പ്രസ്തുത ദൗത്യം വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്ന് സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുവാൻ കില സർക്കാരിനോട് അഭ്യർത്ഥിച്ചതിൽ പ്രകാരം 2009 ൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംബന്ധിച്ച ഉത്തരവ് കേരള സർക്കാർ പുറപ്പെടുവിച്ചു. (ജി.ഒ. എം.എസ്. നം.123/ 2009/ത.സ്വ.വ, തിയ്യതി 2/7/2009). ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിൽ TQM ലൂടെ ഏർപ്പെടുത്തിയ എല്ലാ ഭൗതിക സൗകര്യങ്ങളും പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് നിർദ്ദേശിച്ചു. ഫയലുകളും തപാലുകളും ചിട്ടയായി ക്രമീകരിക്കാനും, ഫയലുകൾ/തപാലുകൾ എന്നിവയുടെ ചംക്രമണവും, തുടർ വിലയിരുത്തലുകളും നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുവാനും പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ഇവ പ്രാവർത്തികമാക്കുന്നതിനുള്ള സമഗ്രമായ പരിശീലന പരിപാടിയും കില സംഘടിപ്പിച്ചു.

ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കേരളത്തിലെ പഞ്ചായത്തുകൾ 2009 ൽ നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ് സംവിധാനം വളരെയധികം പ്രശംസ നേടി. എന്നാൽ ഫ്രണ്ട് ഓഫീസിനെക്കുറിച്ച് കില 2013 ൽ നടത്തിയ പഠനത്തിൽ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്ന പരിമിതമായ ഒരു ലക്ഷ്യത്തിലേക്ക് മാത്രമായി ഫ്രണ്ട് ഓഫീസ് ചുരുങ്ങിയതായി കണ്ടെത്തി.

ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് : അവസ്ഥാവിശകലനം

സദ്ഭരണ നിർവ്വഹണം ലക്ഷ്യമിടുന്ന പരിവർത്തന ഭരണോദ്യമം (Change Management Initiative) എന്ന വിശാല കാഴ്ചപ്പാടിന്റെ ഭാഗമായിട്ട് എല്ലാ പഞ്ചായത്തുകളും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കണമെന്ന മേൽ സൂചിപ്പിച്ച 2009 ലെ സർക്കാർ ഉത്തരവിന് നിദാനം TQM ആണല്ലോ. TQM ന് സോഫ്റ്റ് TQM എന്നും ഹാർഡ് TQM എന്നും രണ്ടു ഘടകങ്ങളുണ്ട്. (ക്രിസ്റ്റോസ് ബി.എഫ്.& ഇവാഞ്ചലോസ് എൽ.പി., 2008). ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക, സേവനങ്ങളുടെ ബഞ്ച്മാർക്കിംഗ് നടത്തുക, ചെക്ക് ലിസ്റ്റുകൾ തയ്യാറാക്കുക എന്നിവയാണ് ഹാർഡ് TQM. സോഫ്റ്റ് TQM ലൂടെ വിഭാവന ചെയ്യുന്നത് തുടർച്ചയായ മെച്ചപ്പെടുത്തൽ ഉദ്യമങ്ങൾ, നിരന്തര വിലയിരുത്തലുകൾ, എല്ലാ ജീവനക്കാരുടേയും പങ്കാളിത്തം, തുടർച്ചയായ പരിശീലനം, എല്ലാ വിഭാഗങ്ങളുടെയും പിന്തുണ, സംഘബോധത്തോടെയുള്ള ജീവനക്കാരുടെ ക്വാളിറ്റി സർക്കിൾ എന്നിവയാണ്. എന്നാൽ ഫ്രണ്ട് ഓഫീസ് എന്ന പേരിൽ TQM-ന്റെ ഹാർഡ് ഘടകങ്ങൾ മാത്രമാണ് നടപ്പിലാക്കിയത്. സംവിധാനത്തിന്റെ നിർവ്വഹണത്തിൽ സോഫ്റ്റ് TQM ന്റെ ഘടകങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിച്ചിരുന്നില്ലയെന്നാണ് പഠനം സൂചിപ്പിക്കുന്നത്.

ക്വാളിറ്റി സർക്കിളിലൂടെ ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുകയും, നിരന്തര പരിശീലനങ്ങളിലൂടെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ശാക്തീകരിക്കുകയും, ഭരണസമിതിയെ നിരന്തര വിലയിരുത്തലിനായി കർമ്മോത്സുകരാക്കുകയും ചെയ്യുക എന്ന ദീർഘവും ഊർജ്ജിതവുമായ തുടർപ്രക്രിയയിലൂടെയാണ് ചെറുവണ്ണൂർ -നല്ലളം പഞ്ചായത്ത് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കിയത്. ഭൗതിക സജ്ജീകരണങ്ങൾ പരിവർത്തന ഭരണോദ്യമത്തിലേക്കുള്ള ബൃഹദ് കാഴ്ചപ്പാടിൽ നടപ്പിലാക്കുന്ന TQM ന്റെ ഹാർഡ് ഘടകം മാത്രമാണ്. ഗുണനിലവാരത്തിനായുള്ള തുടർച്ചയായ മോണിറ്ററിംഗും, നിരന്തര പരിശീലനവും, നല്ല പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുക എന്നീ സോഫ്റ്റ് TQM ന്റെ അഭാവം നിലവിലുള്ള ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംവിധാനത്തിൽ പ്രതിഫലിക്കുന്നു. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിന്റെ അവസ്ഥയെക്കുറിച്ച് കില 2013–ൽ നടത്തിയ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ കൊടുക്കുന്നു.

1. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിനു വേണ്ടി പൊതുജനങ്ങൾക്കും ജീവനക്കാർക്കുമായി നിർദ്ദേശിച്ചിരുന്ന 46 സൗകര്യങ്ങളിൽ ശരാശരി 61 ശതമാനം സൗകര്യങ്ങൾ മാത്രമേ പഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുള്ളൂ.
2. ഭൗതിക സൗകര്യങ്ങൾ പലതും അതിന്റെ ഫലപ്രാപ്തി മനസ്സിലാക്കാതെ യാന്ത്രികമായാണ് നടപ്പിലാക്കിയിരിക്കുന്നത്. ഉദാഹരണത്തിന്:

1) വാട്ടർ കൂളർ ഉണ്ട്, എന്നാൽ പ്രവർത്തിക്കുന്നില്ല.
2) ഒട്ടിക്കുവാനുള്ള പശയുടെ ഒഴിഞ്ഞ കുപ്പി മാത്രമാണ് ഫ്രണ്ട് ഓഫീസിൽ ഉള്ളത്.
3) ഭിന്നശേഷിയുള്ളവർക്കായുള്ള റാംപിന്റെ അടുത്ത് മേശ പിടിച്ചിട്ട് അസൗകര്യമുണ്ടാക്കിയിരിക്കുന്നു.
4) എഴുതുവാനുള്ള മേശയുടെ പുറത്ത് കുടിവെള്ളം വച്ചിരിക്കുന്നു.
5) ടി.വി. പ്രവർത്തിക്കുന്നില്ല,
6) നോട്ടീസ് ബോർഡുകൾ പുതുക്കുന്നില്ല.

പുതുക്കിയ പൗരാവകാശരേഖ പ്രദർശിപ്പിക്കുന്നില്ല. പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾക്ക് വളരെ കുറച്ചു പരിഗണനയേ നൽകിയിട്ടുള്ളു. ഉദാഹരണത്തിന്:

1. ഇരിക്കുവാനും, എഴുതുവാനുമുള്ള സൗകര്യങ്ങൾ
2. സ്റ്റേഷനറി
3. വായിക്കുവാനുള്ള പത്ര മാസികകൾ
4. വാഷ്ബേസിൻ
5. പ്രഥമ ശുശ്രൂഷാ കിറ്റ്
6. ടോയ്‌ലറ്റുകൾ

ഇവയൊക്കെ പല പഞ്ചായത്തുകളും ഏർപ്പെടുത്തിയിട്ടില്ല.

* ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ ഉദ്ദേശിച്ചിരുന്നതുപോലെ ജനസൗഹൃദമല്ല;

1. കൃത്യമായ വിവരങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നില്ല.

സദ്ഭരണ നിർവ്വഹണം ലക്ഷ്യമിടുന്ന പരിവർത്തന ഭരണോദ്യമം (Change Management Initiative) എന്ന വിശാല കാഴ്ചപ്പാടിന്റെ ഭാഗമായിട്ട് എല്ലാ പഞ്ചായത്തുകളും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കണമെന്ന മേൽ സൂചിപ്പിച്ച 2009 ലെ സർക്കാർ ഉത്തരവിന് നിദാനം TQM ആണല്ലോ. TQM ന് സോഫ്റ്റ് TQM എന്നും ഹാർഡ് TQM എന്നും രണ്ടു ഘടകങ്ങളുണ്ട്. (ക്രിസ്റ്റോസ് ബി.എഫ്.& ഇവാഞ്ചലോസ് എൽ.പി., 2008). ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക.

2. കൈപ്പറ്റു രസീത് കൊടുക്കുന്നില്ല.
3. ഫ്രണ്ട് ഓഫീസ് ക്രമീകരണം സുഖകരമായ പരസ്പര ആശയവിനിമയത്തിന് ഉതകുന്നതരത്തിൽ രൂപകൽപ്പന ചെയ്തിട്ടില്ല.
4 ചെക്ക് ലിസ്റ്റ് വച്ച് അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സ്വീകരിക്കുന്നില്ല.

* ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഉദാഹരണത്തിന് :

1 ഫ്രണ്ട് ഓഫീസും മെയിൻ ഓഫീസും തമ്മിലുള്ള ബന്ധം സുഖകരമല്ല.
2 അപേക്ഷകൾ സ്വീകരിക്കുന്ന ഒരു ഓഫീസ് മാത്രമായി ഫ്രണ്ട് ഓഫീസ് ചുരുങ്ങിയിട്ടുണ്ട്.
3 പൊതുജനം സേവനത്തിനായി പലപ്രാവശ്യം ഓഫീസ് കയറിയിറങ്ങേണ്ടിവരുന്നു.

* കാലവിളംബം കൂടാതെ സേവനം കൊടുക്കാൻ കഴിയാത്ത അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു

* ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് വിഭാവന ചെയ്ത ബൃഹദ് ലക്ഷ്യം കൈവരിച്ചില്ല.

1. ഫ്രണ്ട് ഓഫീസിനുവേണ്ടിയുള്ള ജോലി ചംക്രമണം (Job Rotation) പല പഞ്ചായത്തുകളിലും നടക്കുന്നില്ല.
2. നിരന്തര പരിശീലനങ്ങളിലൂടെ കാര്യപ്രാപ്തി വികസനം പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല.
3. വളരെ ജൂനിയർ ആയിട്ടുള്ള ക്ലാർക്കുമാരും ടെക്നിക്കൽ അസിസ്റ്റന്റുമാരും ആണ് പലപ്പോഴും ഫ്രണ്ട് ഓഫീസിൽ ഇരിക്കുന്നത്. ആയതിനാൽ അപേക്ഷ വരുമ്പോൾ സംശയങ്ങൾ മെയിൻ ഓഫീസിൽ പോയി തീർക്കേണ്ട അവസ്ഥ വരുന്നു.
4 ജനപ്രതിനിധികൾ സ്വാധീനമുപയോഗിച്ച് ഫ്രണ്ട് ഓഫീസ് വഴിയല്ലാതെ സേവനങ്ങൾ കൊടുക്കുന്നത് സേവനങ്ങൾക്ക് തുല്യത എന്ന തത്വത്തിന്റെ ലംഘനത്തിലേയ്ക്ക് നയിക്കുന്നു.
5 ഫ്രണ്ട് ഓഫീസിൽ ജീവനക്കാർക്കുള്ള പല സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല.
6 ഭൂരിഭാഗം പഞ്ചായത്തിലെയും റെക്കാർഡ് സൂക്ഷിപ്പ് സംവിധാനം വളരെ മോശമായ അവസ്ഥയിലാണ്. ഇത് സമയബന്ധിതമായ ഫയൽ തീർപ്പാക്കലിന് താമസം വരുത്തുന്നു.
7 കൂട്ടായ്മയോടെയുള്ള പ്രവർത്തനത്തിന്റെ അഭാവം വളരെ പ്രകടമാണ്.
8 ജനപ്രതിനിധികൾ ജീവനക്കാരെയും, അതുപോലെ തിരിച്ചും; പുതിയ ജീവനക്കാർ പഴയ ജീവനക്കാരെയും, അതുപോലെ തിരിച്ചും കുറ്റം പറയുന്ന അനാരോഗ്യകരമായ അവസ്ഥ നിലനിൽക്കുന്നു.
9 കൂടുതൽ കാര്യപ്രാപ്തിയുള്ള ജീവനക്കാരെ കൂടുതൽ ജോലിഭാരം ഏല്പിച്ച് അവരുടെ ആത്മാർത്ഥവും ഗുണപരവുമായ മനോഭാവത്തിന് മങ്ങൽ ഏല്പിക്കുന്നതരത്തിലാണ് ജോലി വിഭജനം നടത്തുന്നത്.
10 ജീവനക്കാരുടെ യോഗങ്ങൾ പലപ്പോഴും നടക്കുന്നില്ല.
11 മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുമില്ല.

ക്വാളിറ്റി സർക്കിളിലൂടെ ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുകയും, നിരന്തര പരിശീലനങ്ങളിലൂടെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ശാക്തീകരിക്കുകയും, ഭരണസമിതിയെ നിരന്തര വിലയിരുത്തലിനായി കർമ്മോത്സുകരാക്കുകയും ചെയ്യുക എന്ന ദീർഘവും ഊർജ്ജിതവുമായ തുടർപ്രക്രിയയിലൂടെയാണ് ചെറുവണ്ണൂർ-നല്ലളം പഞ്ചായത്ത് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കിയത്.

* പൗരാവകാശരേഖയുടെ പരമാവധി സമയം സേവനം കൊടുക്കുവാനുള്ള ഏറ്റവും ചുരുങ്ങിയ സമയമായി കണക്കാക്കപ്പെടുന്നു.

* ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനത്തെ കൂടുതൽ സുഗമമാക്കുന്ന ഇ-ഗവേണൻസ് കാര്യക്ഷമമല്ല. ജീവനക്കാർക്കും ജനപ്രതിനിധികൾക്കും ഇ-ഗവേണൻസിനോട് പ്രതിബദ്ധതയും താല്പര്യവും കുറവാണ്.

* വിവിധ കമ്മിറ്റികൾ യോഗം കൂടാതെ മിനിറ്റ്സ് എഴുതുന്നു. കൂടുന്നവ തന്നെ ഗുണപരമായ ചർച്ചകളിലേക്ക് എത്തുന്നുമില്ല.

മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള **മാറ്റം** അനിവാര്യമാക്കാനായി TQM ന്റെ സോഫ്റ്റ് ആശയങ്ങളായ ചേയ്ഞ്ച് മാനേജ്മെന്റ് (Change Management), പെർഫോർമൻസ് മാനേജ്മെന്റ് (Performance Management), പൗരയോഗങ്ങളിലൂടെ ജനകേന്ദ്രീകൃതം, മോണിറ്ററിംഗ് കമ്മിറ്റിയിലൂടെ തുടർച്ചയായ ഗുണനിലവാര വർദ്ധനവ് എന്നിവ ഫ്രണ്ട് ഓഫീസ് ഉത്തരവിൽ പ്രതിപാദിച്ചിരുന്നു. എങ്കിലും ഫണ്ട് ഓഫീസിന്റെ നിർവ്വഹണ തലത്തിൽ TQM ഹാർഡ് തത്വങ്ങളായ ഭൗതിക സൗകര്യങ്ങൾ മാത്രമായി ഒതുങ്ങിപ്പോയതാണ് മേല്പറഞ്ഞ അവസ്ഥക്ക് നിദാനമായത്. ആയതിനാൽ നിരന്തര പരിശീലനം, സൗഹാർദ്ദം, കൂട്ടായ്മ, തുടർച്ചയായ ഗുണനിലവാര പുരോഗതിക്കുള്ള വിലയിരുത്തലുകൾ, മേൽനോട്ടം, തിരുത്തൽ, മുൻകരുതൽ നടപടികൾ എന്നിവയ്ക്ക് ഊന്നൽ കൊടുത്ത് കൊണ്ട് സോഫ്റ്റ് TQM കൂടെ നടപ്പിലാക്കുന്നതിലൂടെ പഞ്ചായത്തിൽ സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം ഏർപ്പെടുത്താം. ■

(തുടരും)

പൊതുജനങ്ങൾക്ക് സേവനം നൽകുന്ന കാര്യത്തിൽ പഞ്ചായത്ത് ജീവനക്കാരും ഉദ്യോഗസ്ഥരും നല്ല പ്രകടനം കാഴ്ച്ചവയ്ക്കുന്നു എന്നത് എല്ലാവരാലും അംഗീകരിക്കപെടുന്ന ഒരു വസ്തുതയാണ്. അതിൽ അവർക്ക് അഭിമാനിക്കാം. വിവര സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ശീഘ്രം സാദ്ധ്യമാക്കുന്ന കാര്യത്തിൽ വിസ്ഫോടനങ്ങൾ നടക്കുന്ന ഒരു കാലഘട്ടമാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളും കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഈ വിഷയത്തിൽ മുൻ നിരയിൽ എത്തേണ്ടതാണ്.

നമ്മുടേത് ഒരു ജനാധിപത്യ റിപ്പബ്ലിക്കാകുന്നു. ഭരണഘടനയും അതിനു ചേർന്നതു തന്നെ. നിയമ നിർമ്മാണസഭ, നീതി – ന്യായ വ്യവസ്ഥ, ഭരണ– നിർവ്വഹണ വിഭാഗം എന്നീ നെടുംതൂണുകളിൽ സ്ഥാപിതമാണ് ഈ ജനാധിപത്യ വ്യവസ്ഥ. ഇവയിൽ നിയമ നിർമ്മാണസഭയെ ഭരണ നിർവ്വഹണ വിഭാഗവുമായി ബന്ധപ്പെടുത്തിയിരിക്കുന്ന ഒരു ബക്കിൾ ആണ് വകുപ്പ് മന്ത്രി ഉൾപ്പെടുന്ന മന്ത്രിസഭ. ഈ വസ്തുത നിയമ വ്യവസ്ഥയുടെ അടിസ്ഥാന ശിലയത്രേ. അതായത് ഭരണ നിയമനിർവ്വഹണ വിഭാഗത്തിന്റെ എല്ലാ ചെയ്തികൾക്കും നിയമസഭയോട് അതായത് ജനങ്ങളോട് മറുപടി പറയേണ്ടത് മന്ത്രിസഭാ അംഗങ്ങൾ അഥവാ വകുപ്പ് മന്ത്രിമാരാണ്. വിശേഷിച്ച് പത്ര ദൃശ്യ മാധ്യമങ്ങൾ അഹോരാത്രം ഉണർന്ന് പ്രവർത്തിക്കുന്ന ഈ അസുലഭ കാലഘട്ടത്തിൽ. ഈ സംവിധാനം നിയമസഭയും ഭരണ നിർവ്വഹണ വിഭാഗവുമായുള്ള ബന്ധത്തിന്റെ രജതരേഖയാണ്.

വകുപ്പ് മന്ത്രിമാർ അഥവാ മന്ത്രിസഭ തൽസ്ഥാനങ്ങളിൽ തുടരുന്നത്, ആരാധ്യനായ ഗവർണ്ണറുടെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചാണ് എന്നത് ഭരണഘടനാവ്യവസ്ഥ. അതുകൊണ്ട് സ്വാഭാവികമായി ഒരു വകുപ്പദ്ധ്യക്ഷനോ, നിർവ്വഹണ വിഭാഗത്തിൽപ്പെട്ട വകുപ്പദ്ധ്യക്ഷൻ ഉൾപ്പടെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ, തൽസ്ഥാനത്ത് തുടരുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇഷ്ടാനിഷ്ടങ്ങളെ അഥവാ വിൽ ആന്റ് പ്ലഷർ -നെ ആശ്രയിച്ചാണെന്ന് വരുന്നു. അക്കാരണത്താൽ ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ അഥവാ വകുപ്പ് അദ്ധ്യക്ഷനെ തൽസ്ഥാനത്ത് നിന്ന് മാറ്റാനോ മാറാൻ ആവശ്യപ്പെടാനോ ഉള്ള അധികാരം മന്ത്രിസഭയിലും, തദ്വാര മന്ത്രിപദത്തിലും അന്തർലീനമാണ്. ഈ അധികാരം മന്ത്രിയുടെ താഴെ ജോലി ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി ഉൾപ്പടെയുള്ള ഉദ്യോഗസ്ഥർക്ക് അധികാരപ്പെടുത്തി (ഡെലിഗേറ്റ്സ് ചെയ്ത്) കൊടുത്തിരിക്കുന്നു എന്നേയുള്ളൂ. സ്ഥലംമാറ്റ ഉത്തരവ് ആര് പുറപ്പെടുവിച്ചാലും മന്ത്രിയുടെ ഉത്തരവനുസരിച്ച് മാറ്റിയതാണ് എന്നത് നയ്യാമികമായ അനുമാനം. 1970 കളിൽ ഒരു ആഭ്യന്തര മന്ത്രി, ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയപ്പോൾ ഈ പ്രശ്നം ഒച്ചപ്പാടോടെ ഉന്നയിക്കപ്പെട്ടതും, സ്ഥലം മാറ്റാനുള്ള അധികാരം മന്ത്രിസഭയിൽ നിക്ഷിപ്തമാണെന്ന് ആധികാരികമായി അന്ന് പ്രഖ്യാപിക്കപ്പെട്ടതുമാണ്. എന്നാൽ ഈ അധികാരം വിനിയോഗിക്കുമ്പോൾ സ്വാഭാവിക നീതിയുടേയും മൗലിക അവകാശങ്ങളുടേയും അതിർ വരമ്പുകൾ ലംഘിക്കരുതെന്നേയുള്ളൂ. അത്തരം ലംഘനം ഉണ്ടായെന്ന് പരാതിയുള്ളവർ അവരുടെ ആവലാതി പ്രസക്ത ഫോറങ്ങളിൽ അവതരിപ്പിച്ച് അവയ്ക്കുള്ള പരിഹാരം തേടേണ്ടതും നേടേണ്ടതും ആണ്. സ്ഥലം മാറ്റാനുള്ള മന്ത്രിസഭയുടെ/ മന്ത്രിയുടെ അധികാരത്തെ ഇത് ദോഷകരമായി ബാധിക്കുന്നില്ല. ഭരണനിർവ്വഹണ വിഭാഗത്തിന്റെ ചെയ്തികൾക്ക് മന്ത്രിസഭ നിയമസഭയോട് (ജനങ്ങളോട്) മറുപടി പറയണം എന്ന് വരുമ്പോൾ, ഭരണസംവിധാനത്തിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്തവും മന്ത്രിമാർക്ക് തന്നെ എന്ന് വരുന്നു. അത് അച്ചടക്ക നടപടികളിലൂടെ ആവാം, ഭരണപരമായ താൽപര്യം സംരക്ഷിക്കുന്നതിന് തസ്തിക

പരമാധികാരം ജനങ്ങൾക്ക് തന്നെ

മാറ്റത്തിലൂടേയും സ്ഥലം മാറ്റത്തിലൂടേയുമാവാം. ഈ നിയന്ത്രണാധികാരം വേണ്ടപ്പോൾ വേണ്ടവിധം ഉപയോഗപ്പെടുത്തുമ്പോൾ മാത്രമേ പൊതുഭരണം കാര്യക്ഷമമാകുകയുള്ളു, കെടുകാര്യസ്ഥത തുടച്ചുമാറ്റപ്പെടുകയുള്ളു. പഞ്ചായത്ത് സെക്രട്ടറിയേയും ജീവനക്കാരേയും മാറ്റുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് ആവശ്യപ്പെടാൻ അധികാരം പഞ്ചായത്ത് ആക്ട് മൂലം കമ്മിറ്റിക്ക് നൽകപ്പെട്ടിരിക്കുന്നു. ജനശബ്ദം ദൈവത്തിന്റെ ശബ്ദം എന്നാണല്ലോ പ്രമാണം. അതുകൊണ്ടാണ് പഞ്ചായത്ത് കമ്മിറ്റിക്ക് ഈ അധികാരം നിയമപ്രകാരം നൽകിയിരിക്കുന്നത്. അതുപോലെ, ജനശബ്ദത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക്, വകുപ്പദ്ധ്യക്ഷൻ മുതൽ ഓഫീസ് അറ്റൻന്റ് വരെയുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലം മാറ്റം നൽകാനുള്ള അധികാരം നിക്ഷിപ്തമാക്കിയിരിക്കുന്നത്, ഈ നിയമതത്വം അംഗീകരിച്ചു കൊണ്ടു തന്നെയാണ്.

പഞ്ചായത്ത് സെക്രട്ടറിയേയും ജീവനക്കാരേയും മാറ്റുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് ആവശ്യപ്പെടാൻ അധികാരം പഞ്ചായത്ത് ആക്ട് മൂലം കമ്മിറ്റിക്ക് നൽകപ്പെട്ടിരിക്കുന്നു. ജനശബ്ദം ദൈവത്തിന്റെ ശബ്ദം എന്നാണല്ലോ പ്രമാണം. അതുകൊണ്ടാണ് പഞ്ചായത്ത് കമ്മിറ്റിക്ക് ഈ അധികാരം നിയമപ്രകാരം നൽകിയിരിക്കുന്നത്. അതുപോലെ, ജനശബ്ദത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക്, വകുപ്പദ്ധ്യക്ഷൻ മുതൽ ഓഫീസ് അറ്റൻന്റ് വരെയുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലം മാറ്റം നൽകാനുള്ള അധികാരം നിക്ഷിപ്തമാക്കിയിരിക്കുന്നത്, ഈ നിയമ തത്വം അംഗീകരിച്ചു കൊണ്ടു തന്നെയാണ്.

മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ ഒരു ജനാധിപത്യ സംവിധാനത്തിൽ രാഷ്ട്രീയ നേതാക്കൾ എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ഭരണ സംവിധാനത്തിന്റെ നിയന്ത്രണചരടുകൾ കയ്യാളുന്ന ഭരണാധികാരികൾ തന്നെയാണെന്ന സത്യം അംഗീകരിച്ചേ തീരു. രാഷ്ട്രീയക്കാരുടെ കൽപ്പനകൾക്ക് വഴങ്ങുകയില്ലെന്ന ബ്യൂറോക്രാറ്റുകളുടേയും അവരുടെ സംഘടനകളുടേയും ധിക്കാരവും ധാർഷ്ട്യവും ഏതായാലും നല്ലതിനല്ല; ഇക്കാലത്ത് വിലപ്പോകുന്നതുമല്ല.

ഐ.പി.എസ്. ഉൾപ്പടെയുള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ഒരു തസ്തികയിൽ നിന്ന് രണ്ടു വർഷത്തിനകം സ്ഥലം മാറ്റണമെങ്കിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സിവിൽ സർവീസ് ബോർഡിന്റെ അംഗീകാരം വേണമെന്ന് സുപ്രീം കോടതിയെ തുടർന്ന് കേന്ദ്ര സർക്കാരും ഉത്തരവ് നൽകിയിട്ടുണ്ടെന്നും, ഐ.പി.എസ്. ചട്ടം മറികടന്ന് സ്ഥലം മാറ്റിയ നടപടികൾക്കെതിരെ സംസ്ഥാനത്തെ ഐ.പി.എസ്. ഉദ്യോഗസ്ഥർ സെൻട്രൽ അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലുകളിൽ ഹർജി നൽകി ഫലം കാത്തിരിക്കുകയാണെന്നും, മാധ്യമങ്ങളിൽ വായിച്ചറിഞ്ഞു. ബഹുമാനപ്പെട്ട കോടതികളും സർക്കാരും സ്ഥലം മാറ്റം വരുത്തുന്നതിൽ നിയന്ത്രണങ്ങളും മാർഗ നിർദ്ദേശങ്ങളും ഏർപ്പെടുത്തുന്നത് മുകളിൽ പറഞ്ഞ സ്വാഭാവിക നീതിയും മൗലിക അവകാശങ്ങളും മറ്റു നിയമ വ്യവസ്ഥകളും ആവശ്യപ്പെടുന്ന നിയന്ത്രണങ്ങൾ പാലിക്കപ്പെടുന്നതിനു വേണ്ടി മാത്രമാണ്. അതുകൊണ്ട് രണ്ടുവർഷത്തിനുള്ളിലുള്ള സ്ഥലം മാറ്റങ്ങളെല്ലാം അന്യായമാണ് എന്ന് മുൻ വിധിയോടെ കാണാൻ പാടുള്ളതല്ല. സ്ഥലംമാറ്റം നടത്താനുള്ള അധികാരത്തെ ഇതൊന്നും ദോഷകരമായി ബാധിക്കുന്നുമില്ല. കോടതിവിധിയിൽ പരാമർശിക്കുന്ന സിവിൽ സർവീസ് ബോർഡ് നാളിതുവരെ രൂപീകരിക്കപ്പെട്ടതായി അറിവില്ല.

സ്ഥലംമാറ്റങ്ങളിലൂടേയും മറ്റ് തീരുമാനങ്ങളിലൂടേയും ജീവനക്കാരെ ദ്രോഹിക്കുന്നത് ചില വകുപ്പ് തലവൻമാർ, പ്രത്യകിച്ച് പുതുമുഖങ്ങൾ, ഈയിടയായി ഒരു ക്രൂര വിനോദമാക്കാറുണ്ട്. യാതൊരു കാരണവുമില്ലാതെ, വിവരക്കുറവ് ഒന്നു കൊണ്ട് മാത്രം, വെറും ദിവസവേതനക്കാരുടെ വേതനം അകാരണമായി മാസങ്ങളോളം തടഞ്ഞുവയ്ക്കുന്നവരുണ്ട്. അതുപോലെ നിസാര കാര്യങ്ങൾ പറഞ്ഞ് ശമ്പള ബില്ലുകൾ മാസങ്ങളോളം മാറാതിരിക്കുന്നവരുമുണ്ട്. ഇവർക്കെല്ലാം നിയമ വിദ്യാഭാസം നൽകി ബോധവൽക്കരിക്കുക പ്രായോഗികമല്ല. ഇവരോട് ഇക്കാര്യത്തിൽ ആവർത്തിച്ച് ആവശ്യപ്പെട്ടാലും, നിർദേശങ്ങൾ നൽകിയാലും അനുസരിച്ചില്ലെങ്കിൽ ഇതിനെല്ലാം ഒടുവിൽ ഉത്തരം പറയേണ്ടത് സർക്കാരാണ്. ആകയാൽ ഇത്തരക്കാരെ പൊടുന്നനെ പൊക്കുകയെ നിവൃത്തിയുള്ളു. ഇതിനെതിരെ ട്രൈബ്യൂണലിൽ അഥവാ സിവിൽ സർവീസ് ബോർഡിൽ പോയി ഓരോരുത്തരായി സ്റ്റേ വാങ്ങാൻ തുടങ്ങിയാൽ ഭരണപരമായ സൗകര്യത്തിന് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാൻ സർക്കാരിന് കഴിഞ്ഞില്ല എന്ന് വരാം. അതിനാൽ ഇത്തരം കേസുകളിൽ സർക്കാരിന് പറയാനുള്ളത് കേൾക്കാതെ സ്റ്റേ നൽകരുതെന്ന് വരാൻ പോകുന്ന പ്രസക്ത നിയമത്തിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

നിയമത്തിന്റെ പേരിലും നിയമാനുസൃതമായും നടത്തുന്ന മാറ്റങ്ങൾ പോലും ഒരു വ്യക്തിക്ക് പ്രത്യേക സാഹചര്യങ്ങളിൽ ദുരിതവും കഷ്ട നഷ്ടങ്ങളും ഉണ്ടാക്കി എന്നു വരാം. അത്തരം സാഹചര്യത്തിൽ ചിലപ്പോൾ നിയമ വ്യവസ്ഥയേയും ചട്ടങ്ങളേയും പോലും തൽക്കാലം ഒഴിവാക്കി അഥവാ ഇളവാക്കി

കൊണ്ട് ഇവർക്ക് ആശ്വാസം എത്തിക്കാൻ മന്ത്രിമാർക്കും മന്ത്രി സഭയ്ക്കും അന്തർലീനമായ അധികാരങ്ങളുണ്ട്. ഇപ്രകാരം ചട്ടങ്ങൾ ഇളവ് ചെയ്യാൻ ബിസിനസ് റൂൾസ് മന്ത്രിസഭയെ അധികാരപ്പെടുത്തുന്നുമുണ്ട്. ഇത്തരം അധികാരമുപയോഗിച്ചാണ് വകുപ്പ് അദ്ധ്യക്ഷർ നടത്തിയ സ്ഥലംമാറ്റത്തിനെ സർക്കാർ തലത്തിൽ മന്ത്രിമാർ ഇടപെട്ട് ഉത്തരവുകൾ റദ്ദാക്കുന്നത്. ചിലപ്പോൾ വകുപ്പദ്ധ്യക്ഷൻമാരെ തന്നെ സ്ഥലം മാറ്റുന്നത് ഈ അധികാരം ഉപയോഗിച്ചു കൊണ്ടാണ്. ജനാധിപത്യ സംവിധാനത്തിൽ ഇതെല്ലാം സ്വാഭാവികമാണ്. ഇത്തരം കേസുകളിലാണ് ചിലർക്ക് സ്ഥലംമാറ്റം കൊടുക്കാനും മറ്റു ചിലർക്ക് സ്ഥലംമാറ്റം തടയാനും മന്ത്രിമാർ ഉത്തരവ് ഇറക്കുന്നത്, ഇത്തരം ഉത്തരവുകൾ അനുസരിച്ചേ തീരു. രാഷ്ട്രീയ നേതൃത്വത്തിന്റെ ഉത്തമ വിശ്വാസങ്ങളെ ചിലപ്പോൾ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ അഥവാ വകുപ്പദ്ധ്യക്ഷൻമാരുടെ തീരുമാനങ്ങൾക്ക് മുകളിൽ വില കൽപ്പിക്കേണ്ടതു തന്നെ. അതുകൊണ്ട് പരമാധികാരം ജനങ്ങൾക്ക് തന്നെ; ജനപ്രതിനിധികൾ ഉൾപ്പെട്ട മന്ത്രി സഭയ്ക്ക് തന്നെ; സംശയമില്ല.

നിയമത്തേക്കുറിച്ചും വസ്തുതകളുടെ നിയമവശത്തേക്കുറിച്ചും അധികാരം കയ്യാളുന്നവർക്ക് ഒരു സാമാന്യ വിജ്ഞാനം ഇല്ലാത്തതാണ് മുകളിൽ പരാമർശിക്കപ്പെട്ട ഭരണ നിർവഹണ സംവിധാനത്തിലെ ചില ഭരണപരമായ വിക്രിയകൾക്ക് നിദാനം. കേരളത്തിലെ പഞ്ചായത്തുകളും പഞ്ചായത്ത് വകുപ്പും ഭരിക്കപ്പെടുന്നത് കർശനമായ നിയമ വ്യവസ്ഥയുടേയും ചട്ടവട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ്. അതിനാൽ ഒരു പഞ്ചായത്ത് സെക്രട്ടറി മുതൽ പഞ്ചായത്ത് വകുപ്പ് സെക്രട്ടറി വരെയുള്ളവർ ഈ മേഖലയിലെ നിയമ വ്യവസ്ഥകൾ അവശ്യം വേണ്ടത് അറിഞ്ഞിരിക്കാൻ ബാദ്ധ്യസ്ഥരാണ്. നിയമം അറിയില്ലായെന്ന് പറയുന്നത് ഒരു ഒഴിവു കിഴിവു അല്ലായെന്നത് ഒരു അടിസ്ഥാന നിയമം. നിയമം മുഴുവൻ കാണാതെ പഠിച്ചിരിക്കണം എന്നില്ലെങ്കിലും പ്രസക്തനിയമം എവിടെയാണെന്നും ഏത് പുസ്തകത്തിൽ നോക്കിയാൽ കണ്ടുപിടിച്ച് എടുക്കാമെന്നുമുള്ള അറിവെങ്കിലും ദൈനംദിനം നിയമം കൈകാര്യം ചെയ്യുന്ന അധികാരികൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യാനുസരണം ബന്ധപ്പെട്ട പുസ്തകങ്ങൾ തപ്പിയെടുക്കാനും വ്യവസ്ഥകൾ വായിച്ച് മനസ്സിലാക്കിയെടുക്കാനുമുള്ള മാനസിക സ്ഥിതിയും അവർക്ക് ഉണ്ടായിരിക്കേണ്ടതാണ്. ചെയ്യുന്ന ജോലിയെ സംബന്ധിക്കുന്ന നിയമ വ്യവസ്ഥകളെ പറ്റി അറിവും പരിചയവും ഉള്ള ജീവനക്കാരും ഉദ്യോഗസ്ഥരും അവരുടെ ദൈനം ദിന ജോലി ചെയ്യുമ്പോൾ അനുഭവിക്കുന്ന സംതൃപ്തിയും ആഹ്ലാദവും ഒന്ന് കണ്ടറിയേണ്ടത് തന്നെ. ഇത്തരം ഒരു സംസ്കാരം പഞ്ചായത്ത് ജീവനക്കാരും ഉദ്യോഗസ്ഥരും മേൽ ഉദ്യോഗസ്ഥരും വളർത്തിയെടുക്കേണ്ടതാണ്. "കില" പോലെയുള്ള സംവിധാനങ്ങൾ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും, സെക്രട്ടേറിയേറ്റിലുള്ളവർക്കു വരെ, ഇതിലേക്ക് പരിശീലനം നൽകുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും മോഡ്യൂളുകൾ തയ്യാറാക്കി പ്രാദേശിക തലങ്ങളിൽ പരിശീലനം ലഭ്യമാക്കേണ്ടതുമാണ്.

സ്ഥലംമാറ്റങ്ങളിലൂടേയും മറ്റ് തീരുമാനങ്ങളിലൂടേയും ജീവനക്കാരെ ദ്രോഹിക്കുന്നത് ചില വകുപ്പ് തലവൻമാർ, പ്രത്യകിച്ച് പുതുമുഖങ്ങൾ, ഈയിടയായി ഒരു ക്രൂര വിനോദമാക്കാറുണ്ട്. യാതൊരു കാരണവുമില്ലാതെ, വിവരക്കുറവ് ഒന്നു കൊണ്ട് മാത്രം, വെറും ദിവസവേതനക്കാരുടെ വേതനം അകാരണമായി മാസങ്ങളോളം തടഞ്ഞുവയ്ക്കുന്നവരുണ്ട്. അതുപോലെ നിസാര കാര്യങ്ങൾ പറഞ്ഞ് ശമ്പള ബില്ലുകൾ മാസങ്ങളോളം മാറാതിരിക്കുന്നവരുമുണ്ട്. ഇവർക്കെല്ലാം നിയമ വിദ്യാഭാസം നൽകി ബോധവൽക്കരിക്കുക പ്രായോഗികമല്ല. ഇവരോട് ഇക്കാര്യത്തിൽ ആവർത്തിച്ച് ആവശ്യപ്പെട്ടാലും, നിർദേശങ്ങൾ നൽകിയാലും അനുസരിച്ചില്ലെങ്കിൽ ഇതിനെല്ലാം ഒടുവിൽ ഉത്തരം പറയേണ്ടത് സർക്കാരാണ്.

പൊതുജനങ്ങൾക്ക് സേവനം നൽകുന്ന കാര്യത്തിൽ പഞ്ചായത്ത് ജീവനക്കാരും ഉദ്യോഗസ്ഥരും നല്ല പ്രകടനം കാഴ്ചവയ്ക്കുന്നു എന്നത് എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു വസ്തുതയാണ്. അതിൽ അവർക്ക് അഭിമാനിക്കാം. വിവരസാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ശീഘ്രം സാദ്ധ്യമാക്കുന്ന കാര്യത്തിൽ വിസ്ഫോടനങ്ങൾ നടക്കുന്ന ഒരു കാലഘട്ടമാണിത്. തദ്ദേശ ഭരണ സ്ഥാപനങ്ങളും കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഈ വിഷയത്തിൽ മുൻനിരയിൽ എത്തേണ്ടതാണ്.

വാൽകഷ്ണം:

ശിഷ്യൻ:എന്റെ ആശാനെ ! ഈ രാഷ്ട്രീയക്കാരെ കൊണ്ടു തോറ്റു. തൊട്ടതിനും പിടിച്ചതിനും ഇടപെടൽ.

ആശാൻ: നീ ഏത് ലോകത്താണെടേയ്! ഏത് കാലഘട്ടത്തിൽ ജീവിക്കുന്നു? സ്വാതന്ത്ര്യം കിട്ടിയിട്ട് അര നൂറ്റാണ്ട് കഴിഞ്ഞില്ലേ, ഇനിയെങ്കിലും ജനഹിതമനുസരിച്ചാണ് ഭരണം നടക്കേണ്ടത് എന്നകാര്യം അറിയില്ലേ – ജനഹിതം അറിയിക്കാനാണ് മന്ത്രിമാരും പിന്നെ പൊളിറ്റിക്കൽ എക്സിക്യൂട്ടീവുകളും ഉള്ളത്. അധികാരത്തിൽ പെട്ട കാര്യങ്ങൾ അവർ പറഞ്ഞാൽ അത് അത്പോലെ അനുസരിച്ചേ തീരു – വെറുതേ ഞഞ്ഞാമിഞ്ഞാ പറയാതെ. പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടാൽ സെക്രട്ടറിയേയും മറ്റ് ജീവനക്കാരേയും മാറ്റാൻ നിയമവ്യവസ്ഥ ഉണ്ടെന്ന് അറിയാമോ?

ശിഷ്യൻ: എന്നാലും ആശാനെ – ജനപ്രതിനിധികൾ പറയുന്നത് അനുസരിക്കാൻ എന്തൊരോ ഒരു ഇത്

ആശാൻ: ആ ഇത് അങ്ങ് മാറ്റണം. അല്ലെങ്കിൽ പണിയങ്ങ് കളരിക്കു പുറത്ത് – കേട്ടോ. ■

സാബു കുരിയൻ ജോൺ

നമ്മുടെ കാൽച്ചുവടുവരെയെത്തി തീറ്റയെടുക്കാൻ അങ്ങാടിക്കുരുവികൾക്ക് മടിയില്ല. മനുഷ്യരോടുള്ള സഹവാസം ഇഷ്ടപ്പെടുന്ന പക്ഷികൾ എന്നതുകൊണ്ടാവണം വലിയ വർണ്ണസൗഭഗമൊന്നുമില്ലെങ്കിലും ഈ പക്ഷികൾ നമുക്ക് പ്രിയപ്പെട്ടവരാകുന്നത്.

അങ്ങാടിക്കുരുവി ഒരു ദിനവും കുറെ ചിന്തകളും

അങ്ങാടികളിലും പീടികത്തിണ്ണകളിലും കലപിലകൂട്ടി പായുന്ന അങ്ങാടിക്കുരുവികൾ നമുക്ക് സുപരിചിതമാണ്. സദാ തിടുക്കം ഭാവിച്ചും കോലാഹലം കൂട്ടിയും നമ്മുടെ ചുറ്റുവട്ടത്തിൽ പാറി നടക്കുന്ന ഈ ചെറുപക്ഷികളെ കുറച്ചുനേരമെങ്കിലും കൗതുകത്തോടെ നോക്കിനിന്നിട്ടില്ലാത്തവരുണ്ടാവില്ല. എന്നാൽ ഇന്നിപ്പോൾ ഈ കുരുവികൾ നമ്മുടെ ശ്രദ്ധ പിടിച്ചു പറ്റുന്നത് അവയുടെ അസാന്നിധ്യം കൊണ്ടാണ് മാർക്കറ്റുകളുടെ ഇടനാഴികളിലും മേൽക്കൂരകളിലും കലപില കൂട്ടാൻ ഇപ്പോൾ അങ്ങാടിക്കുരുവികളില്ല. അന്യം നിന്നു പോകുന്ന പക്ഷിജാതികളുടെ പട്ടികയിലേക്ക് പതുക്കെ ചേക്കേറുകയാണ് ഈ ഓമനക്കുരുവികൾ. അവയ്ക്ക് കൂടൊരുക്കിയ മൺകുടങ്ങൾ നമ്മുടെ പീടികച്ചുവരുകളിൽ അനാഥമായിക്കിടക്കുന്നു.

കാക്ക കഴിഞ്ഞാൽ ഇത്രയേറെ വ്യാപകമായി കണ്ടുവരുന്നിരുന്ന വേറൊരു പക്ഷിയില്ല എന്നോർക്കുമ്പോഴാണ് ഈ കുഞ്ഞിക്കിളികളുടെ അസാന്നിധ്യം നമ്മെ നൊമ്പരപ്പെടുത്തുന്നത്. കഴിഞ്ഞ കുറേവർഷങ്ങളായി കേരളത്തിലെ മാർക്കറ്റുകളിൽ പക്ഷിനിരീക്ഷകർ ഈ കുരുവികളുടെ എണ്ണം പരിശോധിച്ചുവരുന്നുണ്ട്. ഓരോ വർഷവും കഴിയുംതോറും ആശങ്ക ഉണർത്തുംവിധം അവയുടെ സംഖ്യ കുറയുകയാണ്. ഒട്ടേറെ ചെറുപട്ടണങ്ങളിൽ നിന്ന് അവ അമ്പേ അപ്രത്യക്ഷമായിക്കഴിഞ്ഞു.

നിലനിൽപ്പിന് വളരെക്കുറച്ച് സൗകര്യങ്ങളേ അങ്ങാടിക്കുരുവികൾക്ക് വേണ്ടു. കടകളുടെ ഷട്ടറുകൾക്കിടയിലോ ഉപയോഗശൂന്യമായ ഒരു പൈപ്പ് കഷ്ണത്തിലോ, ചുവരിലെ ഒരു പൊത്തിലോ, അതുമല്ലെങ്കിൽ ഒരു പൊട്ടിയ മൺകുടത്തിലോ അവ കൂടുകൂട്ടിക്കൊള്ളും. നാം അശ്രദ്ധമായി തൂവുന്ന ധാന്യമണികളോ ചെറുകീടങ്ങളോ മതി അവയ്ക്ക് ആഹരിക്കാൻ, സ്വസ്ഥമായ ഒരു ഇടം പോലും അവ ആവശ്യപ്പെടുന്നില്ല.

വംശനാശത്തിലേക്ക് നീങ്ങുന്ന ഈ കുരുവികളുടെ സംരക്ഷണത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിനായി മാർച്ച് 20 അങ്ങാടിക്കുരുവി ദിനമായി ആഘോഷിച്ചുവരുന്നു. കേരളത്തിൽ എല്ലായിടത്തും തന്നെ പക്ഷിനിരീക്ഷകരും പ്രകൃതിസ്നേഹികളും ഈ ദിനം ആവേശപൂർവ്വം കൊണ്ടാടുന്നുണ്ട്. അങ്ങാടിക്കുരുവികളുടെ എണ്ണമെടുത്തും അവയ്ക്ക് കൂടുകൾ ഒരുക്കിക്കൊടുത്തും അവർ ഈ കുഞ്ഞുകിളികളോടുള്ള സ്നേഹവായ്പ് പ്രകടമാക്കുന്നു.

പക്ഷികൾ നമ്മുടെ ബാല്യകൗമാരകൗതുകങ്ങൾ മാത്രമല്ലെന്നും പ്രകൃതിയുടെ സന്തുലിത നിലനിൽപ്പിന്റെ അവിഭാജ്യഘടകമാണെന്നും ഇന്ന് നമുക്ക് അറിയാം. എങ്കിലും അനേകശതം പക്ഷികൾ ഈ ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അവയെ സംരക്ഷിക്കാനുള്ള നമ്മുടെ ശ്രമങ്ങളൊന്നും വേണ്ടത്ര ഫലം കാണുന്നില്ല എന്നതാണ് സത്യം.

പക്ഷികൾ പൊതുവെ നാണം കുണുങ്ങികളാണ്. മനുഷ്യരോട് ചേർന്ന് ജീവിക്കുക അവയിൽ ഏറിയകൂറിനും ബുദ്ധിമുട്ടാണ്. എന്നാൽ അങ്ങാടിക്കുരുവികൾ ഈ പൊതുതത്വത്തിന് ഒരു അപവാദമാണ്. ആൾപ്പെരുമാറ്റം കൂടുതലുള്ള പട്ടണങ്ങളും നാൽക്കവലകളും ചന്തകളുമൊക്കെയാണ് അവയ്ക്ക് പഥ്യം. മനുഷ്യവാസമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന പക്ഷികൾ വേറെയുമുണ്ടാവാം. എന്നാൽ മനുഷ്യവാസമില്ലാത്ത പ്രദേശങ്ങളിൽ ഒരിക്കലും തങ്ങാത്ത പക്ഷികളായി അങ്ങാടിക്കുരുവികളേ കാണൂ.

നമ്മുടെ കാൽച്ചുവടുവരെയെത്തി തീറ്റയെടുക്കാൻ അങ്ങാടിക്കുരുവികൾക്ക് മടിയില്ല. മനുഷ്യരോടുള്ള സഹവാസം ഇഷ്ടപ്പെടുന്ന പക്ഷികൾ എന്നതുകൊണ്ടാവണം വലിയ വർണ്ണസൗഭഗമൊന്നുമില്ലെങ്കിലും ഈ പക്ഷികൾ നമുക്ക് പ്രിയപ്പെട്ടവരാകുന്നത്.

പണ്ടൊക്കെ ഒരു പുതിയ കട തുറന്നാൽ ആദ്യം ചെയ്യുക കടയിൽ ഒരു മൺകലം തൂക്കി കുരുവിക്ക് കൂടൊരുക്കുകയായിരുന്നുവെന്ന് പുരാതനമായ ചങ്ങനാശ്ശേരി മാർക്കറ്റിലെ ഒരു വ്യാപാരി പഴയകാലം ഓർത്തെടുത്ത് പറയുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രതീകം കൂടിയാവുന്നു അങ്ങാടിക്കുരുവി. അവ പീടികയ്ക്കുള്ളിലെ പ്രാണികീടങ്ങളെ തിന്നൊടുക്കുന്നു. പുറത്ത് വീണുപോകുന്ന ധാന്യമണികൾ കൊത്തിപ്പെറുക്കുകയല്ലാതെ അരിച്ചാക്കുകൾ കൊത്തിപ്പൊളിക്കാനൊന്നും ഈ കുരുവികളില്ല. അതുകൊണ്ട് തന്നെ വ്യാപാരികൾക്ക് അങ്ങാടിക്കുരുവികൾ സുഹൃത്തുക്കൾ മാത്രം.

രാത്രിയും പക്ഷികൾക്ക് യഥേഷ്ടം കടക്കുള്ളിൽ കടക്കാവുന്നവിധം കടനിരയിൽ സുഷിരങ്ങൾ തീർത്തിരിക്കുന്ന വ്യാപാരശാലകൾ പഴയ അങ്ങാടികളിൽ ഇന്നും കാണാം. അത് കടകൾക്കുള്ളിലേക്ക് എയർകണ്ടിഷനറുകളും ഫാനുകളും കടന്നുവരുന്നതിന് മുമ്പുള്ള കാലം. എയർ കണ്ടീഷൻഡ് കടകൾ പക്ഷികൾക്ക് മുന്നിൽ വാതിലുകൾ കൊട്ടിയടച്ചു. ഫാനുകളാണ് അതിലേറെ കുരുവികൾക്ക് വിനാശമുണ്ടാക്കിയത്. അവയുടെ നീളൻ ചിറകുകൾ ഒരു കൊച്ചു ജീവൻ എത്രയാണ് തല്ലിക്കെടുത്തിയത്. കീടനാശിനികളുടെ സുഗന്ധം പരത്തുന്ന സ്പ്രേകൾ കടകൾക്കുള്ളിലെ പ്രാണികളെ തുരത്തുമെന്നിരിക്കെ അങ്ങാടിക്കുരുവികളുടെ സേവനം വ്യാപാരിക്ക് ഇനി വേണ്ടെന്നായിരിക്കുന്നു. ചുരുക്കത്തിൽ അതിന്റെ സഹജ ആവാസവ്യവസ്ഥയിൽ നിന്ന് ഈ ചെറുപക്ഷികൾ നിശ്ശബ്ദം പുറത്താക്കപ്പെടുകയാണ്.

അങ്ങാടിക്കുരുവികളുടെ തിരോധാനത്തിന് വേറെയുമുണ്ട് കാരണങ്ങൾ. ചണച്ചാക്കുകളുടെ ചെറുസുഷിരങ്ങൾ ചന്തകളിലെവിടെയും ധാന്യമണികൾ ചിതറിയിട്ടിരിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ വായുകടക്കാത്ത പ്ലാസ്റ്റിക് ചാക്കുകളിലാണ് അരിയും ഗോതമ്പുമെല്ലാം വരിക. അതുകൊണ്ടുതന്നെ ആകാശത്തിലെ പറവകൾക്കായി ധാന്യങ്ങൾ കടമുറ്റങ്ങളിൽ ബാക്കിവരാറില്ല. ഭക്ഷണത്തിന്റെ ദൗർലഭ്യം ഈ കുരുവികളുടെ എണ്ണത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു.

ഭക്ഷ്യവസ്തുക്കളിലെ കീടനാശിനികളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ധാന്യങ്ങളിലെ വിഷാംശങ്ങൾ ദുർബ്ബലരായ ഈ ചെറുജീവികളെ കൊന്നൊടുക്കുന്നു. നഗര ഗ്രാമഭേദമന്യേ ഉയരുന്ന മൊബൈൽ ടവറുകളാണ് ഏറ്റവും പുതിയ ഭീഷണി. അവ പ്രസരിപ്പിക്കുന്ന ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ അങ്ങാടിക്കുരുവികളുടെ വംശനാശത്തിന് കാരണമാകുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

അങ്ങാടിക്കുരുവികളുടെ എണ്ണത്തിലെ വൻ ഇടിവ് കേവലം ഒരു പ്രാദേശിക പ്രതിഭാസമല്ലെന്നും ലോകമെമ്പാടും അവയുടെ എണ്ണം കുറയുകയുമാണെന്നുള്ള കണ്ടെത്തൽ പ്രകൃതിസ്നേഹികളെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്. അവയുടെ സംരക്ഷണത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കുക എന്നതാണ് അങ്ങാടിക്കുരുവി ദിനാചരണത്തിന്റെ പൊരുൾ.

രാത്രിയും പക്ഷികൾക്ക് യഥേഷ്ടം കടക്കുള്ളിൽ കടക്കാവുന്നവിധം കടനിരയിൽ സുഷിരങ്ങൾ തീർത്തിരിക്കുന്ന വ്യാപാരശാലകൾ പഴയ അങ്ങാടികളിൽ ഇന്നും കാണാം. അത് കടകൾക്കുള്ളിലേക്ക് എയർകണ്ടിഷനറുകളും ഫാനുകളും കടന്നുവരുന്നതിന് മുമ്പുള്ള കാലം. എയർ കണ്ടീഷൻഡ് കടകൾ പക്ഷികൾക്ക് മുന്നിൽ വാതിലുകൾ കൊട്ടിയടച്ചു. ഫാനുകളാണ് അതിലേറെ കുരുവികൾക്ക് വിനാശമുണ്ടാക്കിയത്. അവയുടെ നീളൻ ചിറകുകൾ ഒരു കൊച്ചുജീവൻ എത്രയാണ് തല്ലിക്കെടുത്തിയത്. കീടനാശിനികളുടെ സുഗന്ധം പരത്തുന്ന സ്പ്രേകൾ കടകൾക്കുള്ളിലെ പ്രാണികളെ തുരത്തുമെന്നിരിക്കെ അങ്ങാടിക്കുരുവികളുടെ സേവനം വ്യാപാരിക്ക് ഇനി വേണ്ടെന്നായിരിക്കുന്നു.

അങ്ങാടിക്കുരുവികളുടെ അസാന്നിധ്യത്തെക്കുറിച്ച് വേവലാതിപ്പെടുന്നത് പക്ഷിനിരീക്ഷകർ മാത്രമല്ല മാർക്കറ്റുകളിലെ വ്യാപാരികളും തൊഴിലാളികളും അത് പങ്ക് വെയ്ക്കുന്നു. തങ്ങളറിയാതെ ഈ ചെറുകുരുവികൾ തങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് ഇന്ന് അവരും തിരിച്ചറിയുന്നു. അങ്ങാടിക്കുരുവി സംരക്ഷണത്തിന് മർച്ചന്റ് അസോസിയേഷനുകളും തൊഴിലാളി യൂണിയനുകളുംവരെ താല്പര്യമെടുക്കുന്നുവെന്നത് ശുഭോദർക്കമാണ്.

നിലനിൽപ്പിന് വളരെക്കുറച്ച് സൗകര്യങ്ങളേ അങ്ങാടിക്കുരുവികൾക്ക് വേണ്ടൂ. കടകളുടെ ഷട്ടറുകൾക്കിടയിലോ ഉപയോഗശൂന്യമായ ഒരു പൈപ്പ് കഷ്ണത്തിലോ, ചുവരിലെ ഒരു പൊത്തിലോ, അതുമല്ലെങ്കിൽ ഒരു പൊട്ടിയ മൺകുടത്തിലോ അവ കൂടുകൂട്ടിക്കൊള്ളും. നാം അശ്രദ്ധമായി തൂവുന്ന ധാന്യമണികളോ ചെറുകീടങ്ങളോ മതി അവയ്ക്ക് ആഹരിക്കാൻ സ്വസ്ഥമായ ഒരു ഇടം പോലും അവ ആവശ്യപ്പെടുന്നില്ല. തിരക്കും തിടുക്കവുമേറുന്ന ചന്തസ്ഥലമോ വീടുകളുടെ പരിസരമോ മതി അവയ്ക്ക് ജീവിക്കാൻ. ഇത്ര പരിമിത സൗകര്യങ്ങൾ മാത്രംതേടുന്ന അങ്ങാടിക്കുരുവികൾക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടാണെങ്കിൽ പിന്നെ ഏതു പക്ഷിജാതിക്കാണ് ഈ ഭൂമിയിൽ ഇടം?

അങ്ങാടിക്കുരുവി ദിനം നമ്മെ ഓർമ്മിപ്പിക്കുന്നത് എണ്ണം കുറഞ്ഞുപോകുന്ന ആ കുരുവികളെക്കുറിച്ച് മാത്രമല്ല മനുഷ്യൻ തകിടം മറിച്ച ആവാസവ്യവസ്ഥകളിൽ നിലനിൽക്കാൻ കഴിയാതെ ഒന്നൊന്നായി അപ്രത്യക്ഷമാകുന്ന എല്ലാ ജീവജാലങ്ങളെക്കുറിച്ചും കൂടിയാണ്. ■

ലേഖകൻ ആകാശവാണി പോണ്ടിച്ചേരി വാർത്താവിഭാഗം അസിസ്റ്റന്റ് ഡയറക്ടറാണ്.

തിരുമാറാടി ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)
കാക്കൂർ കാളവയൽ കാർഷിക മേള

ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണ് എന്ന് എക്കാലത്തും ഓർമ്മിപ്പിക്കാൻ ഗാന്ധിജി പറഞ്ഞു വച്ചിട്ടുണ്ട്. ഗ്രാമ തനിമയും നാടൻ വൈജ്ഞാനികതയും വികസനത്തിന്റെ ഏതേതു പടവുകളിൽ വച്ചാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് എന്ന് പക്ഷേ മനസിലാക്കുന്നില്ല. നന്മകൾ വിളയുന്ന ഗ്രാമ തനിമകൾ അപ്രത്യക്ഷമാകുമ്പോഴും മനീഷികൾ അകറ്റി നിർത്താൻ ആഗ്രഹിച്ചിരുന്ന അനാചാരങ്ങൾ തഴച്ചു വളരുന്നതിനും നമ്മുടെ ഉത്തരാധുനിക സമൂഹത്തിൽ ഇടം ഏറെയും. ഇതിനെ മറികടക്കാനും കാർഷിക ഗ്രാമ തനിമയുടെ മേൽവിലാസം നിലനിർത്താനുമായി കഴിഞ്ഞ 124 വർഷമായി എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഒരുജനത ഒറ്റക്കെട്ടായി നടത്തിവരുന്ന കാർഷിക ആഘോഷത്തെ പ്രത്യേകം വിലയിരുത്തേണ്ടത്.

പഴയ തിരുവിതാംകൂർ രാജഭരണത്തിൻ കീഴിലായിരുന്ന തിരുമാറാടിയിലെ കാക്കൂരിൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ നേതൃത്വത്തിൽ ആരംഭിച്ച കാർഷിക പരിഷ്കരണ രീതികളുടെ ഓർമ്മയുമായാണ് കാക്കൂർ കാളവയൽ എന്ന പ്രസിദ്ധിയാർജിച്ച ഈ കാർഷിക മേളയുടെ തുടക്കം.

മണ്ണും മനുഷ്യനും ജന്തു സസ്യജാലങ്ങളും തമ്മിലുള്ള ജൈവബന്ധത്തിന്റെ കണ്ണി അറ്റുപോകാതെ സൂക്ഷിക്കാൻ ഈ കാർഷിക മേള ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. കാളവയലിന്റേയും കാളവണ്ടിയോട്ടത്തിന്റേയും ഓർമ്മകളിലേക്ക് ഈ ആഘോഷം നാട്ടുകാരെ കൂട്ടികൊണ്ടു പോകുന്നു.

ഇക്കൊല്ലത്തെ ആഘോഷങ്ങൾ മാർച്ച് 4,5,6,7,8 തീയതികളിൽ കാക്കൂരും പരിസരത്തുമായി അരങ്ങേറി.

തീരുമാറാടി ഗ്രാമപഞ്ചായത്തിന്റേയും കാക്കൂർ സാംസ്കാരിക വേദിയുടേയും സംയുക്താഭിമുഖ്യത്തിൽ നടന്ന ആഘോഷ പരിപാടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു. വിവിധ സമ്മേളനങ്ങളിലായി എം.പി. ജോസ്. കെ.മാണി. എം.എൽ.എ ജോസഫ് വാഴക്കൻ, എക്സ് എം.എൽ.എ. എം.ജെ. ജേക്കബ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി തുടങ്ങിയവർ പങ്കെടുത്തു.

ഫ്ളവർഷോ, സാംസ്കാരിക ഘോഷയാത്ര, കാർഷിക സെമിനാറുകൾ, ജോഡിക്കാള മത്സരം, ശ്വാന പ്രദർശനം, മരമടിമത്സരങ്ങൾ, കാളവണ്ടി ഓട്ടമത്സരം, മഡ്റേസ്, വിവിധ കലാപരിപാടികൾ എന്നിവ കൊണ്ട് സമ്പന്നമായിരുന്നു ഇക്കൊല്ലത്തെ മേള.

കാർഷികമേളയുടെ വിജയകരമായ നടത്തിപ്പിന് പഞ്ചായത്തു പ്രസിഡന്റ് അനിത ബേബിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടുങ്ങുന്ന സ്വാഗതസംഘം നേതൃത്വം നൽകി.

എടവിലങ്ങ് പഞ്ചായത്ത് (തൃശ്ശൂർ ജില്ല) താമസം കൂടാതെ സേവനം

എടവിലങ്ങ് പഞ്ചായത്തിനു ഗുണമേന്മയ്ക്കുള്ള ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ചു. ഇതോടെ സംസ്ഥാനത്ത് ഐഎസ്ഒ അംഗീകാരം ലഭിച്ച അപൂർവ്വം പഞ്ചായത്തുകളിലൊന്നായി എടവിലങ്ങ് പഞ്ചായത്ത് മാറി. ഐഎസ്ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള 20 ഗുണമേന്മ ലക്ഷ്യങ്ങളിൽ സർട്ടിഫിക്കേഷനു മുന്നോടിയായി അഞ്ചു ലക്ഷ്യങ്ങൾ സാക്ഷാത്കരിച്ചു. ഇനി മുതൽ എടവിലങ്ങ് പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് ഉയർന്ന ഗുണനിലവാരത്തോടെയും താമസം കൂടാതെയും സേവനം ലഭിക്കുകയും അതുവഴി പഞ്ചായത്ത് ഓഫീസ് ജനസൗഹൃദ കാര്യാലയമായി മാറുകയും ചെയ്യും.

ജനന, മരണ വിവാഹ സാക്ഷ്യ പത്രങ്ങൾക്ക് ഓഫീസ് കയറിയിറങ്ങാതെ ലോകത്തിന്റെ ഏതു കോണിൽ നിന്നും ഇന്റർനെറ്റ് മുഖേന സാക്ഷ്യപത്രം ലഭിക്കൽ, അർഹരായ എല്ലാവർക്കും അപേക്ഷകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി, പഞ്ചായത്ത് ഓഫീസിൽ നൽകുന്ന അപേക്ഷകളിൽ എസ്.എം.എസ് മുഖേന പൊതുജനങ്ങളെ വിവരം അറിയിക്കൽ, പൊതുജനങ്ങൾക്കു തങ്ങളുടെ ഫയലിന്റെ സ്ഥിതി അറിയാൻ ടച്ച് സ്ക്രീൻ സംവിധാനം, അപേക്ഷകളിൽ ഒരാഴ്ചയ്ക്കകം തീർപ്പാക്കൽ, കെട്ടിട ഉടമകളുടെ അപേക്ഷ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ചാൽ അഞ്ചു മിനിറ്റിനകം സർട്ടിഫിക്കറ്റ് നൽകൽ, 100 ശതമാനം നികുതി പിരിവ്, 100 ശതമാനം പദ്ധതി ചെലവ് എന്നിവ പഞ്ചായത്തിന്റെ ഗുണമേന്മ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഏറെ സഹായകരമാകുന്നതിനു റെക്കോർഡുകൾ ക്രമമായും ചിട്ടയോടും കൂടി അടുക്കി തയാറാക്കൽ, ഫ്രണ്ട് ഓഫീസ് ജനസൗഹൃദമാക്കൽ, വിശാലമായ ഇരിപ്പിട സൗകര്യം, ടെലിവിഷൻ, മ്യൂസിക് സിസ്റ്റം എന്നിവ പഞ്ചായത്തിൽ ഏർപ്പെടുത്തി. ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിനു കിലയുടെ മാർഗനിർദേശങ്ങളും ഭരണസമിതിയുടെ പിൻതുണയും ജീവനക്കാരുടെ സഹകരണവും സഹായകരമായി.

ഐഎസ്ഒ കൺസൾട്ടന്റ് സെലസ് കൺസൾട്ടൻസിയുടെ മേൽനോട്ടത്തിൽ ടാറ്റുടെ ടി ക്യു സർവീസസാണ് ഐഎസ്ഒ ശുപാർശ ചെയ്തത്. പഞ്ചായത്ത് പ്രസിഡന്റ് എം.വി. ഇന്ദിര, വൈസ് പ്രസിഡന്റ് ടി.എം. ഷാഫി, സെക്രട്ടറി സി.എം. പ്രേമാനന്ദ് എന്നിവരാണു പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്.

മാണിക്കൽ ഗ്രാമപഞ്ചായത്തിന് (തിരുവനന്തപുരം ജില്ല) ഐ.എസ്.ഒ അംഗീകാരം

സമ്പൂർണ ഗുണമേന്മാ സംവിധാനത്തിലൂടെ സേവനം പ്രദാനം ചെയ്യുന്നത് മാതൃകാപരമായി നടപ്പിലാക്കിയതിനുള്ള ഐ.എസ്.ഒ-9001-2008 സാക്ഷ്യപത്രം മാണിക്കൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. അന്താരാഷ്ട്രഗുണമേന്മാ സാക്ഷ്യപത്രം ലഭിക്കുന്ന സംസ്ഥാനത്തെ എട്ടാമത്തെയും ജില്ലയിലെ ആദ്യത്തെയും ഗ്രാമപഞ്ചായത്താണ് മാണിക്കൽ. സേവനമാന്വൽ, ഗുണമേന്മാ മാന്വൽ, ഗുണമേന്മാ സംവിധാന പ്രവർത്തനമാന്വൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജയർ തുടങ്ങി നിരവധി രേഖകൾ ഇതിന്റെ ഭാഗമായി പഞ്ചായത്ത് തയാറാക്കി ഫ്രണ്ട് ഓഫീസ് വഴിയും ഈ സേവനം കുറഞ്ഞ സമയത്തിനുള്ളിൽ കാര്യക്ഷമമായി നൽകുന്നതിനായി സൂചിക സോഫ്റ്റ്വെയർ ഉപയോഗിച്ച് പഞ്ചായത്തിനെ പേപ്പർ രഹിത ഓഫീസ് ആക്കിയും മാറ്റിയിട്ടുണ്ട്. അപേക്ഷയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് വഴി അറിയാനുള്ള സംവിധാനവും ആരംഭിച്ചു.

■

പ.ന്യൂ സർവ്വീസ്

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹരിതോത്സവം

റിപ്പോർട്ട്

2014 ജനുവരി 25 മുതൽ ഫെബ്രുവരി 2 വരെ പിണറായി ഗ്രാമം അക്ഷരാർത്ഥത്തിൽ ഉത്സവ ലഹരിയിലായിരുന്നു. എല്ലാ റോഡുകളും പിണറായിലേക്കെന്ന് പറയുന്നതാവും ശരി. നാളിതുവരെ പിണറായി ഗ്രാമം കണ്ടിട്ടില്ലാത്ത സവിശേഷതകളോടെയുള്ള ഒരു ജനപ്രവാഹം, ഒടുവിൽ അതൊരു ജനസാഗരമായി മാറുന്ന കാഴ്ച. സംഘാടകരെയും നാട്ടുകാരെയും അമ്പരപ്പിച്ച ഈ കാഴ്ച തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പിണറായിലെ ഓലയമ്പലത്ത് വെച്ച് നടത്തിയ ഒമ്പതു നാൾ നീണ്ടുനിന്ന "ഹരിതോത്സവം മഹാമേള 2014" ന്റെ ഭാഗമായിട്ടായിരുന്നു.

ഒമ്പത് രാപ്പലുകൾ, നീണ്ട ഹരിതോത്സവത്തിന് തിരശ്ശീല വീഴുമ്പോൾ എല്ലാവർക്കും പങ്കുവെക്കാനുള്ളത് ഒരേവികാരം – "ഹരിതോത്സവം ഗംഭീരം. അടുത്ത വർഷവും എന്തായാലും നടത്തണം" എന്നുമാത്രം.

പലതുകൊണ്ടും ഹരിതോത്സവം വേറിട്ടുനിന്നു കേവലം ഒരു ജീവനില്ലാത്ത സർക്കാർ പദ്ധതിയായി മാറുന്നതിന് പകരം, അടിമുടി ജനപങ്കാളിത്തത്തോടെ സർക്കാർ, സ്വയം ഭരണസംവിധാനം, വിവിധ വകുപ്പുകൾ, ബഹുജനങ്ങൾ എന്നിവ ഒരേലക്ഷ്യത്തോടെ ഒരുമയോടെ കൈകോർക്കുമ്പോൾ ഏതു പദ്ധതിയും ഒരു ഉത്സവത്തിന്റെ വികാരതലത്തിലേക്ക് ഉയരും. എല്ലാറ്റിനും വേണ്ട സുതാര്യതയും വിശ്വാസ്യതയും കൃത്യതയും ജനാധിപത്യ വൽക്കരണവുമാണ് ഇതിന്റെ മുഖമുദ്ര. സുഖത്തിലും ദുഃഖത്തിലും പങ്കാളികളായി എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്ന ഒരു ജനകീയ സംഘാടക സമിതിയുടെ നിയന്ത്രണവും ആസൂത്രണവും കൂടി ചേർന്നപ്പോൾ ഹരിതോത്സവം എല്ലാം കൊണ്ടും ജനകീയോത്സവമായി മാറി. ഓരോദിവസവും ആയിരങ്ങളാണ് ഹരിതോത്സവ നഗരിയിലൊഴുകിയെത്തിയത്. ചില ദിവസങ്ങൾ നഗരിക്ക് താങ്ങാനും ഉൾക്കൊള്ളാനും കഴിയാത്ത വിധമുള്ള ജനബാഹുല്യമുണ്ടായി. നൂറുക്കണക്കിനാളുകൾക്ക് തിരിച്ചു പോരേണ്ട അവസ്ഥപോലുമുണ്ടായി. ജാതി മതവർഗ്ഗ വർണ്ണ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒഴുകിയെത്തിയ ആബാലവൃദ്ധം ജനങ്ങളും

ഇവിടെ പാലിച്ച അന്തസ്സും അച്ചടക്കവും ആത്മസംയമനവും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

മറ്റുപല മൗലികലക്ഷ്യത്തോടൊപ്പം മനുഷ്യമനസ്സിൽ മതിലുകൾ തീർക്കുന്ന വർത്തമാനകാല മനോഭാവത്തെ ഉപേക്ഷിച്ച്, നാടിന്റെ മാറ്റങ്ങളുടെ ഗതി നിർണ്ണയിച്ച പഴയകാലപൊതുയിടങ്ങൾ വീണ്ടെടുക്കുകയെന്ന കാഴ്ചപ്പാടും ഹരിതോത്സവം മുമ്പോട്ടു വച്ചിരുന്നു. ഇത്തരം ലക്ഷ്യത്തിന് ആക്കം കൂട്ടുന്നതായിരുന്നു ഇവിടെ കണ്ടജനപങ്കാളിത്തം. അമ്പതിനായിരത്തിലേറെ ആളുകൾ ഹരിതോസ്തസവ നഗരി സന്ദർശിച്ചിരുന്നെന്നാണ് കണക്ക്.

സർക്കാർ, അർദ്ധസർക്കാർ, ഗ്രാമപഞ്ചായത്ത്, സ്വകാര്യ ഏജൻസികളൊരുക്കുന്ന എൺപതിലേറെ സ്റ്റാളുകൾ, കൃഷി വിദ്യാഭ്യാസ വ്യാവസായിക ആരോഗ്യമേഖല അടിസ്ഥാനമാക്കിയുള്ള അപൂർവ്വതകൾ നിറഞ്ഞ ശ്രദ്ധേയമായ ശാസ്ത്രപ്രദർശനങ്ങൾ, വ്യതസ്ഥമേഖലകളിൽ സ്വന്തം കഴിവുതെളിയിച്ച കർഷകരെയും മറ്റു പ്രഗൽഭരേയും ആദരിക്കൽ, കാർഷിക അനുബന്ധമേഖലകളെ സമഗ്രമായി സ്പർശിക്കുന്ന സെമിനാറുകൾ, ഏഴു പഞ്ചായത്തുകൾ മത്സരഭാവത്തോടെ അണിനിരന്ന വർണ്ണ ശബളമായ സാംസ്കാരികഘോഷയാത്ര, ഏഴുദിനങ്ങളിലായി ഏഴുഗ്രാമപഞ്ചായത്തുകൾ അവതരിപ്പിച്ച കാർഷിക സംസ്കൃതിക്ക് മുൻതൂക്കമുള്ള മത്സരാടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ഏഴുപഞ്ചായത്തുകളിൽ നിന്നും സംഭരിച്ച കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും പ്രദർശനവും വിൽപ്പനയും ഹരിതോത്സവത്തെ അർത്ഥപൂർണ്ണമാക്കി. പ്രദർശന സ്റ്റാളുകളിലെ ആദ്യ കാഴ്ച തന്നെ കണ്ണിനും കരളിനും കുളിരുപകരുന്ന അനുഭവം സമ്മാനിക്കുന്നതാണ്. ഒരു സെന്റ് സ്ഥലത്ത് ഒരു കൊച്ചുവീടും സഹജീവികളും ഒപ്പം വെണ്ടയ്ക്ക തക്കാളി പച്ചമുളക് ഉൾപ്പെടെയുള്ള അടുക്കളത്തോട്ടവും, ആർക്കും അനുകരിക്കാവുന്ന ശ്രേഷ്ഠമാതൃകളാണെന്ന് കണ്ടവരെല്ലാം അഭിപ്രായപ്പെട്ടു. ഇതു പോലെ ഒട്ടേറെ സ്വകാര്യസ്റ്റാളുകൾ, വ്യാപാരസ്റ്റാളുകൾ, ഫുഡ്കോർട്ട്, അമ്യൂസ്മെന്റ് പാർക്ക് എന്നിവയും നഗരിക്ക് ആകർഷണിയത കൂട്ടി.

എന്നും രാത്രി എട്ടുമണിയോടെ, ഹിരതോത്സവ നഗരിയിലെ കൂറ്റൻ വേദി മെഗാ കലാപരിപാടിക്കായി മിഴിതുറക്കും. പതിനായിരങ്ങളാണ് പലപ്പോഴും പരിപാടി കാണാനായി എത്തുക' പ്രഫ. ഗോപീനാഥ് മുതുകാട്, കലാഭവൻ മണി, ഫെയിസ് ബുക്ക് ഫെയിംഗായിക ചന്ദ്രലേഖ, കാണങ്ങാട് ചിലമ്പൊലിയുടെ ഗോത്രപ്പെരുമ, കൊച്ചിൻഗിന്നസ് കെ.എസ്. പ്രസാദിന്റെ മെഗാഷോ, കൈരളി കുട്ടിപ്പട്ടു റുമാൽ തുടങ്ങിയവ ആസ്വദിക്കാനെത്തിയ സഹൃദയരെ ഉൾക്കൊള്ളാൻ ഈ ഓപ്പൺ ഓഡിറ്റോറിയത്തിന് കഴിയാതെ വന്നു.

സംസ്ഥാന കൃഷി-മൃഗസംരക്ഷണവകുപ്പു മന്ത്രിയാണ് ഹരിതോത്സവ മഹാമേള 2014 മാമാങ്കത്തിന് തിരികൊളുത്തിയത്. ധർമ്മടം എം.എൽ.എ. കെ.കെ. നാരായണൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഫ. കെ.എ. സരള, രാമചന്ദ്രൻ കടന്നപ്പള്ളി, സി.എൻ. ചന്ദ്രൻ തുടങ്ങിയ ഒട്ടേറെ പ്രമുഖരുടെ നിറസാന്നിധ്യം കൊണ്ടു ഉദ്ഘാടനവേദി

തിളങ്ങി. ഫെബ്രുവരി 2 ന് നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് കേരള ഗ്രാമവികസന സാംസ്കാരിക വകുപ്പു മന്ത്രി കെ.സി. ജോസഫായിരുന്നു. പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ. അധ്യക്ഷതവഹിച്ചു. സാമൂഹ്യ സാസംസ്കാരിക മേഖലകളിലെ ഉന്നത വ്യക്തിത്വങ്ങൾ ചടങ്ങിൽ സംബന്ധിച്ചു.

തരിശ് രഹിത തലശ്ശേരി ബ്ലോക്ക് പഞ്ചായത്താണ് നമ്മുടെ ലക്ഷ്യം. ഭരണത്തിലേറിയ ആദ്യവർഷം തന്നെ ഇതിനായി കാർഷിക പൂന്തോട്ടം പോലുള്ള ഒട്ടേറെ മാതൃകാപരമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. മണ്ണും മനസ്സും ഇതിനായി ഒരുക്കാനുള്ള അവബോധം സൃഷ്ടിക്കാൻ വേണ്ടി ജയ്കിസാൻ കർഷക സംസ്കൃതി എന്ന സാംസ്കാരിക കലാജാഥയും തലശ്ശേരി ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ഏഴു പഞ്ചായത്തിലും സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ തുടർച്ചയാണ് 'ഹരിതോത്സവം-മഹാമേള" പദ്ധതിയും - കാർഷിക മുന്നേറ്റം, വിഷവിമുക്തമായ തദ്ദേശിയ ഭക്ഷ്യവിഭവങ്ങൾ, മണ്ണിനേയും അധ്വാനിക്കുന്ന മനുഷ്യനേയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന സമൂഹം, നഷ്ടപ്പെട്ട തനത് ജീവിതമൂല്യങ്ങൾ വീണ്ടെടുക്കുക തുടങ്ങിയ ഉദാത്ത ലക്ഷ്യങ്ങളാണ് ഇതിന്റെ പിറകിലുള്ളത്. 8 ലക്ഷം രൂപയാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയത്. എന്നാൽ 28 ലക്ഷത്തോളം രൂപ അടങ്കൽ ഇതിന് വേണ്ടിവരുമെന്ന് കണക്കാക്കി ജനകീയ കമ്മിറ്റികളിലൂടെ ഈ സംഖ്യ സമാഹരിക്കാനും നടപ്പാക്കാനുമാണ് തീരുമാനിച്ചത്. ഹരിതോത്സവം ഒരു വിജയഗാഥയായി പരിണമിക്കുമ്പോൾ, വീണ്ടും പൂവിളിയും കൊയ്ത്തു പാട്ടും പുഞ്ചപ്പാടങ്ങളും പൂമ്പാറ്റകളും പറവകളും കൊണ്ട് സുഖസംഗീതം തീർത്ത ആ പഴയ നന്മയുടെ പൂക്കാലം വരവായി എന്ന തോന്നലാണ് ഉണ്ടാവുന്നത്. ഈ മഹത്തായ സന്ദേശം. വൈലോപ്പിള്ളി കവിതയിലെ വരികളിലൂടെ ഓർത്തെടുക്കാം -

ഏതു ധൂസര സങ്കൽപ്പത്തിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തു പുലർന്നാലും
മനസ്സിലുണ്ടാവട്ടെ - ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും. ■

തയ്യാറാക്കിയത്: മുകുന്ദൻ മാത്തിൽ, വൈസ് പ്രസിഡന്റ്,
തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

കെ. രവി

പഞ്ചായത്തുകളിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ബാധ്യത/ബാധ്യതരഹിത സർട്ടിഫിക്കറ്റും

ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ എല്ലാ പ്രോജക്ടുകളുടേയും നിർവ്വഹണ ചുമതല പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരുന്നു. പിന്നീട് ക്രമേണ ഗ്രാമ പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികൾ കൂടി പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരായി. ഏറ്റവും ഒടുവിൽ അസിസ്റ്റന്റ് എൻജിനീയറും നിർവ്വഹണ ഉദ്യോഗസ്ഥനായി (ഇനി മുതൽ ഇവരെ 'മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ' എന്ന് സംബോധന ചെയ്യുന്നതാണ്)

ഗ്രാമ പഞ്ചായത്തിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥനുപോലും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ടിയാൻ സേവനം അനുഷ്ടിച്ചിട്ടുള്ള എല്ലാ ഓഫീസുകളിൽ നിന്നും ബാധ്യത/ ബാധ്യത രഹിത സർട്ടിഫിക്കറ്റ് (LC/NLC) ഹാജരാക്കേണ്ടതാണ്. എന്നാൽ ഒരു സാമ്പത്തിക വർഷം അനേകം പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതുമായി ബന്ധപ്പെട്ട് ദശലക്ഷമോ അതിൽ കൂടുതലോ തുകയുടെ ഇടപാടുകൾ നടത്തുന്ന ഇവർക്ക് (മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ) പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും (LC/NLC) ഹാജരാക്കേണ്ടതില്ല.

ഗ്രാമ പഞ്ചായത്തുകളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചാൽ നിരാകരിക്കപ്പെട്ടതും തടസ്സപ്പെടുത്തിയതുമായ തുകയിൽ ഭൂരിപക്ഷവും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലാണെന്ന് കാണാം. സെക്രട്ടറിക്ക് വളരെ കുറച്ച് പ്രോജക്ടുകളുടെ നിർവവ്വഹണ ചുമതലയേ ഇപ്പോൾ ഉള്ളൂ. ഓഡിറ്റ് റിപ്പോർട്ടുകളിൽ കൃത്യമായി തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ ഇവരിൽ നിന്നും നിരാകരിക്കപ്പെട്ട തുക ഈടാക്കുന്നതിന് പലപ്പഴും കഴിയുന്നില്ല. നിശ്ചിത സമയ പരിധിക്കുള്ളിൽ ഇവർക്ക് സർചാർജ് നോട്ടീസ് നൽകുന്നതിന് ബന്ധപ്പെട്ട അധികൃതരും ജാഗ്രത പുലർത്താറില്ല. ഈ ബധ്യതകൾ എല്ലാം നിലനിൽക്കേ ഇവർ റിട്ടയർ ചെയ്യുന്നു. ഇവരിൽ പലരുടേയും സ്ഥിര മേൽവിലാസം പല പഞ്ചായത്തുകളിലും കാണില്ല. ഇവരിൽ പലരും റിട്ടയർ ചെയ്തിട്ടുണ്ടാവാം. ചിലരെങ്കിലും മരണപ്പെട്ടിട്ടുണ്ടാവാം. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു കൂടി (LC/NLC) ഹാജരാക്കണമെന്ന നിബന്ധനയില്ലാത്തതിനാൽ ഈ ബാധ്യതകൾ നിലനിൽക്കേ ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ എല്ലാം ലഭിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിലെ ബാധ്യത എക്കാലവും ബാധ്യതയായി അവശേഷിക്കുന്നു. ഇതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾക്കും തനത് ഫണ്ടുകൾക്കും ഭീമമായ നഷ്ടം ഉണ്ടാകുന്നു.

സംസ്ഥാനത്തെ പഞ്ചായത്തുകളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചാൽ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിരാകരിച്ച അനേക കോടി രൂപ യാതൊരു തുടർ നടപടിയുമില്ലാതെ അവശേഷിക്കുന്നുണ്ടെന്ന് കാണാം. തടസ്സപ്പെടുത്തിയ തുക ഒരു പക്ഷേ പതിനായിരം കോടി രൂപയിലധികമാവും.

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ ഓരോ വർഷവും നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളെ സംബന്ധിച്ചും ഇവർ റിട്ടയർ ചെയ്യുന്ന തീയതിയും ഇവരുടെ സ്ഥിര മേൽ വിലാസം ഉൾപ്പെടെയുള്ള വിവരങ്ങളും ഇവരുടെ പേരിലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളും എഴുതി സൂക്ഷിക്കുന്നതിന് ഒരു പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ പേഴ്സണൽ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനും സെക്രട്ടറി സ്ഥലം മാറുമ്പോൾ മറ്റ് റിക്കാർഡുകളോടൊപ്പം ഈ രജിസ്റ്ററും ചാർജ് റിപ്പോർട്ടിൽ രേഖപ്പെടുത്തി കൈമാറുന്ന സംവിധാനം ഉണ്ടായാൽ ആയത് ഇവരുടെ ബാധ്യത പെട്ടെന്ന് കണ്ടെത്തുന്നതിന് പ്രയോജനപ്രദമാണ്.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൂടി ഇവർ (LC/NLC) ഹാജരാക്കണമെന്ന നിർദ്ദേശം സർക്കാരിൽ നിന്നും ഉണ്ടാകുന്നതുവരെ ഓഡിറ്റ് റിപ്പോർട്ടിലെ ബാധ്യതകൾ വകുപ്പ് മേധാവി / Pension Sanction Authority എന്നീ അധികൃതരെ യഥാസമയം അറിയിക്കുന്നതും ഈ വിഷയത്തിൽ ഒരു താത്കാലിക പരിഹാരമാകുന്നതാണ്. ■

ലേഖകൻ: പഞ്ചായത്ത് വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ചയാളാണ്.

വി.കെ. ശ്രീധരൻ

ജലസഹകരണ വർഷത്തിന് തിരശ്ശീല വീഴുമ്പോൾ

യുവാക്കളില്ലാത്ത ഒരു ഗ്രാമം രാജസ്ഥാനിലെ ജയ്പൂരിൽ, 1200 പേർക്ക് എല്ലിനും പല്ലിനും രോഗം ബാധിച്ച് യുവത്വം നഷ്ടപ്പെട്ട് വൃദ്ധരായവർ. ഇന്ത്യയിൽ 19 സംസ്ഥാനങ്ങളിൽ ഭൂജലത്തിലെ ഫ്ളൂറൈഡ് അധികരിച്ചതിനാൽ ഫ്ളൂറോസിസ് രോഗബാധിതരായി 60000 പേർ. അച്ഛനായ യയാതിക്ക് യൗവ്വനം നൽകി വാർധക്യം ഏറ്റുവാങ്ങിയ പുരു ഇന്നില്ല. (യയാതി - നോവൽ - ഖണ്ഡേക്കർ) ബഹുമുഖങ്ങളാണ് ജലക്ഷാമത്തിന്റെ നിദാനങ്ങൾ കാലാവസ്ഥ വ്യതിയാനം, മലീനീകരണം, സ്രോതസുകളുടെ നാശം, ദുർവ്യയവും ദുരുപയോഗവും, തെറ്റായ നയങ്ങൾ, ജനസംഖ്യ വർധന, ശിഥിലമാകുന്ന ആവാസവ്യവസ്ഥകൾ എന്നിവ ചിലതുമാത്രം. അതുകൊണ്ടുതന്നെ ഈ പ്രഹേളികയുടെ കുരുക്കഴിക്കാൻ ചെയ്യേണ്ടത് ഒട്ടനവധി കാര്യങ്ങൾ.

യുദ്ധങ്ങൾ പലപ്പോഴും ജലവിഭവത്തിൽ മേൽകോയ്മ നേടാനെന്ന് അഭിജ്ഞമതം. ഇറാക്ക് യുദ്ധം യൂഫ്രറ്റിസ്, ടൈഗ്രിസ് നദികൾ പിടിച്ചെടുക്കുന്നതിനു കൂടിയായിരുന്നു. ഇന്ത്യാ-പാകിസ്ഥാൻ പോരിന്റെ ഒരു ലക്ഷ്യം കാർഗിലിലെ മഞ്ഞുപാളികളിൽ (Glaciers) ആധിപത്യം സ്ഥാപിക്കുക എന്നതും കേരളം - തമിഴാനാട് സംസ്ഥാനങ്ങളുടെ പോരാട്ടം മുല്ലപെരിയാർ, അളിയാർ പദ്ധതികളെച്ചൊല്ലി. സുപ്രീം കോടതി ഉത്തരവു പ്രകാരം തമിഴ്നാടിന് കാവേരിയിൽ നിന്നും വെള്ളം വിട്ടുകൊടുത്തതിനെ തുടർന്ന് കർണ്ണാടകയിൽ പ്രക്ഷോഭങ്ങൾ. അന്തർദ്ദേശീയ ജലതർക്കങ്ങളോപ്പോലെ പൊതു കിണറുകളുടെയും വാട്ടർടാപ്പുകളുടെയും അരികിൽ നിന്നും സംഘർഷങ്ങൾ വഴി മരുന്നിട്ട് വീട്ടുക്കാരിലേക്ക്. അതിനാൽ 2013 ജലസഹകരണ വർഷമായി ആചരിക്കാൻ ഐക്യരാഷ്ട്ര സഭ ആഹ്വാനം ചെയ്തു. ഉള്ളത് മനിലമാകാതെ കാത്തുസൂക്ഷിക്കാൻ, പരസ്പരം പങ്കുവയ്ക്കാൻ സ്വയം പ്രചോദിതരാകാനും പ്രചാരണത്തിനുമായി ഒരു ക്യാമ്പയിൻ.



വെള്ളം ഒരു വിൽപന ചരക്കാക്കി (Economic good) യതാണ് 2012 ലെ ദേശീയ ജലനയത്തിലെ കാതലായ പ്രശ്നം. 1987 ലെയും 2002 ലെയും നയത്തിലെ മുൻഗണനകൾ മാറ്റിയെന്നും ജലവിതരണത്തിൽ സ്വകാര്യവത്ക്കരണത്തിന് തുടക്കമിടുന്നു എന്നതുമാണ് പ്രധാന വിമർശനം. കാർഷിക വൈദ്യുതി സബ്സിഡി നിറുത്തലാക്കുമെന്നും വാട്ടർ റഗുലേറ്ററി അതോറിറ്റി ആരംഭിക്കുമെന്നും സൂചന. ജലവിതരണത്തിൽ കുടിവെള്ളത്തിന് മുൻഗണന, എല്ലാവർക്കും വീടിനടുത്ത് അത്യാവശ്യം വേണ്ട വെള്ളം ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യം.

ഗാർഹികാവശ്യത്തിന് വീട്ടുകണക്ഷൻ എന്നത് സർക്കാരിന്റെയും എന്തു സ്വാധീനമുപയോഗിച്ചും വിലകൊടുത്തും എടുക്കുകയെന്നത് ജനങ്ങളുടെയും മുഖ്യദൗത്യമായി മാറിയിരിക്കുകയാണ്. വാട്ടർ ടാപ്പുകൾ എത്താത്തതല്ല, പുതുതായി കണക്ഷൻ നൽകുമ്പോൾ മൊത്തത്തിലുള്ള വിതരണത്തിൽ കുറവുണ്ടാകുമെന്നും ജലദൗർലഭ്യമാണ് സങ്കീർണ്ണമായ പ്രശ്നമെന്നും

യുദ്ധങ്ങൾ പലപ്പോഴും ജലവിഭവത്തിൽ മേൽകോയ്മ നേടാനെന്ന് അഭിജ്ഞമതം. ഇറാക്ക് യുദ്ധം യൂഫ്രട്ടിസ്, ടൈഗ്രിസ് നദികൾ പിടിച്ചെടുക്കുന്നതിനു കൂടിയായിരുന്നു. ഇന്ത്യാ-പാകിസ്ഥാൻ പോരിന്റെ ഒരു ലക്ഷ്യം കാർഗിലിലെ മഞ്ഞുപാളികളിൽ (Glaciers) ആധിപത്യം സ്ഥാപിക്കുക എന്നതും കേരളം - തമിഴനാട് സംസ്ഥാനങ്ങളുടെ പോരാട്ടം മുല്ലപെരിയാർ, അളിയാർ പദ്ധതികളെച്ചൊല്ലി. സുപ്രീം കോടതി ഉത്തരവു പ്രകാരം തമിഴ്നാടിന് കാവേരിയിൽ നിന്നും വെള്ളം വിട്ടുകൊടുത്തതിനെ തുടർന്ന് കർണ്ണാടകയിൽ പ്രക്ഷോഭങ്ങൾ.

നാം തിരിച്ചറിയണം. പൈപ്പ് പൊട്ടൽ തുടർകഥയാകുമ്പോൾ, അരുവിക്കരയിൽ നിന്നും തിരുവനന്തപുരത്തേക്കും പീച്ചിയിൽ നിന്നും തൃശൂരിലേക്കും വെള്ളമെത്താതെ ജനമുഴലുമ്പോൾ, വിദൂര ജല സ്രോതസ്സുകളേക്കാൾ അയൽപക്കത്തെ/വീട്ടിലെ കിണറുകളാണ് വിശ്വസനീയമെന്ന് പൗരസമൂഹം ബോധ്യപ്പെടണം. കേരളത്തിൽ 60 ശതമാനം ജനങ്ങളും ആശ്രയിക്കുന്ന 58 ലക്ഷം കിണറുകളിൽ 90 ശതമാനവും രോഗാണുവാഹികളെന്ന് റിപ്പോർട്ട്. വയലുകളും കുളങ്ങളും പോലെ കിണറുകളും തൂർക്കുകയോ മാലിന്യ നിക്ഷേപിണികളാക്കി മാറ്റുകയോ ചെയ്തു. ജലക്ഷാമം മൂലം നരകിക്കുന്നത് 30 രാജ്യങ്ങൾ, 110 കോടി ജനങ്ങൾ, 15 വർഷം കഴിയുമ്പോൾ ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗമായി ഇത് വർധിക്കും.

മലിനീകരണം മറ്റൊരു ഭീഷണി. ഗൃഹ, വ്യവസായിക മാലിന്യങ്ങൾ എല്ലാം തള്ളിവിടുന്നത് ജലശേഖരങ്ങളിലേക്ക്. ഇത് നദിയുടെയും സമുദ്രത്തിന്റെയും ശുദ്ധീകരണശേഷിക്കപ്പുറത്ത്. അക്കാരണത്താൽ അവ ജലത്തിൽ അലിഞ്ഞു ചേർന്ന് മത്സ്യങ്ങളിലും മറ്റു ജലജീവികളിലും സന്നിവേശിച്ച് അത് വലിച്ചെറിയുന്ന മനുഷ്യനിൽ തന്നെ തിരിച്ചെത്തുന്നു. ക്ലോറൈഡ്, ഫ്ളൂറൈഡ്, ആർസെനിക്, കാഡ്മിയം തുടങ്ങി മെർക്കുറി വരെയെത്തുന്ന ശൃംഖല. ഭൂമിമാതാവിന്റെ മടിയിലേക്ക് വലിച്ചെറിയുന്ന മാലിന്യവസ്തുക്കളും മഴ വെള്ളത്തിൽ ലയിച്ച് ഭൂഗർഭത്തിലേക്ക്. പുണ്യനദികളായ പമ്പയും ഗംഗയും കാവേരിയുമൊക്കെ പാപഭാരത്താൽ തലകുനിച്ച് നിൽക്കുന്നു. മാലിന്യനദിയിൽ മുഖം നഷ്ടപ്പെടുന്ന മാമലകൾ. അച്ചൻ കോവിലാറിലെ

ശേഷം 34-ാം പേജിൽ

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും

ചോദ്യം 1 : വിനിയോഗിക്കാത്ത തുക എന്തു ചെയ്യണം?

ഞാൻ ഒരു നിർവഹണ ഉദ്യോഗസ്ഥനാണ്. വികസനഫണ്ട് ഉപയോഗിച്ച് നിർവഹണം നടത്തുന്ന ഒരു പ്രൊജക്ടിന്റെ അടങ്കൽ 4,85,000 രൂപയായിരുന്നു. ഈ തുകയ്ക്കുള്ള പ്രൊഫോർമ ഇൻവോയ്സ് സിഡ്കോയിൽ നിന്നു ലഭിക്കുകയും ഈ തുകയ്ക്ക് റിക്വിസിഷൻ സമർപ്പിക്കുകയും ചെയ്തു. അലോട്ട്മെന്റ് ലഭിച്ചു. ട്രഷറിയിൽ TR59B ബില്ലിനോടൊപ്പം പ്രെഫോർമഇൻവോയ്സ് സമർപ്പിച്ച് പി.ഒ.സി. ലഭിക്കുകയും 4,85,000 രൂപ എന്റെ ഇന്ത്യൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. (എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും അനുവദിച്ചിട്ടുള്ള ദേശസാൽകൃതബാങ്കിലെ അക്കൗണ്ട് പോലെ എനിക്കും സെക്രട്ടറി അനുവദിച്ചുതന്നിട്ടുള്ളതാണ്. ഇന്ത്യൻ ബാങ്കിലെ അക്കൗണ്ട്). സാധനം പിന്നീടാണ് ലഭിച്ചതും സപ്ലൈയറിൽ നിന്ന് ബിൽ ലഭിച്ചതും. സിഡ്കോയുടെ ബിൽപ്രകാരം 4,82,500 രൂപ നൽകിയാൽ മതിയായിരുന്നു. അതിനാൽ ആതുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഇന്ത്യൻ ബാങ്കിൽ നിന്ന് എടുത്ത് നൽകി. ഇപ്പോൾ ബാങ്ക് അക്കൗണ്ടിൽ വിനിയോഗിക്കാത്ത തുകയായി 2500 രൂപ ശേഷിക്കുന്നു. ഈ തുക തിരിച്ചടയ്ക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കാമോ?

ഉത്തരം : വിനിയോഗിക്കാത്ത തുക എങ്ങനെ തിരിച്ചടയ്ക്കണമെന്ന് വിശദീകരിക്കാം. അതിനു മുമ്പ്, താങ്കളുടെ ചോദ്യത്തിൽ നിന്ന് താങ്കൾ ചെയ്ത കാര്യങ്ങൾ അറിഞ്ഞ് ഞാൻ ഞെട്ടിപ്പോയി എന്നു തുറന്നു സമ്മതിക്കട്ടെ. അതിനാൽ താങ്കൾ ഏതെല്ലാം ചതിക്കുഴികളിലാണ് വീണുപോയതെന്ന് മനസ്സിലാക്കിത്തരാൻ ആദ്യം ശ്രമിക്കാം.

ചതിക്കുഴി 1: പ്രൊഫോർമ ഇൻവോയ്സ് ലഭിച്ച് അതിന്റെ അടിസ്ഥാനത്തിൽ റിക്വിസിഷൻ സമർപ്പിക്കുന്നത് അഡ്വാൻസ് വാങ്ങാൻ അനുവദനീയമായ കാര്യങ്ങൾക്കു മാത്രമാണ്. ഉദാഹരണം : ഓയിൽ കമ്പനികളിൽ നിന്നു ടാർവാങ്ങൽ. സിഡ്കോയ്ക്കു പണം നൽക്കേണ്ടത് സാധനം അവർ സപ്ലൈ ചെയ്ത് ബിൽ നൽകുമ്പോൾ മാത്രമാണ്. അവരുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ 4,82,500 രൂപയക്കുള്ള റിക്വിസിഷൻ ആയിരുന്നു സമർപ്പിക്കേണ്ടിയിരുന്നത്. അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ ചോദ്യം തന്നെ ഉത്ഭവിക്കില്ലായിരുന്നു.

ചതിക്കുഴി 2: ട്രഷറിയിൽ സമർപ്പിച്ച ബില്ലിനോടൊപ്പം താങ്കൾ സമർപ്പിക്കേണ്ടിയിരുന്നത് തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നു ലഭിച്ച അലോട്ട്മെന്റും അതോടൊപ്പം സിഡ്കോയിൽ നിന്ന് സാധനം സപ്ലൈ ചെയ്തുകഴിഞ്ഞ് ലഭിച്ച ബില്ലുമായിരുന്നു. ഇതുരണ്ടും 4,82,500 രൂപയുടേതാണെങ്കിൽ മാത്രമേ ട്രഷറി പണം തരുമായിരുന്നുള്ളു. അതിനുപകരം താങ്കൾ സമർപ്പിച്ചത് പ്രൊഫോർമ ഇൻവോയ്സ് ആയിരുന്നുവെന്ന കാര്യം ട്രഷറി ശ്രദ്ധിക്കാതിരുന്നതിനാലാണ് താങ്കൾക്ക് പി.ഒ.സി. ലഭിച്ചത്.

ചതിക്കുഴി 3 : എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും ദേശസാൽകൃതബാങ്കിൽ അക്കൗണ്ട് അനുവദിച്ചിട്ടില്ല. നോൺ ബാങ്കിംഗ് ട്രഷറിയുമായി ഇടപാട് നടത്തുന്നവർക്ക് ട്രഷറി നൽകുന്നത് കാഷ് ആണ്; പി.ഒ.സി.യല്ല. 1000 രൂപയ്ക്കു മേലുള്ള തുകകൾ കാഷ് ആയി നൽകരുതെന്നും ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാത്രമേ നൽകാവൂ എന്നും 12-4-2006 ലെ

ജി.ഒ.(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 8.2–ാം ഖണ്ഡിക അനുശാസിക്കുന്നു. ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പി.ഒ.സി, ലഭിച്ചാൽ ട്രഷറിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബ്രാഞ്ചിൽ നിന്നു ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കും. എന്നാൽ നോൺ ബാങ്കിംഗ് ട്രഷറിയുമായി ഇടപാട് നടത്തുന്നവർക്ക് കാഷ് ആണല്ലോ ലഭിക്കുക. അതിനാൽ അവർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കുന്നതിനുള്ള സൗകര്യത്തിനായി അനുവദിച്ചിട്ടുള്ളതാണ് ദേശസാൽകൃത ബാങ്കിലെ അക്കൗണ്ട്. ഇക്കാര്യം മേൽപറഞ്ഞ 12–4–2006 ലെ സർക്കാർ ഉത്തരവിന്റെ 8.3–ാം ഖണ്ഡികയിൽ വായിക്കാം. താങ്കൾക്ക് ട്രഷറിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖയിൽ നിന്നു തന്നെ ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കുമായിരുന്നല്ലോ? എന്നിട്ടും ഇന്ത്യൻ ബാങ്ക് ശാഖയിൽ അക്കൗണ്ട് തുടങ്ങുവാൻ സെക്രട്ടറി താങ്കൾക്ക് തന്ന അനുവാദവും താങ്കൾ അതനുസരിച്ച് ഇന്ത്യൻ ബാങ്ക് ശാഖയിൽ തുടങ്ങിയ അക്കൗണ്ടു താങ്കൾ വീണ ചതിക്കുഴികളായിപ്പോയി.

തുകതിരിച്ചടയ്ക്കേണ്ടവിധം: തന്നാണ്ടിൽ വാങ്ങിയ തുകയാണല്ലോ തിരിച്ചടയ്ക്കേണ്ടത്. അതിനാൽ, പഞ്ചായത്തിന്റെ വി.പി.എഫ്. (എ) II അക്കൗണ്ടിലെക്കാണ് തിരിച്ചടയ്ക്കുന്നതെങ്കിൽ ആ വിവരം ചലാനിൽ രേഖപ്പെടുത്തി ട്രഷറിയിൽ പണം തിരിച്ചടയ്ക്കുക. ഇപ്രകാരം തിരിച്ചടച്ച വിവരം അറിയിച്ചുകൊണ്ടുള്ള കത്തും അതോടൊപ്പം ചലാന്റെ ഫോട്ടോകോപ്പിയും സെക്രട്ടറിക്കു നൽകിയാൽ സെക്രട്ടറി ഈ വിവരം ട്രഷറിക്ക് റിപ്പോർട്ട് ചെയ്യും. ട്രഷറി വി.പി. എഫ് II (എ) യിൽ തുക വർദ്ധിപ്പിച്ചുതരും. അത്രയും തുക ഈ വർഷം തന്നെ വിനിയോഗിക്കാനും പഞ്ചായത്തിന് ലഭ്യമാണ്. 2500 രൂപയ്ക്ക് പ്രോജക്ടുമായി ബന്ധപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (എ.സി. ആർ) വരത്തക്കവിധം പഞ്ചായത്തിൽ സാംഖ്യയിൽ രസീത് രേഖപ്പെടുത്തുക, തിരിച്ചടച്ച തുക എ.സി. ആറിൽ വരും. പ്രോജക്ട് ചെലവിൽ നിന്ന് ഇത്രയും തുക (2500 രൂപ) കുറഞ്ഞതായി സാംഖ്യ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ നിന്ന് സുലേഖ സോഫ്റ്റ് ആപ്ലിക്കേഷനിലേക്ക് വിവരം നൽകുകയും അതനുസരിച്ച് പ്രോജക്ട് ചെലവ് കുറയുകയും ചെയ്യും.

ചോദ്യം 2 :
അനധികൃത ചെലവ്

പ്രോജക്ട് അടങ്കൽ താഴെ പറയുന്ന വിധത്തിലായിരുന്നു:

വികസനഫണ്ട് : 10 ലക്ഷം രൂപ
തനതുഫണ്ട് : 5 ലക്ഷം രൂപ
ആകെ : 15 ലക്ഷം രൂപ

വികസനഫണ്ടിൽ നിന്ന് 10 ലക്ഷത്തിനുപകരം 12 ലക്ഷം രൂപ പിൻവലിച്ചു. 12 ലക്ഷത്തിന് റിക്വിസിഷൻ കൊടുക്കാൻ കഴിയാത്തതിനാൽ ഈ തുക സാംഖ്യയിൽ രേഖപ്പെടുത്താനോ, അതുവഴി സുലേഖയിലേക്ക് റിപ്പോർട്ട് ചെയ്യാനോ കഴിയുന്നില്ല. എന്തുചെയ്യണം?

ഉത്തരം : പഞ്ചായത്തിലെ എല്ലാ പണമിടപാടുകളും അവ നടന്ന ഉടൻ തന്നെ സാംഖ്യയിൽ രേഖപ്പെടുത്തണമെന്നും മറ്റൊരു ദിവസത്തേക്ക് നീട്ടിവെക്കരുതെന്നും 6–7–2011 ലെ ജിഒ(എം. എസ്) 128/2011/എൽ.എസ്.ജിഡി നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സാംഖ്യയിൽ രേഖപ്പെടുത്താതെ ഒരു പണമിടപാടും നടത്താൻ പാടില്ലെന്ന് 13–10–2011 ലെ ജി.ഒ (എം.എസ്) 245/2011/ എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ 6–ാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്നു. ഇപ്രകാരം രേഖപ്പെടുത്തിയതിനു തെളിവായി സാംഖ്യയിൽ നിന്നു ലഭിച്ച പേയ്മെന്റ് ഓർഡർ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു ബില്ലിന്മേലും സെക്രട്ടറിമാർ ഒപ്പിടരുതെന്ന് പ്രസ്തുത ഉത്തരവിന്റെ 8–ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപറഞ്ഞ പ്രകാരം പ്രവർത്തിച്ചിരുന്നെങ്കിൽ അടങ്കൽ തുകയായ 10 ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് റിക്വിസിഷനോ അലോട്ട്മെന്റോ നൽകാനോ കൂടുതൽ തുകയ്ക്കുള്ള ബിൽ ട്രഷറിയിൽ സമർപ്പിക്കാനോ സാധിക്കുമായിരുന്നില്ല. എല്ലാം മാന്വൽ സമ്പ്രദായത്തിൽ ചെയ്ത്, നേരത്തേ വാങ്ങി സൂക്ഷിച്ചിട്ടുള്ള ഫോറത്തിൽ എഴുതിത്തയ്യാറാക്കിയ ബില്ലിൽ സെക്രട്ടറി ഒപ്പിട്ട് ബിൽ ട്രഷറിയിൽ സമർപ്പിച്ചു. എല്ലാം കഴിഞ്ഞ് തെറ്റായ തുക സാംഖ്യയിൽ രേഖപ്പെടുത്താൻ ശ്രമിക്കുമ്പോൾ സാധിക്കുന്നില്ല. ഈ പ്രശ്നം കോഓർഡിനേഷൻ കമ്മിറ്റിയിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രീതിയിലാണ് സാംഖ്യയിൽ രേഖപ്പെടുത്തേണ്ടത്:

ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പി.ഒ. സി, ലഭിച്ചാൽ ട്രഷറിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ടാവൻകൂർ ബ്രാഞ്ചിൽ നിന്നു ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കും. എന്നാൽ നോൺ ബാങ്കിംഗ് ട്രഷറിയുമായി ഇടപാട് നടത്തുന്നവർക്ക് കാഷ് ആണല്ലോ ലഭിക്കുക. അതിനാൽ അവർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കുന്നതിനുള്ള സൗകര്യത്തിനായി അനുവദിച്ചിട്ടുള്ളതാണ് ദേശസാൽകൃത ബാങ്കിലെ അക്കൗണ്ട്. ഇക്കാര്യം മേൽപറഞ്ഞ 12-4-2006 ലെ സർക്കാർ ഉത്തരവിന്റെ 8.3-ാം ഖണ്ഡികയിൽ വായിക്കാം.

അടങ്കൽ തുകയായ 10 ലക്ഷം രൂപയ്ക്ക് വികസനഫണ്ടിൽ നിന്ന് റിക്വിസിഷൻ നൽകി സാംഖ്യയിൽ രേഖപ്പെടുത്തുകയും തത്സമയം തന്നെ സുലേഖയിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക. വികസനഫണ്ടിൽ നിന്ന് അനധികൃതമായി പിൻവലിച്ച തുക "അൺഓതറൈസ്ഡ് (unauthorized withdrawal) എന്ന ഇടപാടായി സാംഖ്യയിൽ രേഖപ്പെടുത്തുക. ഇത് പ്രോജക്ട് ചെലവിൽ സുലേഖയിൽ ഉൾപ്പെടുത്തുകയില്ല.

ചോദ്യം 3: കാഷ് ബുക്ക് ബാലൻസ് കൂടുതൽ/ കുറവ്

ഒരുദിവസത്തെ കളക്ഷൻ 6,600 രൂപയായിരുന്നു. എന്നാൽ പിറ്റേദിവസം ബാങ്കിൽ 6,700 രൂപ അടച്ചു. 6,700 രൂപയ്ക്ക് സാംഖ്യയിൽ കോൺട്രാ എൻട്രി വരുത്തി. അന്നുമുതൽ കാഷ്ബുക്കിലെ ക്ലോസിംഗ് ബാലൻസ് 100 രൂപ കുറവായാണ് കാണിച്ചുവരുന്നത്.

കാഷ്ബാലൻസിലെ കുറവ് കഴിഞ്ഞ കുറേ ദിവസമായി തുടർന്നുവരുന്നു. ഇതെങ്ങനെയാണ് പരിഹരിക്കേണ്ടത്?

ഉത്തരം

ഓരോ ദിവസത്തിന്റെയും അവസാനം കാഷ് ബുക്ക് സമ്മറിയുടേയും ബാങ്ക് ബുക്കുകളുടേയും പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിടേണ്ടതും ഇവ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണെന്ന് 13-10-2011 ലെ ജിഒ(എംഎസ്) 245 /2011യ/എൽ.എസ്.ഇ.ഡി.നമ്പർ സർക്കാർ ഉത്തരവിന്റെ 8-ാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്നുണ്ട്. ഈ നിർദ്ദേശം ഒന്നുകിൽ പാലിക്കുന്നില്ല; അല്ലെങ്കിൽ യാന്ത്രികമായി പാലിക്കുന്നു - അതുകൊണ്ടുമാത്രമാണ് ഈ ചോദ്യം ഉത്ഭവിച്ചത്. അല്ലെങ്കിൽ പലദിവസങ്ങളായി കാഷ്ബുക്ക് ബാലൻസ് കുറവു കാണിക്കുന്ന സാഹചര്യം ഉണ്ടാവുകയില്ലായിരുന്നു.

കാഷ്ബുക്കിലെ ബാലൻസ് എത്രയാണെന്നറിയാനും അതുതന്നെയാണ് യഥാർത്ഥത്തിൽ കാഷ്ചെസ്റ്റിൽ ഉള്ളത് എന്ന് ഉറപ്പുവരുത്താനുമാണ് കാഷ്ബുക്ക് പ്രിന്റ് ഔട്ട് എടുക്കുന്നത്. കാഷ്കൗണ്ടറിൽ നിന്ന് പ്രിന്റ് ഔട്ട് എടുക്കുന്ന കൗണ്ടർ സ്റ്റേറ്റ്മെന്റ് ആയാലും ഹെഡ്വൈസ് കളക്ഷൻ സ്റ്റേറ്റ്മെന്റ് ആയാലും അത് അന്നേ ദിവസം ലഭിച്ച കാഷിന്റെ വിവരം മാത്രമേ കാണിക്കൂ. അതുവഴി അന്നു ലഭിച്ച കാഷ് ശരിതന്നെയെന്ന് ഉറപ്പുവരുത്താൻ കഴിയും. എന്നാൽ ഈ തുകയോട്, കാഷ്ചെസ്റ്റിൽ നേരത്തേ എന്തെങ്കിലും തുക കിടപ്പുണ്ടായിരുന്നെങ്കിൽ അത് കൂട്ടുകയും, അന്നേദിവസം നടത്തിയ കാഷ് പേയ്മെന്റ് കുറയ്ക്കുകയും ചെയ്താൽ മാത്രമേ അന്നേദിവസം അവസാനം കാഷ്ചെസ്റ്റിൽ എത്ര തുകയാണ് കണക്കുപ്രകാരം ഉണ്ടായിരിക്കേണ്ടത് എന്ന വിവരം അറിയാൻ കഴിയൂ. കാഷ് ബുക്കിന്റെ പ്രിന്റ് ഔട്ടിൽ നിന്ന് ഈവിവരം കൃത്യമായി ലഭിക്കും. കാഷ്ബുക്ക് പ്രിന്റ് ഔട്ട് നോക്കണം; കാഷ്ചെസ്റ്റിലുള്ള തുക എണ്ണി നോക്കണം - ഇവരണ്ടും ഒന്നുതന്നെയാണെന്ന് ഓരോദിനാന്ത്യത്തിലും ഉറപ്പുവരുത്തണം. ഇവ ഒന്നല്ലെങ്കിൽ അപ്പോൾ തന്നെ ഇവ ഒന്നാക്കുവാനുള്ള നടപടി സ്വീകരിക്കണം.

ഓരോ ദിവസത്തേയും കാഷ് ക്ലോസ് ചെയ്യുമ്പോൾ കാഷ്ബാലൻസ് കുറവോ കൂടതലോ ആണെങ്കിൽ എന്തു ചെയ്യണമെന്ന് കേരള ട്രഷറി കോഡ് ഒന്നാം വാല്യത്തിലെ 75-ാം ചട്ടത്തിന്റെ (എഫ്) ഉപചട്ടം അനുശാസിക്കുന്നുണ്ട്. കാഷ് ബാലൻസ് കുറവാണെങ്കിൽ ആരാണോ ഉത്തരവാദി, അയാളിൽ നിന്ന് അപ്പോൾ തന്നെ തുക ഈടാക്കേണ്ടതും അപ്രകാരം യഥാർത്ഥ കാഷ് ബാലൻസും കാഷ്ബുക്ക് പ്രകാരമുള്ള ബാലൻസും ഒന്നാക്കേണ്ടതുമാണ്. നേരേമറിച്ച് കാഷ്ബുക്ക് പ്രകാരമുള്ളതിനേക്കാൾ അധികം തുക കാഷ് ചെസ്റ്റിൽ കാണുന്നുണ്ടെങ്കിൽ അധികം വന്ന തുകയ്ക്ക് രസീത് നൽകി അന്നേ ദിവസത്തെ വരവിൽ ഉൾപ്പെടുത്തി കാഷ് ചെസ്റ്റിലെ ബാലൻസും കാഷ്ബുക്കിലെ ബാലൻസും ഒന്നാക്കേണ്ടതാണ്. ഇക്കാര്യം ഓരോ ദിനാന്ത്യത്തിലും കാഷ് എണ്ണിനോക്കി ചെയ്യേണ്ടതാണ്.

കാഷ്ബുക്കിലെ ബാലൻസ് എത്രയാണെന്നറിയാനും അതുതന്നെയാണ് യഥാർത്ഥത്തിൽ കാഷ്ചെസ്റ്റിൽ ഉള്ളത് എന്ന് ഉറപ്പുവരുത്താനുമാണ് കാഷ്ബുക്ക് പ്രിന്റ് ഔട്ട് എടുക്കുന്നത്.

ഓരോ ദിവസത്തേയും കാഷ് ക്ലോസ് ചെയ്യുമ്പോൾ കാഷ്ബാലൻസ് കുറവോ കൂടതലോ ആണെങ്കിൽ എന്തു ചെയ്യണമെന്ന് കേരള ട്രഷറി കോഡ് ഒന്നാം വാല്യത്തിലെ 75-ാം ചട്ടത്തിന്റെ (എഫ്) ഉപചട്ടം അനുശാസിക്കുന്നുണ്ട്.

തന്നാണ്ടിൽ വാങ്ങിയ തുകയാണല്ലോ തിരിച്ചടയ്ക്കേണ്ടത്. അതിനാൽ, പഞ്ചായത്തിന്റെ വി.പി. എഫ്. (എ) II അക്കൗണ്ടിലെക്കാണ് തിരിച്ചടയ്ക്കുന്നതെങ്കിൽ ആ വിവരം ചലാനിൽ രേഖപ്പെടുത്തി ട്രഷറിയിൽ പണം തിരിച്ചടയ്ക്കുക. ഇപ്രകാരം തിരിച്ചടച്ച വിവരം അറിയിച്ചുകൊണ്ടുള്ള കത്തും അതോടൊപ്പം ചലാന്റെ ഫോട്ടോകോപ്പിയും സെക്രട്ടറിക്കു നൽകിയാൽ സെക്രട്ടറി ഈ വിവരം ട്രഷറിക്ക് റിപ്പോർട്ട് ചെയ്യും. ട്രഷറി വി.പി. എഫ് II (എ) യിൽ തുക വർദ്ധിപ്പിച്ചുതരും.

കാഷ്ചെസ്റ്റിൽ കാഷ് ബുക്കിലെ ബാലൻസിനേക്കാൾ കുറഞ്ഞതുക കാണുന്നതിന് പല കാരണങ്ങളുമുണ്ടാവാം. എന്നാൽ കയ്യിലുള്ള സ്വന്തം പണവും പഞ്ചായത്തിന്റെ പണവും കൂട്ടിക്കലർത്തി എന്ന ഒറ്റക്കാരണം കൊണ്ടാണ് കാഷ് ചെസ്റ്റിൽ കൂടുതൽ തുക വന്നത്. കാഷ് ചെസ്റ്റിൽ കാഷ് ബുക്ക് ബാലൻസിനേക്കാൾ കൂടുതൽ തുക കാണുന്നതും യഥാർത്ഥ കാഷ് ബാലൻസിനേക്കാൾ കുറഞ്ഞതുക കാഷ്ബുക്ക് ബാലൻസായികാണുന്നതും ഒന്നുതന്നെയാണ്. ഒന്നുകിൽ കയ്യിലുള്ള പണം കാഷ്ചെസ്റ്റിൽ ഇട്ടു; അല്ലെങ്കിൽ തലേദിവസത്തെ കളക്ഷൻ തുകയുടെ കൂടെ സ്വന്തം പണവും ചേർത്ത് ബാങ്കിൽ അടച്ചു. ഇപ്രകാരം അധികം വന്ന തുകയ്ക്ക് രസീത് നൽകി പണം പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചുകഴിഞ്ഞാൽ അക്കൗണ്ടിംഗ് ഭാഗം ശരിയായി ഏതു ദിവസമാണോ തെറ്റ് ശ്രദ്ധയിൽപ്പെടുന്നത്, ആ ദിവസത്തെ വരവായിട്ടാണ് രസീത് നൽകേണ്ടത്.

ഇനി ബാക്കിയുള്ളത് സ്വന്തം കയ്യിലെ പണം പഞ്ചായത്തിന് അറിയാതെ സംഭാവന ചെയ്തുപോയ ജീവനക്കാരന്റെ കാര്യമാണ്. അയാളിൽ നിന്ന് അപേക്ഷ എഴുതി വാങ്ങി, സാഹചര്യം പരിശോധിച്ചശേഷം യുക്തമായ തീരുമാനം പഞ്ചായത്തിന് എടുക്കാവുന്നതാണ്. കയ്യിലുള്ള പണവും ചേർത്ത് ബാങ്കിൽ അടച്ചു എന്ന തെറ്റ് മാപ്പാക്കുകയും റീഫണ്ട് ബിൽ തയ്യാറാക്കി സെക്രട്ടറി പാസ്സാക്കി പ്രസിഡന്റ് അധികൃതമാക്കിയശേഷം ചെക്ക് മുഖേന പണം തിരിച്ചുകൊടുക്കുകയും ചെയ്യാൻ പഞ്ചായത്തിന് അധികാരമുണ്ട്.

യഥാർത്ഥത്തിൽ ബാങ്കിൽ അടച്ചതായി പേ ഇൻ സ്ലിപ്പിൽ കാണുന്ന തുകയിൽ നിന്നു വ്യത്യസ്തമായി കൗണ്ടർ സ്റ്റേറ്റ്മെന്റിൽ കാണുന്ന തുകയ്ക്ക് കോൺട്രാ എൻട്രി ചെയ്യുന്നവരുണ്ട്. അതല്ലെങ്കിൽ ഒരു ദിവസം ബാങ്കിൽ അധികം അടച്ചുപോയ തുക പിറ്റേദിവസത്തെ കളക്ഷനിൽ നിന്നെടുത്ത് കളക്ഷനേക്കാൾ കുറഞ്ഞ തുക ബാങ്കിൽ അടച്ച് പ്രശ്നം പരിഹരിക്കുന്നവരുണ്ട്. ഇതൊക്കെ കുറ്റമാണ്.

കാഷ്ബുക്കിൽ കാഷ്ബാലൻസായി കാണുന്ന തുകയിൽ തലേദിവസത്തെ കളക്ഷൻ എത്രയാണോ അത്രയും തുകയ്ക്ക് പേഇൻസ്ലിപ് എഴുതി ബാങ്കിൽ അടയ്ക്കുക; എത്ര തുകയ്ക്കാണോ പേഇൻസ്ലീപ് എഴുതി ബാങ്കിൽ അടച്ചത്, അതേ തുകയ്ക്ക് കോൺട്രാ എൻട്രി രേഖപ്പെടുത്തുക; കാഷ്ചെസ്റ്റിൽ അധികമായി കണ്ട തുകയ്ക്ക് രസീതു നൽകി പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുക; ജീവനക്കാരൻ അബദ്ധവശാൽ ബാങ്കിൽ അധികമായി അടച്ചതുക, അയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റീഫണ്ട് ബിൽ തയ്യാറാക്കി ചെക്കായി നൽകുക - ഇത്രയും കാര്യങ്ങൾ ഇതേ രീതിയിൽ തന്നെ ചെയ്യേണ്ടതാണ്. കുറുക്കുവഴികൾ തേടരുത്.

ഓരോ ദിനാന്ത്യത്തിലും കാഷ് ചെസ്റ്റിലെ പണം എണ്ണി നോക്കുക; ഈതുക കാഷ്ബുക്ക് ബാലൻസുമായി (കൗണ്ടർ സ്റ്റേറ്റ്മെന്റുമായിട്ടല്ല) യോജിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക; കാഷ്ചെസ്റ്റിലെ തുക കാഷ്ബുക്ക് ബാലൻസിനേക്കാൾ കുറവാണെങ്കിൽ ആ തുക ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് ഈടാക്കി കാഷ്ചെസ്റ്റിൽ ഇടുക; നേരേമറിച്ച് കാഷ് ചെസ്റ്റിലെ തുക കാഷ്ബുക്ക് ബാലൻസിനേക്കാൾ കൂടുതലാണെങ്കിൽ അധികം വന്ന തുകയ്ക്ക് ആരാണോ ഉത്തരവാദി ആ ആളിന്റെ പേരിൽ രസീത് രേഖപ്പെടുത്തുക; ഇത്രയും കാര്യങ്ങൾ കാഷ്യറും സെക്രട്ടറിയും ചേർന്ന് ഓരോദിനാന്ത്യത്തിലും സംയുക്തമായി നിർവഹിക്കേണ്ടതാണ്. ■

ഫീച്ചർ

വി.എസ്. ബിജുകുമാർ

മരം ഒരു വരമാണ്. ഇടതൂർന്നു നിൽക്കുന്ന കാനനഛായയിൽ ശിൽപഭംഗിയാർന്ന വൻമരങ്ങൾ എത്രചേതോഹരമായ കാഴ്ചയാണ് നൽകുന്നത്. കല്ലിൽ നിന്നും, പിന്നെ വിറകിൽ നിന്നും തീയുണ്ടാക്കി ആഹാരം പാകം ചെയ്തു തുടങ്ങിയ ആദിമമനുഷ്യന്റെ വളർച്ചയുടെ ഘട്ടം നാം മനസ്സിലാക്കിയിരുന്നതാണ്. ആധുനിക ലോകത്ത് ഏറെ മാറ്റങ്ങൾ സംഭവിച്ചുവെങ്കിലും തടിയിലുള്ള ഉല്പന്നങ്ങളും അവയുടെ ഉപഭോഗവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നതേയുള്ളു.

അത്തരം മേഖലയിൽ ഒരു പുതുപുത്തൻ കാൽവയ്പുമായി വരികയാണ് വെഞ്ഞാറമൂട് വേളാവൂർ സ്വദേശി എ.കെ. മോഹനൻ. ഔഷധമൂല്യമുള്ള ഇരുപത്തിമൂന്ന് വൃക്ഷങ്ങളുടെ തടികൊണ്ട് ഔഷധകട്ടിലും കസേരയും നിർമ്മിച്ച് വ്യത്യസ്ഥനനാകുകയാണ് മോഹനൻ. ആര്യവേപ്പ്, കാഞ്ഞിരം, നെമ്മേനി വാക, കറവേങ്ങ പൂവരശ്ശ്, പാചിരി, കുമ്പിൾ, കാട്ടുനെല്ലി, കടമ്പ്, കൂവളം, വയണ, ഇലിപ്പ, വച്ചാഴാന്ത, ആവിൽ, പച്ചേറ്റി തുടങ്ങിയവയുടെ തടികൾ അവയുടെ സ്വാഭാവികത നിലനിർത്തികൊണ്ടുതന്നെ ഉരുപ്പടികളാക്കി മാറ്റുകയാണ്.

ആര്യവേപ്പ്, പൂവരശ് എന്നിവയുടെ തടികൾ കൊണ്ട് നിർമ്മിച്ച കസേര ഇരിക്കാൻ മാത്രമല്ല ബോഡി മസ്സാജിനായി ഉപയോഗിക്കാൻ കഴിയും വിധമാണ് തയ്യാറാക്കിരിക്കുന്നത്. പൂവരശ് കൊണ്ട് നിർമ്മിച്ച കസേരയുടെ ചാരുന്ന ഭാഗത്ത് റോളറുകൾ ആയി ആര്യ വേപ്പിന്റെ തടികൾ ഘടിപ്പിച്ചരിക്കുന്നു. സ്ഥിരമായി കസേരയിൽ ഇരുന്നു ജോലി ചെയ്യുന്നവർക്ക് ആശ്വാസമാണ് ഔഷധ കസേര. ഇരുന്നുകൊണ്ട് പിന്നിലേക്ക് ചലിക്കുമ്പോൾ റോളറുകൾ കറങ്ങി ഇരിക്കുന്ന ആളിന്റെ മുതുകിൽ മസ്സാജിംഗ് ലഭിക്കുന്ന നിർമ്മാണ രീതിയാണ് അവലംബിച്ചിരിക്കുന്നത്. മാത്രമല്ല ഇതേ കസേരയിൽ ഇരുന്നും കിടന്നും വ്യായാമം ചെയ്യാൻ സാധിക്കുംവിധം ലോക്കിംഗ് സിസ്റ്റം ക്രമീകരിച്ചിട്ടുണ്ട്. കസേരയുടെ ചരിവിനെ മൂന്നു പൊസിഷനുകളിൽ ലോക്കു ചെയ്യാവുന്നതാണ്. ഫുഡ് റെസ്റ്റിൽ ചവിട്ടിയാണ് വ്യായാമത്തിന് ഉപയോഗിക്കുന്നത്. മനുഷ്യശരീരത്തിന്റെ നാടീ വ്യവസ്ഥകളെ നിയന്ത്രിക്കുന്നതിന് കൈപ്പത്തിയിലെയും കാൽപാദത്തിലെയും പ്രത്യേക കേന്ദ്രത്തിൽ മർദ്ദം ചെലുത്തിയാൽ മതിയാവും. അത്തരം സംവിധാനമാണ് ഇതിന്റെ നിർമ്മിതിയ്ക്ക് പിന്നിലും. നടുവേദന, പ്രഷർ, ഷുഗർ, പൈൽസ് എന്നീ

മരം ഒരു വരം

മരം ഒരു വരമാണ്. ഇടതൂർന്നു നിൽക്കുന്ന കാനനഛായ യിൽ ശിൽപഭംഗിയാർന്ന വൻമരങ്ങൾ എത്രചേതോഹര മായ കാഴ്ചയാണ് നൽകുന്നത്. കല്ലിൽ നിന്നും, പിന്നെ വിറ കിൽ നിന്നും തീയുണ്ടാക്കി ആഹാരം പാകം ചെയ്തു തുട ങ്ങിയ ആദിമമനുഷ്യന്റെ വളർച്ചയുടെ ഘട്ടം നാം മന സ്സിലാ ക്കിയിരുന്നതാണ്. ആധുനിക ലോകത്ത് ഏറെ മാറ്റങ്ങൾ സംഭവിച്ചുവെങ്കിലും തടിയിലുള്ള ഉല്പന്ന ങ്ങളും അവയുടെ ഉപഭോഗവും നാൾക്കുനാൾ വർദ്ധി ച്ചുവരുന്നതേയുള്ളു.





രോഗങ്ങൾക്ക് ശമനം വരുത്താൻ കസേരയിലെ വ്യായാമം കൊണ്ട് സാധിക്കുമെന്ന് മോഹനൻ ഉറപ്പുനൽകുന്നു. ചിക്കുൻ ഗുനിയയെ തുടർന്നുണ്ടായ ശരീരവേദനയാണ്, വേദനസംഹാരിയായ കസേര നിർമ്മാണത്തിലേയ്ക്ക് ശ്രദ്ധതിരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ത്. 20,000 രൂപ വരെ വിലയുള്ള വിവിധതരം മോഡലുകളിൽ കസേര ലഭ്യമാണ്.



ഔഷധകട്ടിലിന്റെ നിർമ്മിതിക്കായി 11 ഔഷധതടികളാണ് ഉപ യോഗിക്കുന്നത്. നടുവേദനയും ത്വക്‌രോഗങ്ങളും ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ആശ്വാസമേകുന്നതാണ് ഔഷധകട്ടിലിന്റെ പ്രത്യേ കത. "ആയൂർകോട്ട്" എന്ന ട്രേഡ്മാർക്കിലാണ് ഉല്പന്നങ്ങൾ വിറ്റ ഴിക്കുന്നത്. ആയൂർകോട്ട്, ആയുർ സെൽഫ് മസ്സാജിംഗ്കോട്ട്, ആയുർ മസ്സാജിംഗ് ചെയർ, ആയുർ സ്ലീപ്പിംഗ് ചെയർ, ആയൂർ ഈസി ചെയർ എന്നീ ഐറ്റങ്ങളാണ് ഇപ്പോൾ മാർക്കറ്റിൽ ലഭി ക്കുന്നത്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ എല്ലാ മേളകളിലും മോഹ നന്റെ സ്റ്റാൾ ഉണ്ടായിരിക്കും. സ്വദേശത്തും വിദേശത്തും തന്റെ ഫർണിച്ചറുകൾ വിറ്റഴിക്കാൻ സാധിച്ചതിലുള്ള സന്തോഷത്തി ലാണ് അദ്ദേഹം. ഇതു കൂടാതെ ശില്പചാതുരയാർന്ന നിരവധി തടിയുൽപ്പന്നങ്ങൾ മോഹനന്റെ കരവിരുതിൽ പുറത്തിറങ്ങിയിട്ടു ണ്ട്. നിയമസഭയുടെ പുതിയ മന്ദിരത്തിന്റെ ഉൽഘാടനത്തിന് സമ്മാ നിച്ച മൊമന്റോകൾ മോഹനന്റെ സൃഷ്ടിയാണ്. ചന്ദനത്തിൽ തീർത്ത നിയമസഭ മന്ദിരത്തിന്റെ മാതൃക രാഷ്ട്രപതിവരെയുള്ള വിശിഷ്ട വ്യക്തികൾക്ക് നൽകിയിരുന്നു. മണ്ഡരി ബാധിച്ച് ഉപ യോഗശൂന്യമായ തെങ്ങിൻ തടികൾ കഷ്ണങ്ങളാക്കി അതിലെ ചോറ് നീക്കം ചെയ്തശേഷം കംപ്യൂട്ടർ ചെയർ, ഊണുമേശ, പൂപ്പാത്രം, സ്റ്റൂൾ, ട്രോഫികൾ, ടേബിൾ ലാമ്പ് എന്നിങ്ങനെ ഒട്ട നവധി ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുകയും കമുകിൻ തടിയിൽ ആഭരണപ്പെട്ടി പാഴ്‌വേരുകളിൽ നിന്ന് വിസ്മയമൂറ്റുന്ന ശില്പങ്ങൾ എന്നിവയും വിപണിയിലെത്തിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ടെക്സ്റ്റയിൽ മന്ത്രാലയത്തിനു കീഴിൽ ഹാൻഡിക്രാഫ്റ്റ് ഡവല പ്മെന്റ് കമ്മിഷണറുടെ രജിസ്ട്രേഷനുള്ള A.K. CARVINGS എന്ന സ്ഥാപനം വ്യത്യസ്തത കൊണ്ട് വ്യത്യസ്തമാകുന്നു; ഒപ്പം അതിന്റെ മേധാവി എ.കെ. മോഹനനും. ഇനിയും ഈ കരകൗ ശല വിദഗ്ദ്ധന്റെ കഴിവുകൽ നാടിനു പ്രയോജനപ്രദമാകുവാൻ കഴിയുന്ന ഇടങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇന്നൊവേറ്റീവായ അനവധി സൃഷ്ടികൾ നാടിനു സമ്മാനിച്ച മോഹനനെ തിരിച്ചറി യുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു നാൾ വരുമെന്ന് പ്രതീക്ഷിക്കാം.

ഔഷധ കട്ടിൽ

11 ഔഷധമരങ്ങളുടെ തടികളിൽ നിന്നുള്ള 23 റോളറുകൾ ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. മറ്റൊരാളുടെ സഹായം കൂടാതെ ബോഡി മസ്സാജ് ചെയ്യാം. റോളുകളിൽ ആവശ്യാനുസ രണം ഔഷധ എണ്ണകൾ തേച്ചു പിടിപ്പിച്ച് മസ്സാജ് ചെയ്യാവുന്ന താണ്.

■

പേജ് 27-ന്റെ തുടർച്ച

മുറ്റം മുഴുവൻ തറയോടു നിരത്തി മേനി നടിക്കുമ്പോൾ, മലയാളി മറന്നുപോകുന്നത് ദാഹാർത്തയായ, മിഴി നീരുപോലും വറ്റിയ വസുന്ധരയെ. മേൽ മണ്ണ് വിറ്റ് കാശാക്കുമ്പോഴും ശേഷിച്ച കൊച്ചു പച്ചപ്പുകൾ തേച്ചുമാച്ച് കളയുമ്പോഴും, വെള്ളം കിനിഞ്ഞിറങ്ങിയുള്ള, ഭൂജല പരിപോഷണസാധ്യതയാണ് ഇല്ലാതാക്കുന്നത്.

ജലം ദുഷിച്ചതിനാൽ ശുദ്ധീകരണം നടക്കാതെ കായംകുളം താപനിലയം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടതാണ്. തേങ്ങി കരഞ്ഞുകൊണ്ട് തിരുനെല്ലിയിൽ പാപനാശിനി. നിളയുടെ പദനിസ്വനം നിശ്ചലമാകുകയാണ്. അഴുക്കു നിറഞ്ഞ്, ഒഴുക്കില്ലാതെ സാഗരത്തിൽനിന്ന് സരിത്തുകളിലേക്ക് കയറുന്ന ഓരുജലം ശുദ്ധജല ഉറവിടങ്ങളിലെ ഉള്ളകങ്ങളിൽ. ഇത് തടയുവാൻ വേണ്ടത് എക്കാലത്തുമുള്ള അരുവിയുടെ സ്വച്ഛന്ദമായ പ്രയാണം.

മറയുന്ന, മറിയുന്ന, മറക്കുന്ന ജലചക്രം. (hydrogelogic cycles) നമുക്ക് മഴവെള്ളമായി ലഭിക്കുന്നത് ഏകദേശം നാലുലക്ഷം മുതൽ അഞ്ചു ലക്ഷം ഘന കിലോമീറ്റർ വരെ. കേരളത്തിൽ 120 ലക്ഷം ഘനകിലോമീറ്ററും, കടലിലെയും മറ്റു ജലാശയങ്ങളിലെയും വെള്ളം നീരാവിയായി ആകാശത്തുവച്ച് ഘനീഭവിച്ച് മഴയായി പതിക്കുന്നു. സമുദ്രത്തിലെ ഉപ്പുവെള്ളത്തെ ശുദ്ധീകരിച്ച് മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഉപയോഗിക്കാവുന്ന ശുദ്ധജലമാക്കി മാറ്റുന്നതിങ്ങനെ. ഇതാണ് 44 നദികളിലൂടെയും മറ്റു 187 ചെറുനദികളിലൂടെയും പാരാവാരത്തിലെത്തിയിരുന്ന ജലസമൃദ്ധിക്കാധാരം. മണ്ണിലെ സുഷിരങ്ങളിലും പാറയിടുക്കിലുള്ള അറകളിലും ജലം സംഭരിക്കുന്നു. ഇത് ജലശേഖരങ്ങൾ. (Aquifer) ഭൂജലശോഷണം അത്യാപത്ത്. അമിത ഭൂഗർഭ ജലചൂഷണം വഴിയൊരുക്കുന്നത് കൃഷി നാശത്തിലേക്കും വരൾച്ചയിലേക്കും. ഭക്ഷ്യസുരക്ഷയുടെ കടപുഴകുന്നു. മുറ്റം മുഴുവൻ തറയോടു നിരത്തി മേനി നടിക്കുമ്പോൾ, മലയാളി മറന്നുപോകുന്നത് ദാഹാർത്തയായ, മിഴി നീരുപോലും വറ്റിയ വസുന്ധരയെ. മേൽ മണ്ണ് വിറ്റ് കാശാക്കുമ്പോഴും ശേഷിച്ച കൊച്ചു പച്ചപ്പുകൾ തേച്ചുമാച്ച് കളയുമ്പോഴും, വെള്ളം കിനിഞ്ഞിറങ്ങിയുള്ള, ഭൂജല പരിപോഷണസാധ്യതയാണ് ഇല്ലാതാക്കുന്നത്. മഴവെള്ള/മേൽക്കൂര വെള്ള സംഭരണത്തിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താം 100 ച:മീ. തറവിസ്തീർണ്ണമുള്ള വീട്ടിൽ നിന്നും ശേഖരിക്കാവുന്നത് 2500 ലിറ്റർ വെള്ളം. കിണറിനടുത്ത് കുഴികുഴിച്ച് മണൽ, ചരൽ, മെറ്റൽ എന്നിവ നിറച്ച് അതിലൂടെ വെള്ളം കടത്തിവിട്ട് ഭൂഗർഭ ജലവിതരണം ഉയർത്താം. അപ്പോൾ ഉപ്പുവെള്ളത്തിന്റെ അളവുകുറഞ്ഞ് ഉപയോഗയോഗ്യമാകുന്നു. (ഉദാ: തൃശൂർ ജില്ലാ ഭരണകൂടത്തിന്റെ മഴപ്പൊലിമ, പ്ലാനെറ്റ് കേരള കുട്ടനാട്ടിൽ നടത്തിയ പരീക്ഷണം)

കുടിവെള്ളമില്ലാതെ പ്രതിവർഷം മരിക്കുന്നത് 20 ലക്ഷം കുട്ടികൾ. 2067 ൽ ലോകജനതതി 1300 കോടിയിലെത്തുമ്പോൾ കുടിവെള്ളം കിട്ടാക്കനിയാകും. ഇംഗ്ലണ്ടിൽ പൊതുവെ വരുമാനത്തിന്റെ മൂന്നു ശതമാനവും താഴ്ന്ന വരുമാനക്കാർ പത്തുശതമാനവും തുകയാണ് കുടിവെള്ളത്തിന് ചെലവാക്കുന്നത്. ലോകത്ത് വലിയൊരു വിഭാഗം 20 ശതമാനവും. 100 കോടി പേർക്ക് എത്ര വിലകൊടുത്താലും വെള്ളം കിട്ടാത്ത അവസ്ഥ സംജാതമാകും. കുടിവെള്ള പദ്ധതികൾ കുറ്റമറ്റതാക്കുക, മലനീകരണം തടയുക, ജലം അപൂർവമായതിനാൽ പ്രത്യേകം പരിരക്ഷാ പരിപാടികൾ, മഴവെള്ളം പാഴാക്കാതെ ഉറവിടങ്ങൾ റീചാർജ് ചെയ്യാനവസരമൊരുക്കുക, ആവാസവ്യവസ്ഥകൾ പ്രത്യേകിച്ച് വനങ്ങൾ നിലനിർത്തുക, വികസനത്തിന് ജൈവിക പരിക്രമം തുടങ്ങിയവ അടിയന്തര കർമങ്ങൾ. വീണ്ടുകീറിയ നെൽപ്പാടങ്ങൾ പൃത്ഥിയുടെ നെഞ്ചകം പൊട്ടിപ്പിളർന്നത്. കാട്ടുതീ മണ്ണമ്മയുടെ ചിതക്ക് തീകൊളുത്തലും. വെൺമുകിൽ നിന്നുതിരുന്ന മിന്നൽ പിണരുകളും മേഘഗർജ്ജനവും മാത്രം. പെയ്തിറങ്ങാതെ മുഖം വീർപ്പിച്ച് മാനം. (The Wasteland - T.S. Eliot) ഊഷരതയുടെ ഊർധ്വൻ വലിച്ച് 'അവനിവാഴ്വു കിനാവുകഷ്ടം.' ■

വി.കെ. ശ്രീധരൻ, സെക്രട്ടറി,
കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, മുണ്ടൂർ പി.ഒ.,
തൃശൂർ - 680541.

ഫീച്ചർ

ഡോ. കെ. പരമേശ്വരൻ

സുസ്ഥിര വിനോദ സഞ്ചാരം

കോവളം

ഏതാനും ദശകങ്ങൾക്ക് മുമ്പ്

ഇപ്രാവശ്യത്തെ ലോക വിനോദ സഞ്ചാരദിനാഘോഷത്തിന്റെ വിഷയം വിനോദ സഞ്ചാരവും വെള്ളവും എന്നതായിരുന്നു. നമ്മുടെ ഭാവിയെ സുരക്ഷിതമാക്കാനും ഇവ അത്യാവശ്യമാണ്. ഓരോ വർഷവും വിനോദസഞ്ചാര ദിനാഘോഷത്തോടനുബന്ധിച്ച് ജലലഭ്യതയും ജലത്തിന്റെ സുസ്ഥിരഭാവിക്ക് വിനോദസഞ്ചാരം എപ്രകാരം ഉപയോഗപ്പെടുത്താമെന്നതു സംബന്ധിച്ചും ചർച്ചകൾ നടക്കുന്നുണ്ട്.

പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ വിനോദസഞ്ചാരം വഴി സാധിക്കും. ഒപ്പം അതിന് രാഷ്ട്രീയവും സാമ്പത്തികവുമായ പിന്തുണ ഉറപ്പാക്കാനും. ഒരു വർഷം വിവിധയിടങ്ങളിലേക്ക് യാത്രചെയ്യുന്നത് 12 ബില്യൺ ടൂറിസ്റ്റുകളാണെന്നാണ് കണക്ക്. അതുകൊണ്ടു തന്നെ നമ്മുടെ പൊതുവിലുള്ള ഭാവി സംരക്ഷിക്കാൻ ഉതകുന്ന ടൂറിസം വികസനം അത്യാവശ്യമാണ്.

ഒരു പഴയ ലേഖനം

വിനോദ സഞ്ചാര വികസനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മുൻ കേരള മുഖ്യമന്ത്രി സി. അച്യുതമേനോൻ എഴുതിയ ഒരു പഴയ ലേഖനം വെളിച്ചം വീശുന്നുണ്ട്. അദ്ദേഹം യുവാവായിരുന്ന കാലത്ത് ലോകപ്രസിദ്ധ ടൂറിസം കേന്ദ്രമായ കോവളത്തേക്ക് നടത്തിയ ഒരു യാത്രയെക്കുറിച്ചാണ് ലേഖനം. 1930–കളിലോ 40–കളിലോ ആയിരുന്നിരിക്കണം ഈ യാത്ര.

തന്റെ യാത്രയിൽ അദ്ദേഹം പ്രധാനമായും 3 കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ഒന്നാമത്തേത് ഈ വിനോദസഞ്ചാര കേന്ദ്രത്തിൽ എത്തിപ്പെടുക എളുപ്പമാണെന്നുള്ളതാണ്. അദ്ദേഹവും സുഹൃത്തുക്കളും മുതിർന്ന ഒരദ്ധ്യാപകനോടൊപ്പമാണ് കോവളം സന്ദർശിച്ചത്. കളങ്കമേശാത്ത പ്രകൃതിയുടെ വശ്യസൗന്ദര്യം പരിരക്ഷിക്കുന്ന റിസോർട്ട്, കച്ചവടവൽക്കരണം തെല്ലുമേശാത്ത ബീച്ച്, സൂര്യപ്രകാശവും സ്വർണ്ണമണലും കൈകോർത്തു നിൽക്കുന്ന പ്രകൃതിയുടെ മനോഹാരിത.

പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ വിനോദസഞ്ചാരം വഴി സാധിക്കും. ഒപ്പം അതിന് രാഷ്ട്രീയവും സാമ്പത്തികവുമായ പിന്തുണ ഉറപ്പാക്കാനും. ഒരു വർഷം വിവിധയിടങ്ങളിലേക്ക് യാത്രചെയ്യുന്നത് 12 ബില്യൺ ടൂറിസ്റ്റുകളാണെന്നാണ് കണക്ക്. അതുകൊണ്ടു തന്നെ നമ്മുടെ പൊതുവിലുള്ള ഭാവി സംരക്ഷിക്കാൻ ഉതകുന്ന ടൂറിസം വികസനം അത്യാവശ്യമാണ്.

ഇതെല്ലാമുണ്ടെങ്കിലും ആ സ്ഥലത്ത് എത്തിച്ചേരുക ദുഷ്ക്കരമെങ്കിൽ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടാവുകയില്ലായിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ നിഗമനം.

അച്യുതമേനോനിലെ സൂക്ഷ്മഗ്രാഹിയായ സന്ദർശകനെ സന്തോഷിപ്പിച്ച രണ്ടാമത്തെ കാര്യം മിതമായ യാത്രാച്ചെലവാണ്. തിരുവനന്തപുരത്ത് നിന്നും ഏകദേശം 20 കി.മീ അകലെയുള്ള കോവളത്തേക്ക് ആവശ്യത്തിന് ബസ് സർവ്വീസുകൾ അക്കാലത്തുണ്ടായിരുന്നു. കൃത്യസമയത്ത് ഓടിയിരുന്ന ബസ്സുകളിലെ വൃത്തിയും അദ്ദേഹം പ്രത്യേകമായി നിരീക്ഷിക്കുന്നു. ഇക്കാരണത്താൽ തന്നെ രാവിലെ എത്തുന്ന സഞ്ചാരികൾക്ക് വൈകുന്നേരം വരെ കോവളത്ത് ചെലവഴിച്ച് സൂര്യസ്തമയവും കണ്ടു മടങ്ങാൻ സാധിക്കുന്ന തരത്തിലാണ് സഞ്ചാരസൗകര്യം.

മൂന്നാമത്തെ വസ്തുത കോവളത്ത് അക്കാലത്ത് പുലർത്തിയിരുന്ന പരിസ്ഥിതിസൗഹൃദ വിനോദസഞ്ചാരമായിരുന്നു. പ്ലാസ്റ്റിക്കിന് അധികം പ്രചാരം സിദ്ധിച്ചിട്ടില്ലാത്ത അക്കാലത്ത് സഞ്ചാരികൾ വാഴയിലയിൽ പൊതിഞ്ഞാണ് ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നിരുന്നത്. ഭക്ഷണം കഴിഞ്ഞ് ഇലയും മറ്റും അതിനായി പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥലത്ത് മാത്രമായിരുന്നു നിക്ഷേപിച്ചിരുന്നത്. പരിസ്ഥിതിക്ക് യാതൊരു ദോഷവും ചെയ്യാത്ത ഇത്തരം പദാർത്ഥങ്ങളുടെ ഉപയോഗം പ്രകൃതിയുടെ വിശുദ്ധി നിലനിർത്താൻ ഉതകുന്നതുമായിരുന്നു.

ഹരിത സമ്പദ്‌വ്യവസ്ഥ

ലോക ധനസമ്പദ് വ്യവസ്ഥയിൽ അടുത്ത കാലത്ത് ഹരിത സമ്പദ് വ്യവസ്ഥ, സുസ്ഥിര വിനോദസഞ്ചാരം എന്നീ പദങ്ങൾ കേട്ടുതുടങ്ങിയിരിക്കുന്നു. കുറഞ്ഞ അളവിൽ മാത്രം കാർബൺ പുറത്തുവിടുന്ന; സമൂഹത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന വിനോദസഞ്ചാര രീതിയാണിത്. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പരിപാടിയിൽ ഹരിതസമ്പദ്‌വ്യവസ്ഥയെ വിശേഷിപ്പിച്ചിരിക്കുന്നത് സമൂഹത്തിന്റെ തുലനതയും മനുഷ്യക്ഷേമവും മെച്ചപ്പെടുത്തുന്നതും അതേസമയം പാരിസ്ഥിതിക ദോഷങ്ങൾ ഒഴിവാക്കുന്നതും എന്നാണ്. ഇത്തരത്തിലുള്ള ഒരു മാതൃകാ വിനോദസഞ്ചാര പരിപാടിയാണ് അച്യുതമേനോന്റെ ലേഖനത്തിൽ വിവരിക്കുന്നത്.

യു.എന്നിന്റെ അടുത്തയിടെ പ്രസിദ്ധീകരിച്ച ഹരിത സമ്പദ്‌വ്യവസ്ഥാ റിപ്പോർട്ട് പ്രകാരം വിനോദസഞ്ചാരത്തിന്റെ ഹരിതവൽക്കരണത്തിൽ ഊർജ്ജത്തിന്റെയും ജലത്തിന്റെയും കാര്യക്ഷമമായ ഉപയോഗത്തിന്റെയും മാലിന്യനിർമ്മാർജ്ജനം ഫലപ്രദമാക്കേണ്ടതിന്റെയും ആവശ്യകത എടുത്തുപറയുന്നു. ഇക്കാര്യങ്ങൾ നടപ്പാക്കാൻ സാധിച്ചാൽ അതോടൊപ്പം ദരിദ്രസമൂഹങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിക്കും. ഇത്തരം ജോലികൾക്കായി തദ്ദേശീയരിൽ നിന്ന് തൊഴിലാളികളെ എടുക്കുന്നത് പ്രദേശത്തെ സാമ്പത്തിക മേഖലയ്ക്ക് ഊർജ്ജം പകരും. വിനോദസഞ്ചാരികൾ ചെലവാക്കുന്ന പണം തദ്ദേശീയർക്കായി പരമാവധി പ്രയോജനപ്പെടുത്തുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തണം.

ലോക വിനോദസഞ്ചാര ദിനാചരണം ഇന്ത്യയിൽ

ലോക വിനോദസഞ്ചാര ദിനാചരണത്തോടനുബന്ധിച്ച് അവിശ്വസനീയമായ ഇന്ത്യൻ ഹിമാലയത്തിൽ 777 ദിവസങ്ങൾ എന്ന പേരിൽ കേന്ദ്രവിനോദസഞ്ചാര വകുപ്പ് ഒരു ക്യാമ്പെയിൻ ആരംഭിച്ചിരിക്കുകയാണ്. ദേശീയ, അന്തർദ്ദേശീയ സഞ്ചാരികളെ ആകർഷിക്കാനുദ്ദേശിച്ചുള്ളതാണ് ക്യാമ്പെയിൻ.

ഹിമാലയത്തെ വർഷം മുഴുവൻ നീളുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാനുദ്ദേശിച്ചാണ് ഈ പരിപാടി. മഞ്ഞുകാലത്ത് സ്കീയിംഗ് ഉൾപ്പെടെ നിരവധി സാഹസിക പ്രകടനങ്ങൾക്ക് ഹിമാലയത്തെ വേദിയാക്കും. വേനൽക്കാലത്ത് പർവ്വതാരോഹണവും സഞ്ചാരികളെ ആകർഷിക്കും. മഞ്ഞുമൂടിയ ഹിമാലയൻ താഴ്‌വരകളുടെ വെണ്മയും ഹിമാലയത്തിനു മാത്രം സ്വന്തമായ ജന്തു സസ്യ വൈവിദ്ധ്യങ്ങളും നേരിൽ കണ്ടറിയാൻ താൽപ്പര്യപ്പെടുന്ന ഏതൊരാൾക്കും വ്യത്യസ്താനുഭൂതികളുടെ സ്വർഗ്ഗം സമ്മാനിക്കാൻ ഹിമാലയത്തിനാവും.

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം ലക്ഷ്യമിട്ടുള്ള ഒരുകൂട്ടം പരിപാടികൾക്കാണ് ലോകവിനോദസഞ്ചാര ദിനത്തിൽ തുടക്കമായത്. ചരിത്രപ്രാധാന്യമേറെയുള്ള തമിഴ്നാട്ടിലെ മധുരയിൽ ചരിത്രസ്മാരകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ഉദ്ബുദ്ധരാക്കുവാനും വിനോദ സഞ്ചാര സാദ്ധ്യതകളെക്കുറിച്ച് ബോധവൽക്കരിക്കാനും ഒരു പരിപാടി നടത്തി. വിവിധ കോളേജുകളിൽ നിന്നുള്ള 200-ഓളം വിദ്യാർത്ഥികൾ മധുര നഗരത്തിലെ ചരിത്രപ്രാധാന്യമേറിയ 10 കേന്ദ്രങ്ങളിലേക്ക് ഒരു നടത്തം സംഘടിപ്പിച്ചു. മധുര മീനാക്ഷി ക്ഷേത്രത്തിൽ നിന്നാരംഭിച്ച നടത്തം തിരുമല നായ്ക്കന്റെ കൊട്ടാരം വരെ നീണ്ടു.

ലോക ധനസമ്പദ് വ്യവസ്ഥയിൽ അടുത്ത കാലത്ത് ഹരിത സമ്പദ്‌വ്യവസ്ഥ, സുസ്ഥിര വിനോദസഞ്ചാരം എന്നീ പദങ്ങൾ കേട്ടുതുടങ്ങിയിരിക്കുന്നു. കുറഞ്ഞ അളവിൽ മാത്രം കാർബൺ പുറത്തുവിടുന്ന; സമൂഹത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന വിനോദസഞ്ചാര രീതിയാണിത്. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പരിപാടിയിൽ ഹരിതസമ്പദ്‌വ്യവസ്ഥയെ വിശേഷിപ്പിച്ചിരിക്കുന്നത് സമൂഹത്തിന്റെ തുലനതയും മനുഷ്യക്ഷേമവും മെച്ചപ്പെടുത്തുന്നതും അതേസമയം പാരിസ്ഥിതിക ദോഷങ്ങൾ ഒഴിവാക്കുന്നതും എന്നാണ്.

പ്രമുഖ വാണിജ്യ സംഘടനയായ അസ്സോച്ചത്തിന്റെ കണക്കനുസരിച്ച് വിനോദസഞ്ചാരമേഖല കൈവരിക്കുന്ന വാർഷിക വളർച്ച 13 ശതമാനമാണ്. ഈ രീതി തുടർന്നാൽ ഇന്ത്യയുടെ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള സാമ്പത്തികനേട്ടം 2015 ആവുമ്പോഴേക്കും 26 ബില്യൺ യു.എസ്. ഡോളറാവും. ഇപ്പോൾ അത് 20 ബില്യൺ യു.എസ്. ഡോളറാണ്.

ഇന്ത്യയിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ഇപ്പോഴത്തെ 70 ലക്ഷത്തിൽ നിന്നും 2015-ൽ 80 ലക്ഷമാവുമെന്നാണ് കണക്കാക്കപ്പെടുന്നത്.

അസ്സോച്ചത്തിന്റെ കണക്കെടുപ്പിൽ ഇന്ത്യൻ വിദേശ വിനോദസഞ്ചാര വരുമാനത്തിന്റെ 70 ശതാനവും നേടുന്നത് മഹാരാഷ്ട്ര, തമിഴ്നാട്, ഡെൽഹി, ഉത്തർ പ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ്.

ലോകവിനോദസഞ്ചാര ദിനം

1980 മുതൽ ഐക്യരാഷ്ട്രസയുടെ വിനോദസഞ്ചാര സംഘടന (UNWTO) സെപ്റ്റംബർ 27 ലോകവിനോദസഞ്ചാര ദിനമായി ആചരിച്ചുവരുന്നു. 1970-ൽ ഈ ദിവസമാണ് UNWTO -യുടെ സ്റ്റാറ്റ്യൂട്ടുകൾ സ്വീകരിക്കപ്പെട്ടത്. ലോകവിനോദസഞ്ചാരത്തിന്റെ പങ്ക് ലോകസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും അത് സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു എന്ന് അവലോകനം ചെയ്യാനുമാണ് ലോകവിനോദസഞ്ചാര ദിനം ആഘോഷിക്കുന്നത്. ■

ചൈനയിലെ 'പുര'

ഡോ. പി.പി. ബാലൻ

ലിയൂ മിൻ ഇൻങ്ങ് ദക്ഷിണകിഴക്കൻ ചൈനയിലെ ചെറിയൊരു ഗ്രാമം. കേവലം 2192 ഏക്കർ വിസ്തൃതിയുള്ള പ്രദേശം. ജനസംഖ്യ ആയിരത്തിൽ താഴെ. എന്നാൽ ഇത് ഇന്നൊരുവികസിത ഗ്രാമമായിമാറിയിരിക്കുന്നു. 2004-ൽ ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽകോഫി അന്നൻ ഈ ഗ്രാമം സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഇതിനെ ചൈനയുടെ ഏറ്റവും മനോഹരമായ പ്രദേശമെന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഓർഗാനിക് കൃഷിയിലും മാതൃകാ പൂന്തോട്ടത്തിലും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലും കാർഷിക പാർക്കുകളുടെ നിർമ്മാണത്തിലും ബയോഗ്യാസ് പ്ലാന്റുകൾ വിപുലീകരിച്ച കാര്യത്തിലും ഈ ഗ്രാമം ഇന്ന് ജനശ്രദ്ധ ആകർഷിക്കുകയാണ്. ഗ്രാമത്തിൽ ഭരണം നടത്തുന്നത് ജനപ്രതിനിധികൾ ഉൾപ്പെടെ 40 പേരടങ്ങുന്ന കമ്മിറ്റിയാണ്. കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനമാണ് ഈ പ്രദേശത്തെ വികസിത ഗ്രാമമെന്ന തലത്തിലേക്ക് ഉയർത്തിയത്. ശരിയായ അർത്ഥത്തിൽ ഇത് ഒരു സ്വയം പര്യാപ്ത ഗ്രാമം എന്ന പേരിന് അർഹത നേടിയിരിക്കുന്നു. സ്വകാര്യ പൊതുമേഖലകൾ സംയോജിച്ചുകൊണ്ടാണ് (PPP Model) ഇവിടെ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഗ്രാമങ്ങളിൽ നഗരസൗകര്യം (പുര)

ഗ്രാമങ്ങളിൽ നഗരസൗകര്യം [Providing Urban Infrastructure in Rural Areas (PURA) ഒരുക്കുന്ന കാര്യത്തിൽ ചൈന മുന്തിയ പരിഗണന നൽകി വരുന്നു. ഇന്ത്യയിൽ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ.അബ്ദുൾകലാമിന്റെ സ്വപ്നപദ്ധതിയായ **പുര**യ്ക്ക് സമാനമായ പരിപാടിയാണിത്. അവികസിതമായ മേഖലകൾ പ്രത്യേകമായി തെരഞ്ഞെടുത്ത് ജനപങ്കാളിത്തത്തോടെ വിവിധ സ്കീമുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രവികസന പരിപാടിയാണിത്. തൊഴിൽ സൗകര്യങ്ങൾ, റോഡ് വികസനം, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ലഭ്യത, സമഗ്ര ആരോഗ്യപരിപാടികൾ, മാലിന്യ സംസ്ക്കരണവും വിനിയോഗവും എന്നിവയെല്ലാം ഒത്തുചേർന്നുള്ള വികസനം. ഇവിടെ വിവിധ വികസന വകുപ്പുകൾ ഒരുമിച്ച് കൈകോർക്കുന്നു. പ്രാദേശിക ഭരണകൂടം പദ്ധതികളുടെ ഏകോപനവും ഉറപ്പുവരുത്തുന്നു. വിദഗ്ധരായ സ്വകാര്യ ഏജൻസികൾ സാങ്കേതിക വിദ്യയുടെ പ്രയോഗവും ഇവിടെ ലഭ്യമാകുന്നു. ജനങ്ങൾ ഗ്രാമം വിട്ട് നഗരങ്ങളിൽ ചേക്കേറുന്നത് തടയുവാനും ഗ്രാമജീവിതത്തോട് ആഭിമുഖ്യം പുലർത്തുന്ന ജനതയെ വാർത്തെടുക്കാനുള്ള പരിപാടി കൂടിയാണിത്.

പ്രാദേശിക ഭരണം

ഏകകക്ഷി ഭരണം നിലനിൽക്കുന്ന ചൈനയിൽ പ്രാദേശിക ഭരണം പ്രബലമാണെന്ന് കാണാം. കേന്ദ്ര ഗവൺമെന്റ് നയങ്ങൾ നടപ്പിലാക്കാൻ ബാധ്യസ്ഥമായാണ് അവ പ്രവർത്തിക്കുന്നത്. ഭരണപരമായി രാജ്യത്തെ പ്രവിശ്യകളായും ഓട്ടോണമസ് മേഖലകളായും മുനിസിപ്പാലിറ്റികളായും വിഭജിച്ചിരിക്കുന്നു. കൂടാതെ, കൗണ്ടികളും നഗരങ്ങളുമുണ്ട്. ടൗൺഷിപ്പുകൾ വേറെയും നിലനിൽക്കുന്നു. ചിലസന്ദർഭങ്ങളിൽ പ്രത്യേക ഭരണ പ്രദേശങ്ങളും രൂപീകരിച്ചിട്ടുണ്ട്. ചൈനയിൽ ആകെ 23 പ്രവിശ്യകളാണുള്ളത്. പ്രവിശ്യാഗവണ്മെന്റിന് കേന്ദ്രകൗൺസിലിന്റെ നേതൃത്വം അംഗീകരിക്കേണ്ടതായുണ്ട്. നിയമരഹിതമാണെങ്കിൽ പ്രവിശ്യാ ഗവണ്മെന്റിന്റെ തീരുമാനങ്ങൾ റദ്ദ് ചെയ്യാൻ സ്റ്റേറ്റ് കൗൺസിലിന് അധികാരമുണ്ട്. പ്രവിശ്യാ ഗവണ്മെന്റുകൾ പ്രാദേശിക നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. പ്രവിശ്യയിലെ തെരഞ്ഞെടുക്കപ്പെടുന്ന ജനകീയ കോൺഗ്രസ്സും അവയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രവിശ്യാ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. പ്രവിശ്യാ ഗവണ്മെന്റ് ഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഗരങ്ങളുടേയും കൗണ്ടികളുടേയും ടൗൺഷിപ്പുകളുടേയും പട്ടണങ്ങളുടേയും പ്രവർത്തനങ്ങളുടെ നേതൃത്വപരമായ പങ്ക് വഹിക്കുന്നു. ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന ഭരണ ഏജൻസികളെ നിയോഗിക്കാൻ സ്റ്റേറ്റ് കൗൺസിലിന് പ്രത്യേക അധികാരമുണ്ട്.

ചൈനയിൽ നാല് മുനിസിപ്പാലിറ്റികളാണുള്ളത് - **ബീജിംഗ്, ടിയാൻ, ഷാങ്കായ്, ചോങ്കിംഗ്.** ബിജിങ്ങിൽ അംബരചുംബികളായ കെട്ടിടങ്ങൾ, അത്യാധുനിക സജ്ജീകരണങ്ങളുള്ള ഗതാഗത സൗകര്യങ്ങൾ, മികച്ച ഡ്രെയിനേജുകൾ, ഗതാഗത കുരുക്കില്ലാത്ത യാത്ര, മാലിന്യസംസ്ക്കരണസൗകര്യങ്ങൾ, നിയമപാലകരായ ജനങ്ങൾ എന്നിവകൊണ്ട് ശ്രദ്ധേയമാണ്. നഗരവനം പാരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാവുന്നു. മുനിസിപ്പൽ ഭരണകൂടം കൂടാതെ പ്രാദേശിക ഗവണ്മെന്റുകളെ സഹായിക്കാൻ ജില്ലാ ഭരണകൂടവും പ്രവർത്തിക്കുന്നു.

ഗ്രാമങ്ങളിൽ കൗൺടികൾ എന്നറിയപ്പെടുന്ന പ്രാദേശിക ഗവണ്മെന്റുകളാണുള്ളത്. പ്രവിശ്യാ ഗവണ്മെന്റുകളുടെ മേൽനോട്ടത്തിലാണ് ഇവയുടെ പ്രവർത്തനം. കൗണ്ടികളിൽ ഭരണം നടത്തുന്നതിന് ജനകീയ കോൺഗ്രസ്സ് തെരഞ്ഞെടുക്കപ്പെടുന്ന ഗവർണർമാരും മേയർമാരും വൈസ് മേയർമാരും ജില്ലാതലവന്മാരും ഉണ്ട്. ഭരണരംഗത്തെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതും അഴിമതി തടയുന്നതിനും സുതാര്യമായ ഭരണം നടത്തുന്നതിനും വിവിധ ഓഡിറ്റ് സംവിധാനങ്ങൾ എല്ലാതലങ്ങളിലും രൂപീകരിച്ചിരിക്കുന്നു.

ചൈനയിൽ നാല് മുനിസിപ്പാലിറ്റികളാണുള്ളത് - **ബീജിംഗ്, ടിയാൻ, ഷാങ്കായ്, ചോങ്കിംഗ്.** ബിജിങ്ങിൽ അംബരചുംബികളായ കെട്ടിടങ്ങൾ, അത്യാധുനിക സജ്ജീകരണങ്ങളുള്ള ഗതാഗത സൗകര്യങ്ങൾ, മികച്ച ഡ്രെയിനേജുകൾ, ഗതാഗത കുരുക്കില്ലാത്ത യാത്ര, മാലിന്യസംസ്ക്കരണസൗകര്യങ്ങൾ, നിയമപാലകരായ ജനങ്ങൾ എന്നിവകൊണ്ട് ശ്രദ്ധേയമാണ്.

ഗ്രാമങ്ങളിൽ കൗൺടികൾ എന്നറിയപ്പെടുന്ന പ്രാദേശിക ഗവണ്മെന്റുകളാണുള്ളത്. പ്രവിശ്യാ ഗവണ്മെന്റുകളുടെ മേൽനോട്ടത്തിലാണ് ഇവയുടെ പ്രവർത്തനം. കൗണ്ടികളിൽ ഭരണം നടത്തുന്നതിന് ജനകീയ കോൺഗ്രസ്സ് തെരഞ്ഞെടുക്കപ്പെടുന്ന ഗവർണർമാരും മേയർമാരും വൈസ് മേയർമാരും ജില്ലാതലവന്മാരും ഉണ്ട്. ഭരണരംഗത്തെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതും അഴിമതി തടയുന്നതിനും സുതാര്യമായ ഭരണം നടത്തുന്നതിനും വിവിധ ഓഡിറ്റ് സംവിധാനങ്ങൾ എല്ലാ തലങ്ങളിലും രൂപീകരിച്ചിരിക്കുന്നു.

ചൈനയിലെ സാമ്പത്തിക വികസനം കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലായി മതിപ്പ് ഉളവാക്കി മുന്നോട്ട് കുതിക്കുകയാണ്. വളർച്ചാ നിരക്ക് 10 ശതമാനമാണ്. 500 ലക്ഷം ജനങ്ങളാണ് ഗവണ്മെന്റിന്റെ പ്രാദേശിക ഭരണപരിഷ്ക്കാരങ്ങൾക്കൊണ്ട് പട്ടിണിയിൽ നിന്നും മോചിതരായത്. 2030 ആവുമ്പോഴേക്കും ചൈന ഏറ്റവും വലിയ സാമ്പത്തികഭദ്രതയുള്ള രാജ്യമായിരിക്കുമെന്ന് അവർ പ്രവചിക്കുന്നു.

മാലിന്യത്തിൽ നിന്നും വൈദ്യുതി [Waste To Energy (WTE)]

പ്രാദേശിക ഗവണ്മെന്റുകൾ ഏറെ പ്രാധാന്യം കൊടുത്ത് മാലിന്യനിർമ്മാർജ്ജന പരിപാടികൾ നടത്തുന്നു. മാലിന്യത്തെ പരമാവധി പ്രയോഗവൽക്കരിച്ചുകൊണ്ട് വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക എന്ന ബൃഹത്തായ പദ്ധതി 2008-ലാണ് അവർ ആരംഭിച്ചത്. കണക്കുകൾ സൂചിപ്പിക്കുന്നത് 350 ദശലക്ഷം ടൺ മാലിന്യം പ്രതിദിനം രാജ്യത്ത് ഉണ്ടാകുന്നുണ്ട് എന്നാണ്. ഇതിൽ 150 മുതൽ 160 ദശലക്ഷം ടൺ വരെ നഗര മാലിന്യങ്ങളാണ്. ഓരോ വർഷവും ഇത് 8% കണ്ട് വർദ്ധിക്കുന്നുമുണ്ട്. **സിയോരോവിജി** എന്ന പ്രദേശത്താണ് ഏറ്റവും വലിയ മാലിന്യ സംസ്ക്കരണ വൈദ്യുതി വിതരണകേന്ദ്രമുള്ളത്. ഇങ്ങനെ രാജ്യത്ത് 23 കേന്ദ്രങ്ങളിലായി മാലന്യസംസ്ക്കരണവും വൈദ്യുതി വിതരണവും ഒരുമിച്ച് നടക്കുന്നു. മാലിന്യസംസ്ക്കരണത്തിന് ഒരു പ്രത്യേക നയം തന്നെ ഇവിടെ നിലവിലുണ്ട്. മാലിന്യത്തിന്റെ പുനർ ഉപയോഗം(re-use)പുനർ നിർമ്മിതി (re-cycling) മാലിന്യ ലഘൂകരണം (waste reduction) എന്നീ മൂന്ന് കാര്യങ്ങൾ ഇവ ഉൾക്കൊള്ളുന്നു. പ്ലാന്റിൽ നിന്നും പറത്തു വരുന്ന ജൈവവസ്തുക്കൾ ഉപയോഗിച്ച് ഭൂമി നികത്തൽ (land filling) കമ്പോസ്റ്റിംഗ് എന്നിവയും ചെയ്തുവരുന്നു. ഉറവിടത്തിൽ നിന്നുതന്നെ മാലിന്യ ശേഖരണം നടത്തുമ്പോൾ കൃത്യമായി ലേയ-അലേയ മാലിന്യങ്ങൾ വേർതിരിക്കപ്പെടുന്നുണ്ട്. ഇതിൽ വ്യാപൃതരായ തൊഴിലാളികളുടെ പ്രവൃത്തി സംസ്ക്കാരം ഏറെ ശ്രദ്ധേയമാണ്. ചെയ്യുന്ന ജോലിയോടുള്ള ചൈനക്കാരുടെ ആത്മാർത്ഥതയും പ്രതിബന്ധതയും എടുത്തു പറയേണ്ടതാണ്. പി.പി.പി. മോഡൽ തന്നെയാണ് ഇവിടെയും ആശ്രയം. മാലിന്യ വൈദ്യുതി ഉല്പാദന പ്ലാന്റുകൾ ചൈനയുടെ ശ്രദ്ധാകേന്ദ്രമാകുന്നതിങ്ങനെയാണ്.

ഒരുകാര്യം തീർച്ചയാണ്, ചൈനയിൽ ഗ്രാമങ്ങളും നഗരങ്ങളും മാലിന്യമുക്തമാണ്. മാലിന്യ നിർമ്മാർജ്ജനം എന്നതിലുപരി അതിന്റെ ഉപയോഗം ഉറപ്പുവരുത്തുന്നതിനാണ് പ്രാധാന്യം. അവനവന്റെ കഴിവിനനുസരിച്ച് അദ്ധ്വാനിക്കുന്ന ഒരു ജനതയെ അവിടെ കാണാം. പ്രകൃതിയോടലിഞ്ഞുചേർന്ന ജീവിതം. ആർഭാടമോ, ദുർവ്യയമോ ഇല്ല. ഗ്രാമത്തിനുവേണ്ട അരിയും, പച്ചക്കറിയും മറ്റുവിഭവങ്ങളും അവിടെ തന്നെ ഉല്പാദിപ്പിക്കപ്പെടുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളും ഗ്രാമങ്ങളിൽ ലഭ്യമാണ്. കൊച്ചുവ്യവസായങ്ങളും അവിടെയുണ്ട്. അതുകൊണ്ടു തന്നെ ജനങ്ങൾ നഗരങ്ങളിലേക്ക് ചേക്കാറാൻ വ്യഗ്രത കാട്ടുന്നുമില്ല. വിദേശത്ത് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യാൻ താല്പര്യമെടുക്കുന്നുമില്ല. തിരികെ നാട്ടിലെത്തി സ്വയംസംരംഭകത്വ പ്രവർത്തനങ്ങളിൽ മുഴുകുന്ന കാഴ്ചയും കാണാം.

കാർഷിക കൂട്ടായ്മകൾ (Co-operatives)

അൻഹൂയി എന്നത് ചൈനയിലെ കാർഷിക ഗ്രാമമാണ്. കാർഷിക ഉടമയുടെ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്ന ഇവിടെ ഭൂമി ഗവണ്മെന്റ് എടുത്ത് സ്വകാര്യ കമ്പനികൾക്ക് പാട്ടത്തിന് കൊടുത്ത് ആധുനികരീതിയിലുള്ള കൃഷിസമ്പ്രദായം നടപ്പിലാക്കിവരുന്നു. ഗ്രീൻ ഹൗസ് സൗകര്യങ്ങൾ ഒരുക്കുന്നത് ഇത്തരം സ്വകാര്യ കമ്പനികളാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ചൈനയിലെ കാർഷിക പരിഷ്ക്കാരങ്ങൾ ഏറെ ഗുണംചെയ്തിട്ടുണ്ട്. കഴിഞ്ഞ 10 വർഷകാലമായി ചൈനയിലെ കാർഷികരംഗം 5 മുതൽ 10% വരെ വളർച്ചാനിരക്ക് നേടിയിട്ടുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പ്രാദേശികസർക്കാർ പരിഷ്ക്കാരങ്ങൾ (Local Government Reforms)

ചൈനീസ് പ്രധാനമന്ത്രി ലീക്കിയാംഗ് ചൈനയിലെ ലോക്കൽ ഗവണ്മെന്റ് പരിഷ്ക്കാരങ്ങളെപ്പറ്റി 2013 നവംബർ 1-ന് പ്രസ്താവന നടത്തുകയുണ്ടായി. ഇതിൽ പ്രാദേശിക ഗവണ്മെന്റുകളുടെ വർദ്ധിതമാനമായ ഉത്തരവാദിത്തം കാലഘട്ടത്തിന്റെ പ്രത്യേകതയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. ഒരു മനസ്സോടെ ഏക ഹൃദയവുമായി എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമേ വിഭാവനം ചെയ്യപ്പെടുന്ന പരിഷ്ക്കാരങ്ങൾ പ്രയോഗതലത്തിലേക്ക് വരികയുള്ളുവെന്ന് അദ്ദേഹം സൂചിപ്പിച്ചു. വ്യത്യസ്ഥ റാങ്കിലുള്ള സൈന്യ വിഭാഗങ്ങൾ ഒരേ ലക്ഷ്യത്തോടെ മുന്നേറുന്ന രീതിയിൽ കൂട്ടായി പ്രവർത്തിച്ചാൽ മാത്രമേ സ്വയംഭരണസ്ഥാപനങ്ങൾക്ക് ദേശീയ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളു. വിദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾ നാട്ടിലേക്ക് തിരിച്ചെത്തി പ്രാദേശിക സർക്കാരുകൾ ഒരുക്കുന്ന വ്യവസായസംരംഭകത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അഭ്യർത്ഥനയും അദ്ദേഹം മുന്നോട്ട് വച്ചു. എല്ലാ പ്രാദേശിക ഗവണ്മെന്റുകൾക്കും പ്രാദേശികപരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ അവകാശവും അധികാരവുമുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. എന്നാൽ, അത്തരം പരിഷ്ക്കാരങ്ങൾ പൊതു ദേശീയനയങ്ങൾക്ക് അനുപൂരകമായിരിക്കണമെന്നുംഅദ്ദേഹംകൂട്ടിച്ചേർത്തു. (ചൈനീസ് ഡെയിലി നവംബർ 9, 2013)

കേന്ദ്ര റൂറൽ ഡവലപ്മെന്റ് അഡീഷണൽ സെക്രട്ടറി, എസ്.എം. വിജയാനന്ദ്, കേരള തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, കില ഡയറക്ടർ, പി.പി. ബാലൻ, ചീഫ് ടൗൺ പ്ലാനർ, സുധ എന്നിവരടങ്ങുന്ന 11 അംഗങ്ങൾ കഴിഞ്ഞ നവംബറിൽ ചൈന സന്ദർശിക്കുകയുണ്ടായി. ■

ലേഖകൻ 'കില' ഡയറക്ടറാണ്.

പ്രാദേശിക ഗവണ്മെന്റുകൾ ഏറെ പ്രാധാന്യം കൊടുത്ത മാലിന്യ നിർമ്മാർജ്ജന പരിപാടികൾ നടത്തുന്നു. മാലിന്യത്തെ പരമാവധി പ്രയോഗവൽക്കരിച്ചുകൊണ്ട് വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക എന്ന ബൃഹത്തായ പദ്ധതി 2008-ലാണ് അവർ ആരംഭിച്ചത്. കണക്കുകൾ സൂചിപ്പിക്കുന്നത് 350ദശലക്ഷം ടൺ മാലിന്യം പ്രതിദിനം രാജ്യത്ത് ഉണ്ടാകുന്നുണ്ട് എന്നാണ്. ഇതിൽ150 മുതൽ 160 ദശലക്ഷം ടൺ വരെ നഗര മാലിന്യങ്ങളാണ്. ഓരോ വർഷവും ഇത്8% കണ്ട് വർദ്ധിക്കുന്നുമുണ്ട്. സിയോരോവിജി എന്ന പ്രദേശത്താണ് ഏറ്റവും വലിയ മാലിന്യ സംസ്ക്കരണ വൈദ്യുതി വിതരണകേന്ദ്രമുള്ളത്.

വാർത്തകളും വിശേഷങ്ങളും

വരൾച്ച ബാധിത ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുക ചെലവഴിക്കുന്നതിന് അനുമതി നൽകി

ജില്ലാ കളക്ടർമാർ വരൾച്ച ബാധിതമെന്നു പ്രഖ്യാപിക്കുന്ന/പ്രഖ്യാപിച്ചിട്ടുള്ള പ്രദേശം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തു കൾക്കും. നഗരസഭകൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ മറ്റു വകുപ്പുകളോ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ 31.05.2014 വരെ നടത്തുന്നതിനായി താഴെ പറയും പ്രകാരം ചെലവ് ചെയ്യുന്നതിന് അവർക്ക് യഥേഷ്ടാനുമതി അനുവദിച്ചുത്തരവായി.

1. ഗ്രാമപഞ്ചായത്ത് – അഞ്ച് ലക്ഷം രൂപ പരമാവധി, നഗര സഭ – പത്ത് ലക്ഷം രൂപ പരമാവധി, മുനിസിപ്പൽ കോർപ്പറേഷൻ – ഇരുപത്തിയഞ്ച് ലക്ഷം രൂപ പരമാവധി 2. പ്രസ്തുത പരമാവധി തുക തനത് നിധിയിൽ നിന്നോ പരമ്പരാഗത ചുമതലകൾ, ആസ്തികളുടെ/ റോഡിതര ആസ്തികളുടെ സംരക്ഷണം, വികസനവും അഭിവൃദ്ധിപ്പെടുത്തലും തുടങ്ങിയവക്കായുള്ള നിധികളിൽ നിന്നോ പഞ്ചായത്ത് കമ്മിറ്റി/നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം വിനിയോഗിക്കാവുന്നതാണ്. 3. ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. 4. പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന എല്ലാത്തരം പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭ/വാർഡുസഭകളിൽ സമർപ്പിച്ചു ചർച്ച ചെയ്യേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.838/2014/തസ്വഭവ തീയതി 21.03.2014

വരൾച്ച മുൻകരുതൽ നടപടികൾ മാർഗ്ഗ നിർദ്ദേശങ്ങൾ – ഉത്തരവ് പുറപ്പെടുവിച്ചു.

2014ലെ വേനൽകാലത്ത് സംസ്ഥാനം നേരിടാൻ പോകുന്ന കുടിവെള്ള ക്ഷാമവും വരൾച്ചയും മുന്നിൽകണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അതിനോടൊപ്പം താരതമ്യേന ചെറിയ മുതൽ മുടക്കുകൊണ്ടു പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന കുടിവെള്ള പദ്ധതികൾ പ്രാവർത്തികമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക പരിഗണന നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്. സ.ഉ.(സാധാ)നം.839/2014/തസ്വഭവ തീയതി 21.03.2014

കുടുംബശ്രീ പ്രവർത്തകരുടെ സഹകരണം ഉറപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ താഴെപറയുന്ന കാര്യങ്ങളിൽ കുടുംബശ്രീ അംഗങ്ങളെ സഹകരിപ്പിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

1. നികുതി പിരിവുമായി ബന്ധപ്പെട്ട ക്യാമ്പ് കളക്ഷൻ നടത്തുന്ന വേളകളിൽ നോട്ടീസ് വിതരണം നടത്തുന്നതിനും, അനൗൺസ്മെന്റ് നടത്തുന്നതിനും സഹകരിപ്പിക്കുക. 2. ഗ്രാമസഭകളുടെ സംഘാടനം, പ്രചരണം, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. 3. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ആഫീസുമായി ബന്ധപ്പെട്ട അപേക്ഷകൾ തയ്യാറാക്കുന്നതിനും, സേവനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും ഹെൽപ്ഡെസ്ക് ആയി പ്രവർത്തിപ്പിക്കൽ 4. ഗ്രാമപഞ്ചായത്ത് തല ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങളിലും വിവധ കമ്മിറ്റികളിലും സഹകരിപ്പിക്കുക. 5. ഗ്രാമപഞ്ചായത്തുകളിൽ വാർഡടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ആരോഗ്യ ശുചിത്വ സമിതികളുടെ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുക.

മേൽ പ്രവർത്തനത്തിനാവശ്യമായ ചെലവ് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. സ.ഉ.(കൈ)നം.57/2014/തസ്വഭവ തീയതി 19/03/2014

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും ചട്ടങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള അധികാര വിനിയോഗവും കർത്തവ്യ നിർവ്വഹണവും പെരുമാറ്റമര്യാദയും സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 185 (എ) കേരളമുനിസിപ്പാലിറ്റി നിയമത്തിലെ 229 (എ) എന്നീ ചട്ടങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എങ്കിലും പലപ്പോഴും ഇവ ലംഘിക്കപ്പെടുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ കേരളാ പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധം) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു തിരഞ്ഞെടുക്കപ്പെട്ട അധികാരി/ഉദ്യോഗസ്ഥൻ പെരുമാറ്റച്ചട്ടം ലംഘിച്ചതായുള്ള ഏതൊരു പരാതിയും കേരളാ പഞ്ചായത്ത് രാജ് നിയമം 185 (A) വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം/കേരള മുനിസിപ്പാലിറ്റി നിയമം 229 A വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാനു മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് സർക്കുലർ പുറപ്പെടുവിച്ചു. നം.14336/ഇ.എം.1/2014/തസ്വഭവ തീയതി 22.03.2014

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by A.Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) April 2014
Annual Subscription ₹120/-, Published on 20th April 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award
for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed